KOTTAYAM PUBLIC LIBRARY

Call No. MA3 Acc. No. 67281

Author. ചെറിക്കുറി

Title. സന്ദർഭിക കഥ

കൃഷ്ണഗാഥ

# സൗഭദ്രിക കഥ

(അവതാരികയും വ്യാഖ്യാനവുമുൾപ്പടെ)

പ്രസാധകൻ:

പ്രൊഫസർ പി. കുഞ്ഞികൃഷ്ണമേനോൻ എം. ഏ.

സെൻറ് സേവിയേഴ്സ് കോളേജ്,

ആലുവാ.

KOTTAYAM PUBLIC LIBRARY
67281
KOTTAYAM.

NATIONAL BOOK STALL
KOTTAYAM.

Malayalam

SAUBHADRIKAKATHA

Krishnagadha

MA3

Edited by

P. KUNJIKRISHNA MENON

Printed at

Bharat Printers, Alwaye

First Published in 1973

By P. Kunjikrishna Menon

St. Xavier's College, for Women

Alwaye.

Price: Rs. 1-75

# കൃഷ്ണഗാഥ

## കൃഷ്ണഗാഥാകത്താവു്

കാവ്യഗുണംകൊണ്ടു മികച്ചുനില്ക്കുന്ന ഒരു മദ്ധ്യകാല മലയാളകൃതിയാണു് കൃഷ്ണഗാഥ. ആ ബൃഹത്കാവ്യകാരനെ സ്വാധീനിച്ച ജീവിതസാഹചര്യങ്ങളും കാലത്തിൻെറ പ്രേരണകളും തീച്ചയായും കാവ്യത്തെ ബാധിക്കും. അതുകൊണ്ടു് ആദ്യമായി കൃഷ്ണഗാഥയുടെ കത്താവാരെന്നന്വേഷിക്കാം.

ഭാഷാചരിത്രകത്താവായ പി. ഗോവിന്ദപ്പിള്ളയാണു് ആദ്യമായി കൃഷ്ണഗാഥയ്ക്കു് ഒരു ഉടമസ്ഥനെ കണ്ടെത്തിയതു്. ഉത്തരകേരളത്തിലെ കുറുമ്പ്രനാട്ടു താലൂക്കിലെ വടകര എന്ന സ്ഥലത്തുണ്ടായിരുന്ന ചെറുശ്ശേരിയില്ലത്തെ ഒരു നമ്പൂതിരിയാണു് കൃഷ്ണഗാഥയുടെ കത്താവെന്നും അദ്ദേഹം കോലത്തുനാട്ടിലെ രാജാവായിരുന്ന ഉദയവമ്മയുടെ ആശ്രിതനായിരുന്നുവെന്നും ഗോവിന്ദപ്പിള്ള ഭാഷാചരിത്രത്തിൽ രേഖപ്പെടുത്തി. മററു പല കൃതികളുടേയും ജനനത്തിനെപ്പോലെ കൃഷ്ണഗാഥയുടെ പ്രാരവിക്കും ഒരൈതിഹ്യമുദ്ധരിക്കാൻ ഗോവിന്ദപ്പിള്ള മടിച്ചില്ല. രാജാവും നമ്പൂതിരിയും ചതുരംഗം കളിച്ചുകൊണ്ടിരിക്കേ രാജപത്നി കുട്ടിയെ തൊട്ടിലിലിട്ടുറക്കുന്നതിനുള്ള താരാട്ടായി "ഉന്തുന്തു ഉന്തുന്തു ഉന്തുന്തു ഉന്തുന്തു-ഉന്തുന്തു ഉന്തുന്തു ആളെ ഉന്തു" എന്നു പാടിയതുകേട്ടു് ഉദയവമ്മമഹാരാജാവു് 'ആളെ ഉന്തി' കളിയിൽ ജയിച്ചുവെ

ന്നും ആ സന്തോഷംകൊണ്ടു് 'ഉന്തുന്തു' എന്നു തുടങ്ങുന്ന ശീലിൽ ഭാഗവതം ദശമത്തിലെ കഥ പാട്ടാക്കിചമയ്ക്കാൻ ആവശ്യപ്പെട്ടുവെന്നും അങ്ങനെയാണു് കൃഷ്ണഗാഥയുണ്ടായ തെന്നും ഗോവിന്ദപ്പിള്ള പറഞ്ഞിട്ടുണ്ടു്.

ഐതിഹ്യത്തിനു് അതർഹിക്കുന്ന വില കൊടുത്താൽ മതി. എന്നാൽ, ഒരു കാര്യം തീർച്ച: കൃഷ്ണഗാഥാകർത്താവു കോലാധിനാഥനായ ഉദയവർമ്മന്റെ സദസ്യനായിരുന്നു. അതിനുള്ള തെളിവു് പ്രസ്തുതകൃതിയുടെ ആരംഭത്തിലും അവസാനത്തിലും കാണാം.

"പാലാഴിമാതു തൻ പാലിച്ചുപോരുന്ന
കോലാധി നാഥനുദയവർമ്മൻ
ആജ്ഞയെച്ചെയ്കയാലജ്ഞനായുള്ള ഞാൻ
പ്രാജ്ഞനെന്നിങ്ങനെ ഭാവിച്ചിപ്പോൾ"

എന്നിങ്ങനെ 45 മുതൽ ഏതാനും വരികളിൽ ഗാഥാനിർമ്മാണത്തിനുള്ള കാരണം വ്യക്തമാക്കുന്നു.

ആജ്ഞയാ കോലഭൂപസ്യ പ്രാജ്ഞസ്യോദയവർമ്മണഃ
കൃതായാം കൃഷ്ണഗാഥായാം കൃഷ്ണസംഗതിരീരിതാ

എന്നു കൃഷ്ണഗാഥയുടെ അവസാനത്തിലും ആ കാരണം ആവർത്തിച്ചു പറയുന്നു. ഉദയവർമ്മാശ്രിതനായ പ്രസ്തുതകവി ചെറുശ്ശേരിയാണെന്നു് ഇദംപ്രഥമമായി രേഖപ്പെടുത്തിയതു ഗോവിന്ദപ്പിള്ളയാണു്.

ഗോവിന്ദപ്പിള്ളയുടെ അഭിപ്രായത്തെ 'കവനോദയം' 'രസികരഞ്ജിനി' എന്നീ മാസികകൾ ഖണ്ഡിച്ചു് കൃഷ്ണഗാഥാകർത്തൃത്വം പുനഃനനുമതിരിക്കുനല്കാൻ ശ്രമിച്ചു. കവനോദയത്തിലെ വാദമുഖങ്ങൾ മൂന്നാണു്.

1. ചെറുശ്ശേരി എന്നൊരില്ലം ഉത്തരകേരളത്തിലുള്ളതായി അറിവില്ല. 2. ഭാഷാചരിത്രകത്താവു പറയുമ്പമ്പെ ചെറുശ്ശേരി എന്നൊരു കവിയെപ്പററി ആരും അറിഞ്ഞിരുന്നില്ല. 3. ചന്ദ്രോത്സവം എന്ന ശൃംഗാരകാവ്യത്തിൽ പ്രശസ്ത കവികളെ സ്മരിക്കുന്നതിനിടയിൽ ചെറുശ്ശേരിയെ ഉൾപ്പെടുത്തിട്ടില്ല.

ചെറുശ്ശേരി, പൂനം എന്നിങ്ങനെ രണ്ടില്ലങ്ങൾ ഉത്തരകേരളത്തിലുണ്ടായിരുന്നുവെന്നും അവയിലൊന്നു മറെറാന്നിൽ ലയിച്ചുവെന്നും തന്മൂലം ചെറുശ്ശേരി, പൂനം എന്നിവ പര്യായപദങ്ങളായിത്തീൎന്നുവെന്നും സാമൂതിരിപ്പാട്ടിലെ സദസ്സിലെ 'അരക്കവി'യായിരുന്ന പൂനംനമ്പൂതിരിതന്നെയാണു് കൃഷ്ണഗാഥാകത്താവെന്നും രസികരഞ്ജിനി കവനോദയത്തെ കടത്തിവെട്ടി.

ചേരിപ്പാട്ടിനെ (പടപ്പാട്ടു്) ചെറുതാക്കിയതുകൊണ്ടു ചെറുച്ചേരി (ചെറുശ്ശേരി) എന്നു പറഞ്ഞുവന്നതാണെന്നു കുണ്ടൂർ നാരായണമേനോൻ 'ചെറുശ്ശേരി' എന്ന പേരിനു കാരണവും കണ്ടെത്തി. കൃഷ്ണഗാഥാകത്താവു് പൂന്താനംനമ്പൂതിരിയാണെന്നു സി. ഐ. രാമൻനായർ പറഞ്ഞതു് അധികമാളുകൾ അറിഞ്ഞില്ല. തത്തമംഗലത്തു് 'ചെറുശ്ശേരി' എന്നൊരു നായർകുടുംബമുണ്ടു്. അവിടെ കവികളുണ്ടായിട്ടുണ്ടു്. എൻെറ സുഹൃത്തു് ചെറുശ്ശേരി മാധവമേനോൻ കൃഷ്ണഗാഥയ്ക്കൊരു വ്യാഖ്യാനവും തയ്യാറാക്കുന്നുണ്ടായിരുന്നു. കൃഷ്ണഗാഥാകർത്താവു് അദ്ദേഹത്തിൻെറ കുടുംബത്തിൽപ്പെട്ട ആളാണെന്നും കൂടി വാദിക്കാനൊരുക്കമുണ്ടെന്നു് (നേരമ്പോക്കാണെങ്കിലും) അദ്ദേഹം പറയുകയുണ്ടായി.

ഗോവിന്ദപ്പിള്ളയ്ക്കെതിരായി പുറപ്പെട്ട വാദങ്ങളെല്ലാം സമൂലം ഖണ്ഡിച്ചു് കൃഷ്ണഗാഥാകത്താവു് 'ചെറുശ്ശേരി' തന്നെ

യാണെന്നു സമർത്ഥിക്കുന്ന സുദീർഘമായൊരുപന്യാസമെഴുതി ഗവേഷകപണ്ഡിതന്മാരുടെ മുക്തകണ്ഠപ്രശംസയ്ക്കു പാത്രീഭവിച്ച സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ളയുടെ അഭിപ്രായങ്ങളാണ് ഇനി പരിശോധിക്കാനുള്ളതു്. അദ്ദേഹത്തിൻെറ വാദമുഖങ്ങൾ താഴെപ്പറയുന്നു.

1. ഉത്തരകേരളത്തിൽ ചെറുശ്ശേരി എന്നൊരില്ലം ഇപ്പോൾ കാണുന്നില്ലെന്നുള്ള കാരണത്താൽ പണ്ടില്ലായിരുന്നുവെന്നു പറയുന്നതെങ്ങനെ? ടിപ്പുവിൻെറ പടയോട്ടക്കാലത്തു പല നമ്പൂരിയില്ലങ്ങളും തെക്കൻ പ്രദേശങ്ങളിലേയ്ക്കു പലായനംചെയ്തകൂട്ടത്തിൽ ചെറുശ്ശേരിയും പെട്ടുകൂടേ? എമ്പെരുമാൻയോഗം, ഐമ്പെരുമാൻ മുമ്പായയോഗം, ശ്രീരാഘവപുരത്തു സഭായോഗം, ചക്രക്ഷാളനപുരത്തു ബ്രഹ്മസ്വം മഠത്തിൽയോഗം എന്നുതുടങ്ങിയ നമ്പൂതിരിയോഗങ്ങൾ തിരുവിതാംകൂറിലെ തിരുവല്ലാതാലൂക്കിൽ കൂടിയിരുന്നതായും കോലത്തിരി രാജാവു് ഈ യോഗങ്ങളുടെ ആദ്ധ്യക്ഷ്യം വഹിച്ചിരുന്നതായും കോട്ടയം ജില്ലാക്കോടതിയിൽനടന്ന ഒരു കേസ്സിലെ റിക്കാർഡുകൾ തെളിയിക്കുന്നുണ്ടത്രേ.

2. ചെറുശ്ശേരി എന്ന പേരു് ഗോവിന്ദപ്പിള്ളയുടെ കണ്ടുപിടുത്തമാണെന്ന വാദവും അടിസ്ഥാനരഹിതമാണു്. ഭാഷാചരിത്രം പ്രസിദ്ധപ്പെടുത്തിയതിനു വളരെമുമ്പെ 1872-ൽ പ്രസിദ്ധപ്പെടുത്തിയ ഗുണ്ടർട്ടിൻെറ നിഘണ്ടുവിൽ ചെറുശ്ശേരിയെപ്പററിപ്പറഞ്ഞിട്ടുണ്ടു്.

3. ഗോവിന്ദപ്പിള്ളയ്ക്കുമുമ്പു് കൃഷ്ണഗാഥാകർതൃത്വം ആരും ചെറുശ്ശേരിക്കു നല്കീട്ടില്ലെങ്കിൽ വേണ്ടാ, വല്ലവരും അതു് പുനത്തിനു നല്കീട്ടുള്ളതായി തെളിയിക്കാൻ രേഖകളുണ്ടോ?

4. പുനം സാമൂതിരിയുടെ സദസ്യനായിരുന്നു. സാമൂതിരിയും കോലത്തിരി രാജാവുംതമ്മിൽ അക്കാലത്തു വിരോധമായിരുന്നുവെന്നു കേരളചരിത്രം വെളിവാക്കുന്നുണ്ടു്. അങ്ങനെയിരിക്കെ, സാമൂതിരിയുടെ സദസ്യൻ കോലത്തിരിരാജാവിനെ ആശ്രയിക്കാനോ, അദ്ദേഹത്തിൻെറ ആജ്ഞകേട്ടു് ഒരു കാവ്യമെഴുതാനോ ധൈര്യപ്പെട്ടുമോ?

5. പരദേശത്തുനിന്നുവന്ന ഉദ്ദണ്ഡശാസ്ത്രികളെ ജയിക്കാൻവേണ്ടി കോലത്തുനാട്ടുരാജാവിൻെറ സദസ്യനായിരുന്ന പുനംനമ്പൂതിരിയെ സാമൂതിരി കടംവാങ്ങിയതാകാമെന്നു് ഒരു പൂർവ്വപക്ഷമുന്നയിച്ചാൽ അതും സംഗതമാകാൻ നിവൃത്തിയില്ല. ഉദ്ദണ്ഡൻ മഹാസംസ്കൃതപണ്ഡിതനായിരുന്നു. അരക്കവിയായിരുന്ന പുനത്തെക്കൊണ്ടുണ്ടോ ഉദ്ദണ്ഡനെ ജയിക്കാനാകുന്നു?

6. ഇനി ചന്ദ്രോത്സവത്തിൽ ചെറുശ്ശേരിയെ സ്മരിച്ചിട്ടില്ലെന്ന വാദം നോക്കാം. ചന്ദ്രോത്സവത്തിൽ വാല്മീകി, വ്യാസൻ, കാളിദാസൻ, ഭാരവി, മുരാരി, ബാണഭട്ടൻ, പുനം, ശങ്കരൻ എന്നിങ്ങനെ എട്ടു പേരെ വന്ദിക്കുന്നു. പുനവും ശങ്കരനുമൊഴികെയുള്ളവർ സംസ്കൃതകവികളാണല്ലോ. സംസ്കൃതസാഹിത്യത്തിലെ പ്രശസ്തന്മാരെ പലരേയും ഇവിടെ വിട്ടുകളഞ്ഞിട്ടില്ലേ? (ശ്രീഹർഷൻ, മാഘൻ, ഭവഭൂതി, ഭാസൻ എന്നുതുടങ്ങി പലരുമുണ്ടു്.) മലയാളത്തിൽ എഴുത്തച്ഛനെ വിട്ടുകളഞ്ഞതെന്തുകൊണ്ടു്? അഥവാ ചന്ദ്രോത്സവത്തിൽ കാണുന്ന ശങ്കരൻ ചെറുശ്ശേരിതന്നെയായിക്കൂടെന്നുണ്ടോ?

7. ചന്ദ്രോത്സവം മേല്പത്തൂർ നാരായണഭട്ടതിരിയുടെ കൃതിയാണെന്നു ഗോവിന്ദപ്പിള്ളയോടൊപ്പം താനും വിശ്വ

സിക്കുന്നു. ഭട്ടതിരിയും പുനവും സമകാലീനരാണ്. എഴുത്തച്ഛനും സമകാലികൻ തന്നെ. ചന്ദ്രോത്സവം എഴുതിയ കാലത്തുതന്നെ മണിപ്രവാളം നല്ല വളച്ചനേടിക്കഴിഞ്ഞിട്ടുണ്ട്.

മററുമ്മരന്ദമൊഴി വൈകിനക്കുറുദാരം
ശുശ്രാവ ഭാവമധുരഞ്ചമണിപ്രവാളം

എന്ന ചന്ദ്രോത്സവശ്ലോകഭാഗം ഇതിനുതെളിവാണ്. അന്നു ജീവിച്ചിരുന്ന പുനത്തേയും എഴുത്തച്ഛനേയും മാററിനിത്തിയാൽ ഈ ഭാവമധുരമായ മണിപ്രവാളത്തിനു കൃഷ്ണഗാഥയല്ലാതെ മറേറതു കൃതിയുണ്ട്? അപ്പോൾ കൃഷ്ണഗാഥാകർത്തൃത്വം പുനത്തിനുമുമ്പു ജീവിച്ചിരുന്ന ഒരു കവിക്കു നല്കേണ്ടതല്ലേ?

8. ഈ അഭ്യൂഹത്തിനു് ഉപോദ്ബലകങ്ങളായി ഇനിയും തെളിവുകളുണ്ട്. കൃഷ്ണഗാഥയിൽ അങ്കി, നണ്ണി, തിട്ടതി, കഞ്ചൻ, പുകണ്ണു ഇത്യാദി പഴയ ശബ്ദങ്ങൾ ധാരാളമുണ്ട്. എഴുത്തച്ഛനോ പുനമോ ഇത്തരം പദങ്ങൾ അത്ര വളരെ പ്രയോഗിച്ചിട്ടില്ല. അതായതു്, കൃഷ്ണഗാഥയിലെ ഭാഷയ്ക്കു കൂടുതൽ പഴക്കമുണ്ടെന്നു സാരം.

9. കൃഷ്ണഗാഥാകാലത്തു സംസ്കൃതച്ഛന്ദസ്സിൽ മണിപ്രവാളശ്ലോകങ്ങൾ ഉണ്ടാക്കിത്തുടങ്ങിയിരുന്നോ എന്നു തന്നെ സംശയം.

ആജ്ഞയാകോലഭൂപസ്യ
പ്രാജ്ഞസ്യോദയവമ്മണഃ

എന്നു് പേരിനുമാത്രം ഒരു സംസ്കൃതശ്ലോകം അതിലുണ്ട്. അതു് അനുഷ്ടുപ്പ്വൃത്തത്തിലാണ്. പുനത്തിന്റെ കാലത്തു സ്രഗ്ദ്ധര, ശാർദ്ദൂലവിക്രീഡിതം മുതലായ ദീർഘവൃത്ത

ങ്ങൾ തന്നെ പ്രചാരത്തിലായിരിക്കുന്നു. ഇതിനെതിരായി ഉണ്ണുനീലിസന്ദേശത്തെ ആരെങ്കിലും ഉയൎത്തിക്കാണിക്കയാണെങ്കിൽ അതു ദേശഭേദംകൊണ്ടു പഴയതായി തോന്നിക്കുന്നതാണു്; കൃഷ്ണഗാഥയോളം പഴയതല്ല.

10. 'പാഞ്ചാലീസ്വയംവരം' മുതലായി പുനത്തിന്റേതെന്നൂഹിക്കാവുന്ന കൃതികളിലെ ഭാഷയും കൃഷ്ണഗാഥാഭാഷയും തമ്മിൽ പൊരുത്തമില്ല.

11. ചന്ദ്രോത്സവകാലത്തു് യൂറോപ്യന്മാർ കേരളത്തിൽ പ്രവേശിച്ചു കുറെക്കാലം കഴിഞ്ഞിരിക്കുന്നുവെന്നു തെളിയിക്കാൻ വെടി, ഭരണി തുടങ്ങിയ പ്രയോഗങ്ങളുണ്ടു്. കൃഷ്ണഗാഥയിൽ യൂറോപ്യൻചരക്കായി ഒരു 'കുപ്പിവിളക്കു' മാത്രമേ കാണുന്നുള്ളു. അതു മുഹമ്മദീയർ കൊണ്ടുവന്നതാകാനും വിരോധമില്ല. കൃഷ്ണഗാഥാകാലത്തെ പ്രധാന വ്യാപാരം സമീപപ്രദേശങ്ങളുമായിട്ടാണെന്നു തെളിയിക്കാൻ പെന്തുലുക്കൻചേല, പൊന്നെഴുത്തൻചേല, കണ്ടിക്കൻചേല, മാന്തളിർച്ചേല തുടങ്ങിയ പ്രയോഗങ്ങൾ കൃഷ്ണഗാഥയിലുണ്ടു്.

12. മേൽപ്പറഞ്ഞ കാരണങ്ങളാൽ കൃഷ്ണഗാഥാകൎത്താവു് പുനത്തേക്കാൾ പ്രാചീനനാണു്. ആ കവി ചെറുശ്ശേരിയാണെന്നുള്ളതിനു് ഉപോദ്ബലകമായി ചെറുശ്ശേരിഭാരതം എന്നൊരു കൃതിയും കണ്ടുകിട്ടീട്ടുണ്ടു്.

പി. കെ. യുടെ പാണ്ഡിത്യവും നിരൂപണപാടവവും അഭിനന്ദനാൎഹംതന്നെ. എന്നാൽ, കൃഷ്ണഗാഥാകൎത്താവു് ചെറുശ്ശേരിയാണെന്നു സ്ഥാപിക്കാനുള്ള ആവേശത്തിൽ അദ്ദേഹം വിജയിക്കുന്നുണ്ടെങ്കിലും ആവശ്യത്തിലധികം വാദമുഖങ്ങളവതരിപ്പിച്ചു നമ്മെ വിഷമിപ്പിക്കുന്നുണ്ടു്. ചന്ദ്രോത്സവം

മേല്പത്തൂരിൻെറ കൃതിയാണെന്നെങ്ങനെ വിശ്വസിക്കും? ഭക്തനും നാരായണീയകർത്താവും സംസ്കൃതപണ്ഡിതനുമായ മേല്പത്തൂർ പൂന്താനത്തിൻെറ വിഭക്തിശൂന്യമായ കവിത വായിക്കാൻ വിസമ്മതിച്ചതായി കേട്ടിട്ടുണ്ട്. അദ്ദേഹമുണ്ടോ മണിപ്രവാളഭാഷയിൽ ഒരു ശൃംഗാരകാവ്യമെഴുതുന്നു? അതു വിശ്വസിക്കാൻ വയ്യ. ഭാവമധുരമായ മണിപ്രവാളത്തിനു പൂനത്തിൻെറ കാലത്തിനുമുമ്പ് കൃഷ്ണഗാഥയല്ലാതെ മറെറാന്നും അവലംബമില്ലെന്നു പറയുന്നതും സാഹിത്യവിദ്യാർത്ഥികൾക്കു സമ്മതമല്ല. 'ലീലാതിലകം' എന്നൊരു മണിപ്രവാളശാസ്ത്രഗ്രന്ഥംതന്നെ കൃഷ്ണഗാഥയുടെ കാലത്തിനു മുമ്പുണ്ടായിരിക്കുന്നു. പല കൃതികളിൽനിന്നും അതിൽ ശ്ലോകങ്ങളുദ്ധരിച്ചിട്ടുണ്ട്. ഉണ്ണുനീലിസന്ദേശം കൃഷ്ണഗാഥയേക്കാൾ അർവ്വാചീനമാണെന്നു വാദത്തിനുവേണ്ടി സമ്മതിച്ചുകൊടുത്താൽപോലും (ആക്കും സമ്മതമുള്ള കാര്യമല്ല) ലീലാതിലകശ്ലോകങ്ങളെല്ലാം അർവ്വാചീനങ്ങളെന്നു പറയാൻ സാദ്ധ്യമല്ല; ഭാഷയ്ക്കു് കൃഷ്ണഗാഥാഭാഷയേക്കാൾ പഴക്കമുണ്ട്. ലീലാതിലകകാലത്തു് കൃഷ്ണഗാഥ എന്നൊരു കാവ്യമുണ്ടായിട്ടില്ലെന്നും തീർച്ചയാണ്. "ദ്രമിഡസംഘാതാക്ഷരനിബന്ധമെതുകമോനവൃത്തവിശേഷയുക്തംപാട്ടു്" എന്നാണ് ലീലാതിലകാചാര്യൻ പാട്ടിനു നല്കീട്ടുള്ള ലക്ഷണം. രാമചരിതത്തിൽനിന്നു് ഉദാഹരണവും ഉദ്ധരിച്ചിരിക്കുന്നു. കൃഷ്ണഗാഥയും, നിരണം കൃതികളും, എഴുത്തച്ഛൻെറ കൃതികളും മററും 'ദ്രമിഡസംഘാതാക്ഷ'രങ്ങളിൽ ഒതുങ്ങിനിന്നിട്ടില്ല. വസന്തതിലകാദികളിൽ നിന്നു വ്യത്യസ്തമായ വൃത്തവിശേഷങ്ങളായിട്ടുണ്ടു താനും.

സ്രഗ്ദ്ധര, ശാർദ്ദൂലവിക്രീഡിതം തുടങ്ങിയ വൃത്തങ്ങളും ഇതേ കാരണത്താൽ, കൃഷ്ണഗാഥാകാലത്തിനുമുമ്പ് പ്രചുരപ്രചാരങ്ങളായിട്ടുണ്ടെന്നു സിദ്ധിക്കുന്നു. ലീലാതിലകത്തിൽ

ധാരാളം ഉദാഹരണങ്ങളുമുണ്ട്. കൃഷ്ണഗാഥയിൽ ഒരനുഷ്ടുപ്പേ കണ്ടുള്ളുവെന്നുവെച്ച് അതിനേക്കാൾ നീളംകൂടിയ വൃത്തങ്ങൾക്ക് അന്നു പ്രചാരമുണ്ടായിരുന്നില്ലെന്നും മററും പറഞ്ഞാൽ എങ്ങനെ ചിരിക്കാതിരിക്കും? മലയാളകവികളിൽ അധികംപേരും ശ്ലോകങ്ങളേ എഴുതുന്നില്ല. ഇരുപതാംനൂററാണ്ടുവരെ ഭാഷാകവികൾ സംസ്കൃതവൃത്തങ്ങളുപയോഗിച്ചിട്ടില്ലെന്നു് ഒരു നൂറു കൊല്ലം കഴിഞ്ഞു് വല്ല നിരൂപകനും വിധി പ്രസ്താവിച്ചാൽ പരലോകത്തിരിക്കുന്ന നാം കേട്ടു സഹിക്കുകയല്ലാതെ എന്തു ചെയ്യും?

ചന്ദ്രോത്സവത്തിൽ കാണുന്ന 'വെടിയും' 'ഭരണിയും' കൃഷ്ണഗാഥയിലില്ലെന്നുവെച്ച് അക്കാലത്തു് യൂറോപ്യന്മാരോ അവരുടെ ചരക്കുകളോ ഇവിടെ പ്രചാരത്തിലായിരുന്നില്ലെന്നു വാദിക്കുന്നതും ബാലിശമല്ലേ? ജീയുടെ കവിതയിൽ മോട്ടോർകാർ എന്നൊരു വാക്കില്ലെന്ന കാരണത്താൽ ഇന്നു മോട്ടോർകാർ പ്രചാരത്തിലില്ലെന്നു വാദിക്കാൻ തുടങ്ങിയാൽ ആരെങ്കിലും സമ്മതിക്കുമോ? കൃഷ്ണഗാഥ പുനത്തിനു കൊടുക്കാതിരിക്കാൻ 1 മുതൽ 7 വരെയുള്ള വാദങ്ങൾ ധാരാളമായി. അതിനപ്പുറം ബഹളം കൂട്ടണമെന്നില്ല.

കൃഷ്ണഗാഥാകർതൃത്വവാദത്തിൽ ഇരുകക്ഷികളേയും യോജിപ്പിക്കത്തക്കവണ്ണം ഒരഭിപ്രായം ചിറയ്ക്കൽ ടി. ബാലകൃഷ്ണൻ നായർ പറഞ്ഞിട്ടുള്ളതും ഇവിടെ സംഗ്രഹിക്കാം. വടക്കെ മലബാറിൽ കാനത്തൂർ ഗ്രാമത്തിൽ ചെറുശ്ശേരി, പുനം എന്നു് രണ്ടു നമ്പൂതിരിയില്ലങ്ങളുണ്ടായിരുന്നു. ചെറുശ്ശേരിയില്ലത്തുണ്ടായിരുന്ന ഏകപുരുഷസന്തതിയെ പുനത്തിലേക്കു ദത്തുകൊടുത്തു. ആ ബാലൻെറ പേർ ശങ്കരൻ എന്നായിരുന്നു. ശങ്കരൻ നമ്പൂതിരി ആദ്യമെഴുതിയകൃതിയാണ് ഭാരതം. പിന്നീടെഴുതിയതു കൃഷ്ണഗാഥയും. ചിറയ്ക്കൽ കോവിലക

ത്തെ ഗ്രന്ഥപ്പുരയിൽനിന്നു ഭാരതത്തിൻെറ ആറും കൃഷ്ണഗാഥയുടെ ഏഴും താളിയോലഗ്രന്ഥങ്ങൾ അദ്ദേഹത്തിന്നു കിട്ടിയത്രേ. ഭാരതഗ്രന്ഥങ്ങളിന്മേൽ 'പൊനത്തിൽ ശങ്കരസൂരിണാ വിരചിതാഭാരതഗാഥാ' എന്നും കൃഷ്ണഗാഥാഗ്രന്ഥങ്ങളിന്മേൽ പൊനത്തിൽ ശങ്കരൻനമ്പിടി രചിച്ച കൃഷ്ണപ്പാട്ട് എന്നും എഴുതിരിക്കുന്നുവത്രേ. ദത്തെടുത്തതിനടുത്ത കാലത്തു വിരചിച്ചതായതുകൊണ്ടു് ഭാരതത്തെ 'ചെറുശ്ശേരിഭാരതം' എന്നു പറഞ്ഞുവന്നു. ചമ്പൂകർത്താവായ സാക്ഷാൽ പുനം നമ്പൂതിരി ഈ ശങ്കരൻ നമ്പിടിയുടെ മകനായിരുന്നിരിക്കാമെന്നും അദ്ദേഹം ഊഹിക്കുന്നു.

ഈ വാദം സ്വീകരിച്ചാൽ ചെറുശ്ശേരിപക്ഷക്കാൎക്കും പുനംപക്ഷക്കാൎക്കും സമാധാനത്തിനുവകയുണ്ടു്. ചന്ദ്രോത്സവത്തിൽ പറയപ്പെട്ട ശങ്കരൻ കൃഷ്ണഗാഥാകർത്താവാണെന്നും സമാധാനിക്കാം. പക്ഷെ, എല്ലാം അഭ്യൂഹങ്ങളാണെന്നും തെളിവുകളില്ലെന്നും ഓൎക്കേണ്ടതുണ്ടു്. ദത്തിൻെറ കഥതന്നെ എങ്ങിനെ വിശ്വസിക്കും. ഒററയായിശ്ശേഷിച്ച ആൺകുട്ടിയെ മററാരില്ലത്തേയ്ക്കു ദത്തുകൊടുക്കുമെന്നു വിശ്വസിക്കാൻ പ്രയാസമാണെന്നു വടക്കുങ്കൂർ രാജരാജവൎമ്മപറയുന്നു. കൃഷ്ണഗാഥാകർത്താവു് പുനമാണെന്നു് അസന്നിഗ്ദ്ധമായി അഭിപ്രായപ്പെടുന്നു വടക്കുങ്കൂർ. പുനം ഇല്ലത്തുള്ളവർ അങ്ങനെയാണു് ഇപ്പോഴും വിശ്വസിക്കുന്നതു്. "തുഞ്ചത്തെഴുത്തച്ഛൻ കുഞ്ചൻ നമ്പ്യാർ, ഉണ്ണായിവാര്യർ, ഇരയിമ്മൻതമ്പി, അശ്വതിതിരുനാൾ ഇളയമഹാരാജാവു്, പുനം നമ്പൂതിരി, ചന്തുമേനോൻ സബ്ബ്ജഡ്ജി, വെണ്മണിനമ്പൂതിരി, ചാത്തുക്കുട്ടി മന്നാടിയാർ മുതലായ വശ്യവാക്കുകളാൽ പോഷിപ്പിക്കപ്പെട്ട ഭാഷാസാഹിത്യം നിസ്സാരമെന്നു് അജ്ഞന്മാരല്ലാതെ ജല്പിക്കയില്ല"-എന്നു് കേരളവൎമ്മ വലിയകോയിത്തമ്പുരാൻെറ പ്രസംഗസംഗ്രഹത്തിലെ ഒരു വാക്യമുദ്ധരിച്ചു് പുനം എന്ന പ്രയോ

ഗത്തിൽ വിവക്ഷിക്കുന്നതു കൃഷ്ണഗാഥാകർത്താവിനെയാണെന്നു് അദ്ദേഹം സമാധാനിക്കുന്നു. ചന്ദ്രോത്സവകാരനെപ്പോലെ വലിയകോയിത്തമ്പുരാനും ഏതാനും സാഹിത്യകാരന്മാരെ സ്മരിച്ചുവെന്നല്ലാതെ സമഗ്രമായ ഒരു പട്ടികയൊന്നും തയ്യാറാക്കീട്ടില്ല. പൂന്താനം, രാമപുരത്തുവാരിയർ, മഴമംഗലം എന്നു തുടങ്ങി എത്രയോപേരെ തമ്പുരാൻ വിട്ടുകളഞ്ഞു! മാത്രമല്ല, കേരളവർമ്മയെപ്പോലൊരു സംസ്കൃതപണ്ഡിതൻ കൃഷ്ണഗാഥ കണ്ടില്ലെന്നു നടിക്കാനും പുനത്തിന്റെ ചമ്പുക്കൾ കണ്ടു ഭ്രമിക്കാനും വിരോധമില്ല.

ചെറുശ്ശേരി എന്ന പേരു് ഭാരതത്തിന്മേൽ പതിഞ്ഞതും കൃഷ്ണഗാഥയിന്മേൽ പതിയാതിരുന്നതും അഞ്ചോ പത്തോ കൊല്ലത്തിന്റെ വ്യത്യാസംകൊണ്ടാണെന്നു വിശ്വസിക്കുവാനും പ്രയാസമാണു്. രണ്ടും ഒരാളുടെ കൃതിയാണെന്നു സമ്മതിക്കുന്നവരും അല്ലാത്തവരുമുണ്ടു്.

## ചെറുശ്ശേരിഭാരതവും കൃഷ്ണഗാഥയും – കവി ഒരാൾ തന്നെയോ?

'പൊനത്തിൽ ശങ്കരൻനമ്പൂരി'യാൽ വിരചിതമെന്നു രേഖപ്പെടുത്തിയിട്ടുള്ള ഭാരതത്തിന്റെ ആറു താളിയോല ഗ്രന്ഥങ്ങൾ ബാലകൃഷ്ണൻനായർ കണ്ടു. അതൊക്കെ ചെറുശ്ശേരിഭാരതമാണുതാനും. അഥവാ ചെറുശ്ശേരിയുടെ പേർ ഭാരതത്തോടു് അത്രമാത്രം ഒട്ടിച്ചേർന്നിരിക്കുന്നു; കൃഷ്ണഗാഥയാകട്ടെ, ചെറുശ്ശേരികൃതിയാണെന്നു സ്ഥാപിക്കുകയും ചെയ്തല്ലോ. ഇങ്ങനെയൊക്കെയാണെങ്കിലും രണ്ടും ഒരാളുടെ കൃതിയാണെന്നു സമ്മതിക്കാത്തവരുണ്ടു്. അവരുടെ വാദമുഖങ്ങൾ: 1. കാവ്യഗുണവിഷയത്തിൽ ചെറുശ്ശേരിഭാരതം കൃഷ്ണഗാഥയേക്കാൾ തുലോം താഴ്ന്നുനില്ക്കുന്നു. 2. ഭാഷാപരമായ ചില വൈകല്യങ്ങൾ ഭാരതത്തിൽ കടന്നുകൂടിയി

ട്ടുണ്ടു്. 3. കൃഷ്ണഗാഥപോലെ അലങ്കാരസുന്ദരമല്ല ചെറുശ്ശേരിഭാരതം. 4. ഭാരതത്തിൽ കഥാഭേദഗതികളും അപശബ്ദങ്ങളും കാണുന്നു.

ഈ എതിർവാദങ്ങൾക്കും ശ്രീ. പി. കെ. നാരായണപിള്ള മറുപടി പറയുന്നു: 1. ഒരു കവിയുടെ എല്ലാ കൃതികളും തുല്യഗുണങ്ങളാകണമെന്നില്ലല്ലോ! ശാകുന്തളത്തിന്റെ ഗുണം മററു കാളിദാസകൃതികൾക്കില്ല. ഉത്തരരാമചരിതത്തിന്റെ മെച്ചം ഭവഭൂതിയുടെ ഇതര കൃതികൾക്കില്ല. 2. ഭാഷാപരമായ വൈകല്യങ്ങൾ ഗ്രന്ഥം പകർത്തിയവർ വരുത്തിയതാവാം. (അഥവാ ആദ്യകാലകൃതിയായതുകൊണ്ടും വരാമല്ലോ!) 3. കൃഷ്ണഗാഥ ഭാഗവതം ദശമസ്കന്ധത്തെ കവിതാപരമായി വികസിപ്പിച്ചതും ഭാരതം അതിവിസ്തൃതമായ കഥ സംഗ്രഹിച്ചതുമാണു്. സംഗ്രഹണമായതുകൊണ്ടു് അലങ്കാരങ്ങൾ പ്രയോഗിക്കുന്നിടത്തു നിയന്ത്രണം വേണ്ടിവന്നു. 4. അപശബ്ദങ്ങൾ പകർത്തിയെഴുതിയവർ വരുത്തിയതാവാം. കഥാഭേദഗതികൾ നമ്പൂരിസഹജമായ ചാപലത്തിന്റെ ഫലമാണെന്നും സമാധാനിക്കാം. കേരളസ്ത്രീകൾക്കു പാതിവ്രത്യം വേണ്ടാ, കേരളത്തിലെ രാജകുടുംബങ്ങളിൽ നമ്പൂരിമാർക്കു സംബന്ധമാവാം എന്നൊക്കെപ്പറഞ്ഞിട്ടുള്ളതു് ഈ ചാപല്യത്തിനു ദൃഷ്ടാന്തമാണു്.

ഇനി രണ്ടു കൃതികളും ഒരേ കവിയുടേതാണെന്നു സ്ഥാപിക്കാൻ സഹായമായിട്ടുള്ള മററു തെളിവുകളും ഉണ്ടു്. 1. കൃഷ്ണഗാഥയിലെന്നപോലെ ഭാരതം ഗാഥയിലും കോലാധിനാഥനായ ഉദയവർമ്മരാജാവിനെ സ്മരിക്കുന്നു. അതു് ആരംഭത്തിൽ മലയാളത്തിലും അവസാനത്തിൽ സംസ്കൃതത്തിലുമാക്കിട്ടുള്ളതിലും സാമ്യം കാണുന്നു. 2. രണ്ടു കൃതികളും മഞ്ജരിവൃത്തത്തിലാണെന്നതും സമാനകർത്തൃത്വം സംശ

യിക്കുന്നതിനു സഹായകമാണു്. 3. ഭാഷാലാളിത്യസാദൃശ്യവും ശ്രദ്ധേയമാണു്. 4. കൃഷ്ണഗാഥപോലെ അലങ്കാരബഹുലമല്ലെങ്കിലും ഭാരതംഗാഥ അലങ്കാരത്തിൽ ഒട്ടും ദരിദ്രമല്ല; ഉള്ളവ പലതും പരിശോധിച്ചാൽ കൃഷ്ണഗാഥയോടു സാദൃശ്യവും തോന്നും. ഒന്നുരണ്ടുദാഹരണങ്ങളുദ്ധരിക്കാം. ഖാണ്ഡവദാഹത്തെക്കുറിച്ചു ഭാരതത്തിലും കൃഷ്ണഗാഥയിലും കാണുന്ന അലങ്കാരങ്ങൾ തട്ടിച്ചുനോക്കിയാൽ മതി.

"മേളത്തിൽ പൂണുന്ന പാവകദേവനു
കാളം വിളിക്കുന്നതെന്നപോലെ
കേകികൾ മുമ്പായ ഖേചരവൃന്ദവും
മാഴ്കിത്തളൎന്നങ്ങു കൂകിനിന്നു."

വേവുന്ന കാവുകൾ വേദന പോക്കുവാൻ
ദേവകൾകോനുടെ ചൊല്ലിനാലെ
തള്ളിയെഴുന്നൊരു വൈരിയെ വെല്ലുവാൻ
വെള്ളാന വന്നു നിരന്നപോലെ.
വണ്ണം തിരണ്ടുള്ളോരാനകളെല്ലാമേ
വെണ്ണീറായ് കാണായിതോരോദിക്കിൽ

(ഭാരതഗാഥ)

ഭീമങ്ങളായുള്ള ധൂമങ്ങളന്നേരം
വ്യോമത്തിലെങ്ങുമേ പൊങ്ങിനിന്നു
നാഗത്തിൽച്ചെന്നങ്ങു വാസവന്തന്നോടു
വേഗത്തിൽ ചൊല്ലുവാനെന്നപോലെ.

ഈയാശയം എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം സുന്ദരകാണ്ഡത്തിലെ ലങ്കാദഹനവൎണ്ണനയിലും ഉണ്ടു്.

വിബുധപതിയോടു നിശിചരാലയം വെന്തൊരു
വൃത്താന്തമെല്ലാമറിയിച്ചുകൊള്ളുവാൻ
അഹമഹവികാധിയാ പാവകജ്ജ്വാലക—
ളംബരത്തോളമുയൎന്നുചെന്നൂമുദാ.

(അദ്ധ്യാത്മരാമായണം)

ഘോരങ്ങളായുള്ള സിംഹങ്ങളെല്ലാമേ
പാരം കരഞ്ഞുതുടങ്ങീതപ്പോൾ
വാനിലിരുന്നൊരു വാസവന്തന്നെയി—
ക്കാനനംനിന്നു വിളിക്കുമ്പോലെ.

(കൃഷ്ണഗാഥ)

ഇതിനെത്തുടൎന്നു് ഏറെക്കുറെ നിയന്ത്രണമില്ലാത്തമട്ടിൽ അലങ്കാരങ്ങൾ വൎഷിക്കുന്നുണ്ടു് കൃഷ്ണഗാഥയിൽ. ചെറുശ്ശേരി ഭാരതത്തിൽ അത്രയേറെ സൗകൎയ്യം ലഭിച്ചില്ലെങ്കിലും കുറെയൊക്കെസാധിച്ചു. എഴുത്തച്ഛന്റെ ഭാരതത്തിലാകട്ടേ ഇതേ സന്ദൎഭത്തിൽ അലങ്കാരങ്ങൾ ചെറുശ്ശേരിഭാരതത്തിലേതിനേക്കാൾ കുറവാണു്.

ഇവിടെ ഉദാഹരിച്ച വരികളിലെ ഭാഷാസാദൃശ്യവും സമാനകൎത്തൃത്വം സംശയിക്കുന്നതിനു് ഉപോദ്ബലകമാണു്. പൂണുക, നണ്ണുക, പെണ്ണുക, ഞായം, തിട്ടതി, പട്ടാങ്ങു്, മേളം ആദിയായി കൃഷ്ണഗാഥാകാരനു വളരെ പ്രിയപ്പെട്ട പദങ്ങളൊക്കെ ചെറുശ്ശേരഭാരതത്തിലും ധാരാളം കാണുന്നു.

മൂലകഥയിൽനിന്നുള്ള വ്യതിയാനങ്ങളിലും കൃഷ്ണഗാഥയും ചെറുശ്ശേരിഭാരതവും യോജിക്കുന്നുണ്ടു്. ഖാണ്ഡവദാഹത്തിനുമുമ്പായി അഗ്നിവേഷപ്രച്ഛന്നനായിച്ചെന്നു് അൎജ്ജുനനെ സമീപിക്കുന്നതും പരമാൎത്ഥമറിയാതെ അൎജ്ജുനൻ സഹായവാഗ്ദത്തം ചെയ്യുന്നതും ഇതിനുദാഹരണമാണു്.

കൃഷ്ണഗാഥാകാരന്റെ ഫലിതതല്പരതയ്ക്കും ചെറുശ്ശേരിഭാരതത്തിൽ സദൃശോദാഹരണങ്ങളുണ്ടു്. കീചകവധം ഭാഗത്തിൽനിന്നു് ഒരുദാഹരണംചേൎക്കാം. കീചകൻ ഭീമനെച്ചെന്നു് ആലിംഗനംചെയ്തു. എന്നിട്ടു്

"എന്നുടെ ജീവനും നിന്നുടെ കയ്യിലു—
മെന്നങ്ങു ചൊല്ലിപ്പുണന്നുനേരെ
കൊങ്കകൾ കാണാഞ്ഞിട്ടെന്തിതെന്നിങ്ങനെ
ശങ്കിച്ചുനിന്നുതാനോക്കുന്നേരം
ചീത്തുനിന്നീടുന്നദോ: സ്ഥലംകൊണ്ടങ്ങു
ചേത്തുഞെരിച്ചൊരുപിണ്ഡമാക്കി
വാദ്യവും താളവും കൂടാതെ നല്ലൊരു
കൂത്തു കഴിച്ചാനപ്പാചകൻ താൻ.

കീഴ്‌വരയിട്ട സ്ഥലത്തെ നമ്പൂരിത്തവും ഒട്ടവിലത്തെ ഈരടിയിലെ ഫലിതവും സമാനകർത്തൃത്വത്തിനു തെളിവു കളല്ലേ?

## കൃഷ്ണഗാഥയുടെ കാലം

കാലം കവിയേയും കവി കാലത്തേയും സ്വാധീനിക്കും. ചുററുപാടുകളിൽനിന്നൊഴിഞ്ഞുമാറാൻ സാഹിത്യകാരനു സാദ്ധ്യമല്ല. അതുകൊണ്ടു് ഏതൊരു കവിതയും, അതു ജനിച്ച കാലത്തിൻെറ പശ്ചാത്തലത്തോടു ചേത്തുവച്ചിട്ടേ പഠിക്കാൻ പററുള്ളു. കൃഷ്ണഗാഥാകത്താവു പുനമല്ല; പുനത്തേക്കാൾ പ്രാചീനനാണു്; കോലത്തുനാട്ടിലെ ഉദയവമ്മരാജാവിൻെറ സദസ്യനായിരുന്നു.—ഇതൊക്കെയാണു് നാം പരിശോധിച്ചു തീരുമാനിച്ചതു്.

ഈ തീരുമാനങ്ങളുടെ വെളിച്ചത്തിൽ നമുക്കു കൃഷ്ണഗാഥാകത്താവായ ചെറുശ്ശേരിയുടെ കാലം നിർണ്ണയിക്കാം. കൃഷ്ണഗാഥ കൊല്ലവഷം 650-750 കാലത്തുണ്ടായകൃതിയാണെന്നു ഭാഷാചരിത്രകത്താവു പി. ഗോവിന്ദപ്പിള്ള പറഞ്ഞതിനോടു പി. കെ. നാരായണപിള്ളയും യോജിക്കുന്നു. എന്നാൽ, കൃഷ്ണഗാഥാകത്താവു പുനംനമ്പൂതിരിയാണെന്നു വാദിക്കുന്നവക്കു് അവരുടേതായ അഭിപ്രായം വേറെയുണ്ടു്.

സാമൂതിരിയുടെ പതിനെട്ടരക്കവിസദസ്സിലെ അംഗമായിരുന്നു പുനം. തന്ത്രസമുച്ചയം എന്ന ഗ്രന്ഥത്തിൻെറ കത്താവായ ചേന്നാസ്സുനമ്പൂതിരി അദ്ദേഹത്തിൻെറ സമകാലികനായിരുന്നു. തന്ത്രസമുച്ചയത്തിൽ നിമ്മാണകാലം സൂചിപ്പിക്കുന്ന കലിദിനസംഖ്യയുണ്ട്. അതു കൊല്ലവഷം 604നോടിണങ്ങും. അതുകൊണ്ട് കൃഷ്ണഗാഥയുടെ കാലം 550നും 620നും മദ്ധ്യേയാണെന്നൂഹിക്കാം.

കൃഷ്ണഗാഥാകത്താവ് ചെറുശ്ശേരിഇല്ലത്തു ജനിച്ച് പുനം ഇല്ലത്തേയ്ക്കു ദത്തെടുക്കപ്പെട്ട 'പുനത്തിൽ ശങ്കരൻനമ്പിടി'യാണെന്ന് അഭിപ്രായപ്പെടുന്ന ചിറയ്ക്കൽ ടി. ബാലകൃഷ്ണൻനായർക്ക് ഗാഥാകത്താവിൻെറ കാലം നിണ്ണയിക്കാനും ഒരു ഗ്രന്ഥവരി ചിറയ്ക്കൽ കോവിലകത്തുനിന്നു കിട്ടീട്ടുണ്ട്. കോലത്തിരിരാജാവ് പുനത്തിൽ ശങ്കരൻനമ്പിടിക്കു കൊല്ലവഷം 629-ൽ ഒരു വീരശൃംഖല സമ്മാനിച്ചതായി ഗ്രന്ഥവരിയിൽ പറഞ്ഞിട്ടുണ്ടത്രേ. ആ കോലത്തിരിരാജാവ് 621 മുതൽ 640 വരെ വാണ ഉദയവമ്മയാണെന്നും ബാലകൃഷ്ണൻനായർ പറയുന്നു. അങ്ങനെ, കൃഷ്ണഗാഥാകത്താവിൻെറ കാലം 600നും 650നും ഇടയ്ക്കാണെന്ന നിഗമനത്തിലെത്തിച്ചേരുന്നു.

ലീലാതിലകത്തിനുശേഷവും (കൊ. വ. 650ന്) ചമ്പുക്കളിൽ പലതിനും മുമ്പുമാണ് കൃഷ്ണഗാഥാകാരൻ ജീവിച്ചിരുന്നതെന്നു വിശ്വസിക്കുന്നു ആററൂർ കൃഷ്ണപിഷാരടി. ആർ. നാരായണപ്പണിക്കരാകട്ടെ, ഗോവിന്ദപ്പിള്ളയുടെ അഭിപ്രായംതന്നെ പിൻതാങ്ങുന്നു. ചുരുക്കിപ്പറഞ്ഞാൽ, 550 മുതൽ 750 വരെയുള്ള രണ്ടു നൂററാണ്ടുകൾ കൃഷ്ണഗാഥാകാരനു വേണ്ടി ഒഴിഞ്ഞുകൊടുക്കേണ്ടിവരുന്നു. ഇതു കുറെ നീണ്ടുപോകുന്നതിനാൽ ക്രിസ്ത്വബ്ദം പതിനഞ്ചാം നൂററാണ്ടിൻെറ പാശ്ചാദ്ഘട്ടത്തിനും പതിനാറാം നൂററാണ്ടിൻെറ

പ്രാരംഭഘട്ടത്തിനുമിടയ്ക്കു ജീവിച്ചിരുന്ന കവിയാണു് കൃഷ്ണഗാഥാകാരനെന്നു നാം വിശ്വസിക്കുക.

## കൃഷ്ണഗാഥാകാരൻെറ മഹത്വം

ഗാഥാകാരൻെറ മഹത്വം ബോദ്ധ്യപ്പെടണമെങ്കിൽ ആ കാലഘട്ടത്തിലെ സാഹിത്യത്തിലേക്കൊന്നു തിരിഞ്ഞുനോക്കണം. ആശയദരിദ്രങ്ങളും അബദ്ധജടിലങ്ങളുമായ കുറെ നാടോടിപ്പാട്ടുകളായിരുന്നു സമുദായത്തിലെ ബഹുഭൂരിപക്ഷക്കാരായ സാധാരണക്കാർക്കവലംബം. 'ത്രൈവർണ്ണികർ' 'ഉൽകൃഷ്ടർ' എന്നൊക്കെ ലീലാതിലകകാരൻ വിശേഷിപ്പിക്കുന്ന ഉന്നതസ്ഥന്മാർക്കു രസിക്കാൻ കുറെ മണിപ്രവാളകൃതികളുണ്ടായിരുന്നു. അവയുടെ ഉള്ളടക്കം കാവ്യസമ്പന്നമായിരുന്നെങ്കിലും മനുഷ്യൻെറ സന്മാർഗ്ഗബോധത്തിനു് ഇടിച്ചിലുണ്ടാക്കാൻ പ്രോത്സാഹനം നല്കുമെന്നു ബോദ്ധ്യപ്പെടാൻ ലീലാതിലകത്തിലെ ഉദാഹരണശ്ലോകങ്ങൾ നോക്കിയാൽ മതി. ഇനിയവശേഷിക്കുന്നതു 'രാമചരിത'ത്തെപ്പോലെ തമിഴിൻെറ ചേരിപിടിച്ചുള്ള കൃതികളാണു്. അതു സാധാരണക്കാരനെ സമീപിച്ചിരുന്നതായിക്കരുതാൻ നിവൃത്തിയില്ല; ഉന്നതസ്ഥന്മാരൊട്ടു താലോലിക്കയുമുണ്ടായില്ല. അങ്ങനെ കാമ്പില്ലാത്ത നാടോടിപ്പാട്ടുകൾ, ആരും തുണയില്ലാത്ത തമിഴ്ച്ചേരിയിൽപ്പെട്ട പാട്ടുകൾ, ഉപരിതലപരിലാളനയ്ക്കു വിധേയമെങ്കിലും വഴി പിഴച്ചുപോയ മണിപ്രവാളം എന്നിങ്ങനെ മൂന്നു കൈവഴികളിൽക്കൂടിസ്സഞ്ചരിച്ചിരുന്നു മലയാളസാഹിത്യം.

ഈ കാലഘട്ടത്തിലാണു് കൈരളിക്കു കാൽ പതറാതെ കുതിച്ചു മുമ്പോട്ടുപോകാൻ പററിയ പുതിയൊരു പാത വെട്ടിത്തുറന്നു് കൃഷ്ണഗാഥാകാരൻ പണ്ഡിതരേയും പാമരരേയും അങ്ങോട്ടു മാടിവിളിച്ചതു്. ലീലാതിലകകാരൻ 'ഉത്തമം'

എന്നു വിശേഷിപ്പിച്ചിട്ടുള്ള 'ഭാഷാരസപ്രധാന'മായ മണിപ്രവാളശൈലിയവലംബിച്ച് പണ്ഡിതന്മാക്കെന്നപോലെ പഠിപ്പുകുറഞ്ഞവക്കും പാടി രസിക്കാൻ പററിയ 'വൃത്തവിശേഷ'ത്തെയവലംബിച്ച് അത്യുൽകൃഷ്ടമായ ആശയങ്ങൾ പദ്യത്തിൽക്കൂടി പകൻറുകൊടുക്കുകയാണു് ആ മഹാശയൻ ചെയ്തതു്. ഏവക്കും മനസ്സിലാകാവുന്ന ഭാഷയിലും നല്ല കവിതയെഴുതാൻ കഴിയുമെന്നു കാട്ടിത്തന്നു കൃഷ്ണഗാഥാകത്താവു്. അങ്ങനെ മലയാളഭാഷയുടെ ശേഷി വെളിപ്പെടുത്തി അനന്തരഗാമികൾക്കു അനുകരണീയനായിത്തീൻറു ചെറുശ്ശേരി.

'ശൂദ്രം അക്ഷരസംയുക്തം ദൂരത: പരിവജ്ജയേൽ' എന്നു് ശഠിച്ചിരുന്നവരാണു് അന്നത്തെ ത്രൈവണ്ണികർ. ഇവിടെ 'അക്ഷര' ശബ്ദംകൊണ്ടു വിവക്ഷിച്ചിരുന്നതു സംസ്കൃതമാണെങ്കിലും അതിൻെറ പൊരുളെന്തായിരുന്നു? സംസ്കൃതം ഉൾക്കൊള്ളുന്ന വേദപുരാണേതിഹാസഗ്രന്ഥങ്ങളൊന്നും ശൂദ്രനു പരിചയപ്പെട്ടുത്തിക്കൂടാ; അവനു ജ്ഞാനോപദേശമോ ഭക്തിമാർഗ്ഗോപദേശമോ നല്കിക്കൂടാ—ഈ സിദ്ധാന്തം അവർ വള്ളിപുള്ളി പിഴയ്ക്കാതെ പാലിച്ചുപോന്നതുകൊണ്ടല്ലേ 'മണിപ്രവാള'കൃതികൾ പൊതുവെ പുരാണേതിഹാസാദികളെ ഉപജീവിക്കാതെ ഒഴിഞ്ഞുമാറിനിന്നതു്? ഈ അന്യായമായ വെറുമ്പിടിത്തത്തിനു വഴങ്ങിക്കൊടുക്കാതെ ഭാഗവതം ദശമസ്കന്ധത്തിലെ ഉള്ളടക്കം ഗാഥാരൂപത്തിലാക്കാൻ മുതിർന്നതു് ത്രൈവണ്ണികരുടെ കൂട്ടത്തിൽ അത്യുന്നതപദവിയിലിരുന്ന ഒരു നമ്പൂതിരിയാണെന്നു വരുമ്പോൾ നാം അദ്ദേഹത്തെ പൂവിട്ടു പൂജിച്ചാലും അധികമാകയില്ല. മാമൂലുകളെ സധീരം ലംഘിച്ച ഒരു മനുഷ്യപ്രേമിയാണു് ചെറുശ്ശേരി. അദ്ദേഹം കേരളസാഹിത്യകാരന്മാരുടെ കൂട്ടത്തിൽ ഒരു വിപ്ലവകാരിയാണെന്നത്ഥം.

ഈ വിപ്ലവത്തിൻെറ പിന്നിൽ ആത്ഥികമോ സ്വാത്ഥപരമോ ആയ വല്ല ലക്ഷ്യവുമുണ്ടായിരുന്നോ? ആലോചിച്ചുനോക്കീട്ട യാതൊന്നും കാണുന്നില്ല. ശൂദ്രസമുദായത്തോട്ട് ഒരു കടപ്പാട്ടം ചെറുശ്ശേരിക്കുണ്ടായിരുന്നില്ല. അദ്ദേഹം നമ്പൂതിരിയാണു്; കോലത്തുനാട്ടരാജാവിൻെറ സദസ്യനും. മററാരേയും ആശ്രയിക്കാതെ ജീവിക്കാൻവേണ്ട ചുററുപാട്ടണ്ടായിരുന്നുവെന്നു തീച്ചയാണല്ലോ! ഗ്രന്ഥപ്രസിദ്ധീകരണംകൊണ്ട പണം സമ്പാദിക്കുന്ന സമ്പ്രദായമൊന്നും അക്കാലത്തുണ്ടായിരുന്നില്ലതാനും. "കോലാധിനാഥനുദയവമ്മൻ ആജ്ഞയെച്ചെയ്തതു"കൊണ്ടാണു് കൃഷ്ണഗാഥയുണ്ടാക്കിയതെന്നു കവി പറയുന്നതു ഞാൻ മറച്ചുവെയ്ക്കുന്നില്ല. പക്ഷേ, പരപ്രേരണയേക്കാൾക്കുടുതലായി സ്വാനുഭവത്തിൻേറതായ ആത്മാത്ഥതയാണു് കൃഷ്ണഗാഥയിൽ കാണുന്നതു്. അതുകൊണ്ട് ചെറുശ്ശേരിയുടെ കവിതാസംരംഭത്തിനു ആത്ഥികലക്ഷ്യമോ, പരപ്രേരണയോ നിമിത്തമായിരുന്നില്ല. മഹാശയനായ ആ കവി മനുഷ്യനെ ജ്ഞാനിയും ഭക്തനുമാക്കിത്തീക്കാനാഗ്രഹിച്ചു. സാന്മാഗ്ഗികമായി അധഃപതനത്തിൻെറ അടിത്തട്ടിലെത്തീട്ടുണ്ടായിരുന്ന കേരളത്തിലെ ബഹുഭൂരിപക്ഷത്തെ ശുദ്ധീകരിച്ചെടുക്കണമെന്ന മഹത്തായ ലക്ഷ്യമേ കവിക്കുണ്ടായിരുന്നുള്ളൂ. അതോക്കുമ്പോൾ നാം ചെറുശ്ശേരിയെ എത്ര ബഹുമാനിച്ചാലും അധികമാകുന്നില്ല.

ഒരു കാര്യംകൂടി. കാലത്തിൻെറ നെടുവീപ്പിനുരൂപം കൊടുക്കാനും നാടിൻെറ നന്മയ്ക്കുവേണ്ടി പ്രവത്തിക്കുവാനും കടപ്പെട്ടവനാണു് കവി. ചെറുശ്ശേരിയുടെ സംഭാവന ഈ നിലയ്ക്കും വിലയേറിയതാണു്. മുഹമ്മദീയരാജാക്കന്മാർ ചിലർ ഇന്ത്യയാസകലം ഇസ്ലാംമതം പ്രചരിപ്പിക്കുവാനുള്ള വെമ്പലോടെ ഹൈന്ദവസ്ഥാപനങ്ങൾ നശിപ്പിക്കുന്ന സംരംഭം ഒരു വശത്തു്. ഒരു കയ്യിൽ കുരിശും മററെ കയ്യിൽ വാളുമേന്തി

അക്രമമാർഗ്ഗങ്ങളുപയോഗിച്ച ക്രിസ്തുമതം പ്രചരിപ്പിക്കാൻ ബദ്ധപ്പെട്ട പോർച്ചുഗീസുകാർ മറുവശത്തു"—ഈ സമ്മർദ്ദങ്ങൾക്കിടയിൽ ഭാരതീയ പാരമ്പര്യങ്ങളെ പരിരക്ഷിക്കേണ്ടതു കാലോചിതമായ ആവശ്യമായിരുന്നു. കൃഷ്ണകഥയിൽക്കൂടി ബഹുഭൂരിപക്ഷം ജനതയെ ഹൈന്ദവധർമ്മത്തിലേക്കാകർഷിച്ച് കൃതകൃത്യനായി ചെറുശ്ശേരി—മഹാശയനായ ആ കവിയെ മുക്തകണ്ഠം പ്രശംസിച്ചാലും അധികപ്പററാകയില്ല.

## കഥാവസ്തു

ഭാഗവതം ദശമസ്കന്ധത്തിലെ ആദ്ധ്യാത്മികപ്രബോധനങ്ങൾ കഴിയുന്നത്ര കുറച്ച്, കവിതാംശത്തിനു കൂടുതൽ പ്രാധാന്യം നല്കി, ആക്കും വായിച്ചു രസിക്കാൻ പാകത്തിലാണു് കൃഷ്ണഗാഥയെഴുതീട്ടുള്ളതു്. കൃഷ്ണൻെറ ലീലാവിനോദങ്ങളിൽകൂടി ജനതയെ ആകർഷിക്കുവാനാണു് കവി മുഖ്യമായി ശ്രമിച്ചതു്. വേദാന്തതത്വചിന്തയോടു വെറുപ്പുതോന്നീട്ടാണോ കവി ഇങ്ങനെ ചെയ്തതു്? ഒരിക്കലുമല്ല. പക്ഷെ, കേവലം നാടോടിപ്പാട്ടുകളിൽ കഴിഞ്ഞുകൂടിയിരുന്ന സാമാന്യ ജനതയെ വേദാന്തതത്വചിന്തയിലേയ്ക്കു പാകപ്പെടുത്തിയെടുക്കാൻ പെട്ടെന്നു സാദ്ധ്യമല്ല; ജനങ്ങൾ പരിചയിച്ച പന്ഥാവിൽക്കൂടിത്തന്നെ അവരെ നല്ല വഴിക്കു നയിക്കണം. അതാണു് എളുപ്പവും ബുദ്ധിപൂർവ്വവുമായ മാർഗ്ഗം. തത്വബോധനംകൊണ്ടു ജനങ്ങളെ വീർപ്പുമുട്ടിക്കാതെ അവിടവിടെ സൂചിപ്പിക്കുകമാത്രം ചെയ്തു് ആ രംഗത്തിലേയ്ക്കു് പതുക്കെപ്പതുക്കെ ആകർഷിച്ചുകൊണ്ടുവരുവാനാണു് ചെറുശ്ശേരി യത്നിച്ചതു്. കവി പണിതുണ്ടാക്കിയ ഈ അടിത്തറയാണു് പിന്നീടു് എഴുത്തച്ഛൻ, പൂന്താനം തുടങ്ങിയവർക്കു തങ്ങളുടേതായ തത്വചിന്താസൌധങ്ങളുടെ നിർമ്മാണത്തിനു പ്രയോജനപ്പെട്ടതു്.

കഥാബോധനത്തിൽ കവി കൈക്കൊണ്ട ഈ സ്വാതന്ത്ര്യത്തിൻെറ ഫലമായി പലേടത്തും പൊടിപ്പും തൊങ്ങലും

കാണുന്നു. ഏതാനും ഉദാഹരണങ്ങൾ സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

കാത്യായനിയുടെ കേശാദിപാദവർണ്ണനയിൽ സൗന്ദര്യലഹരിയിലെ ഒരു ശ്ലോകത്തിന്റെ പരാവർത്തനം കാണുന്നു. രാസക്രീഡയിൽ വൃന്ദാവനത്തിലെ മന്മഥവിക്രിയകൾ വർണ്ണിക്കുന്നിടത്തു കുമാരസംഭവം മൂന്നാം സർഗ്ഗത്തിലെ ആശയങ്ങൾ പ്രതിബിംബിക്കുന്നു. രുക്മിണീസ്വയംവരഭാഗത്തിലെ രുക്മിണീവർണ്ണനക്കു വിക്രമോർവ്വശീയം നാടകത്തിലെ ഉർവ്വശീവർണ്ണനയോടുള്ള സാദൃശ്യം. ഇങ്ങനെ കുമാരസംഭവം, രഘുവംശം, വിക്രമോർവ്വശീയം, അനർഘരാഘവം ആദിയായ സംസ്കൃതകൃതികളുടെ നിഴലാട്ടം അവിടവിടെ കാണുന്നതിലെല്ലാം കവിയുടെ സ്വതന്ത്രമുദ്രയുംകൂടി പതിഞ്ഞിട്ടുള്ളതിനാൽ അവയൊന്നും അനുകരണങ്ങളായിതോന്നുന്നില്ല. ആശയങ്ങളുടെ ഇത്തരം നിഴലാട്ടം ഏതു മഹാകവിയുടെ കൃതിയിലും കാണാവുന്നതാണു്.

## ചെറുശ്ശേരി ഭക്തിമാർഗ്ഗപ്രചാരകൻ

നായികമാരുടെ അംഗലാവണ്യം നോക്കിക്കണ്ടു കലവറകൂടാതെ വർണ്ണിച്ചു കൃതകൃത്യതകൈക്കൊള്ളുന്ന കൃഷ്ണഗാഥാകർത്താവു് ഭക്തിമാർഗ്ഗപ്രചാരകനാണെന്നു പറഞ്ഞാൽ പലരും എതിർത്തേക്കാം. അവരോടു് ഒന്നേ പറയാനുള്ളു. ഞണ്ടും ഞവുണിക്കയും സുലഭമായുള്ള സാഗരത്തിൽ വിലപിടിച്ച മുത്തുകളും ധാരാളമുണ്ടു്. അതുകൊണ്ടുതന്നെയാണു് സമുദ്രത്തെ രത്നാകരം എന്നു വിളിക്കുന്നതും. സ്ത്രീവർണ്ണനയും അശ്ലീലശൃംഗാരവുമില്ലാത്ത ഒരു കൃതിയും സാഹിത്യമാവില്ലെന്നു വിശ്വസിക്കത്തക്കവിധം അവ മണിപ്രവാളസാഹിത്യത്തിൽക്കയറിപ്പററി ഗന്ധർവ്വൻതുള്ളി. ചെറുശ്ശേരി കാവ്യസംരംഭത്തിനു മുതിന്നു് പിന്തിരിഞ്ഞുനോക്കിയപ്പോൾ കണ്ട കാ

ഴ്ച ഈ കൂത്താട്ടമായിരുന്നു. അതിൽനിന്നു് ഒരു സുപ്രഭാതത്തിൽ പെട്ടെന്നൊഴിഞ്ഞുമാറാൻ മുതിരുന്നതു സാഹസമാണെന്നുതോന്നി. എന്നാൽ കിടന്നോട്ടെ, അതും കുറെ എന്നു കരുതി. അത്രയേ പറയാനുള്ളു. അവധാനപൂർവ്വം കൃഷ്ണഗാഥ വായിക്കുന്നവർ ശൃംഗാരത്തിൻേറതും ഫലിതത്തിൻേറതുമായ കല്ലും മുള്ളും ചവിട്ടാതെ ഭക്തിയുടെ നടപ്പാതയിൽക്കൂടി സൈ്വരമായി മുമ്പോട്ടു പൊയ്ക്കൊള്ളും.

തൻെറ മുൻഗാമികൾ പലരും ഉണ്ണിയാടി, ഉണ്ണിച്ചിരുതേവി, കോടി, 'നാരണീതൻ ദുഹിതാവു്' എന്നു തുടങ്ങിയവരെപ്പററി കവിതയെഴുതിയപ്പോൾ ചെറുശ്ശേരി ഭാഗവതത്തേയും ഭാരതത്തേയും അവലംബിച്ചതുതന്നെ ഭക്തിമാർഗ്ഗത്തിലും സദാചാരത്തിലുമുള്ള അദ്ദേഹത്തിൻെറ ആസക്തി വെളിപ്പെടുത്തുന്നു. വേശ്യാലയത്തിലേയ്ക്കു പോകുന്നതു ജീവിതം ധൂർത്തടിക്കാനും, ക്ഷേത്രത്തിലേയ്ക്കു പോകുന്നതു് ഈശ്വരദർശനത്തിനുമാണല്ലോ!

ഒരു കൃഷ്ണഭക്തൻെറ അന്തരംഗത്തിൽ അലതല്ലുന്ന ആത്മാർത്ഥത തികഞ്ഞ അനുഭവത്തിൻെറ ആവിഷ്കാരമാണു് കൃഷ്ണഗാഥയിൽ ഉടനീളം കാണുന്നതു്. സർവ്വാകർഷകമായ ശൈശവം വർണ്ണിച്ച കൃഷ്ണനെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചശേഷം വൃന്ദാവനത്തിലെ സുന്ദരദൃശ്യങ്ങളിൽ കണ്ണുകളുറപ്പിച്ചു കൃഷ്ണൻെറ കൈയുംപിടിച്ചുകൊണ്ടു് ബഹുദൂരം സഞ്ചരിച്ച സംതൃപ്തിയടയുന്ന അനുഭവമാണു് കൃഷ്ണഗാഥാപാരായണംകൊണ്ടു സംജാതമാകുന്നതു്. രാമകൃഷ്ണന്മാരുടെ,

ചന്തമെഴുന്നൊരു ചെന്തൊണ്ടിവാതന്നിൽ
ദന്തങ്ങൾ പോന്നുവന്നങ്കുരിച്ചു
പല്ലവം പൂണ്ടൊരു മുല്ലയാം വല്ലിമേൽ
ഉല്ലാസമൊട്ടുകളെന്നപോലെ.

x x x x

പാലുണ്ണും നേരത്തു പോർമുല രണ്ടിനും
ചാലെത്തെളിഞ്ഞങ്ങറിയായ് വന്നു.
ദന്തങ്ങൾതന്നുടെയങ്കുരം കണ്ടിട്ടു
സന്തോഷം പൂണ്ടുള്ള വല്ലവിമാർ
വേഗത്തിൽ ചുംബിച്ച നേരത്തു നന്മുഖം
വേർച്ചിട്ടത്തീട്ടുവാൻ വല്ലീലാതും.

KOTTAYAM PUBLIC LIBRARY
67281
KOTTAYAM.

എന്നിങ്ങനെ ഹൃദയാകർഷകമായ വർണ്ണന ആരെയാണാനന്ദിപ്പിക്കാത്തതു്?

കൃഷ്ണൻെറ ഗോകുലവിയോഗം വർണ്ണിച്ചിരിക്കുന്നതു നോക്കുക: കൃഷ്ണൻ നന്ദഗോപരോടു പറയുകയാണു്:

ചിററാടയുണ്ടു ഞാൻ പെട്ടകം തന്നുള്ളിൽ
മററാരും കാണാതെ വെച്ചുപോന്നു.
ഊനപ്പെട്ടില്ലല്ലീയെന്നതേ ചിന്തിച്ചു
ദീനമാകുന്നുതെന്മാനസത്തിൽ.

ഇങ്ങനെ ഒട്ടനേകം കാര്യങ്ങളുണ്ടു് ഓർമ്മപ്പെടുത്തുവാൻ.

കാളിയൻ കൃഷ്ണനെ ദംശിച്ചപ്പോൾ കവി പറയുകയാണു്:

അല്ലിത്താർ മാതുതൻ മല്ലക്കരംകൊണ്ടു
മെല്ലത്തലോടുന്ന പാദങ്ങളിൽ
പാരിച്ചു ദംശിച്ചാൻ – അങ്ങനെയല്ലോ താൻ
പാപികളായോർക്കു തോന്നീ ഞായം.

ഇങ്ങനെ ഓരോ സന്ദർഭങ്ങളും അകമഴിഞ്ഞ ആത്മാർത്ഥതയോടെ ആവിഷ്കരിച്ചു് അനുവാചകരെ കൃഷ്ണനിലീനചിത്തരാക്കിത്തീർക്കുന്ന മാന്ത്രികവിദ്യയാണു് ചെറുശ്ശേരി പ്രയോഗിക്കുന്നതു്.

ഭക്തനായ കവിയുടെ ഹൃദയം വികാരനിർഭരമായിത്തീരുമ്പോൾ അർത്ഥാലങ്കാരങ്ങളോടുള്ള അതിരു കവിഞ്ഞ ആസ

ക്തി താനേ മങ്ങിപ്പോകുന്നു. യുഗപ്രഭാവകരായ കവികളൊക്കെ അങ്ങനെത്തന്നെയാണ് ചെയ്യുന്നതും. ഉപമാലങ്കാരപ്രിയനായ കാളിദാസൻ ശാകുന്തളത്തിലെ നാലാമങ്കത്തിലെ ശ്ലോകചതുഷ്ടയത്തിൽ അലങ്കാരം തിരുകിക്കയററാൻ ബദ്ധപ്പെട്ടില്ല. കൃഷ്ണഗാഥയിൽ 'അക്രൂരാഗമനം' വർണ്ണിച്ചിരിക്കുന്നിടത്താണ് ഇങ്ങനെ അലങ്കാരരാഹിത്യംകൊണ്ടുള്ള വികാരോദ്ദീപകത അനുഭവപ്പെടുന്നതു്

"പൂമാതു പൂണുന്ന പൂമേനി കണ്ടുക-
ണ്ടാമോദം പൂണ്ടങ്ങു നില്പനോ ഞാൻ?

X X X X X

വെണ്ണ പിരണ്ടിട്ടു തിണ്ണം കുളുത്തുള്ളൊ-
രുണ്ണിക്കൈയൊന്നു മുകർന്നുതാവൂ
കണ്ടൊരുനേരത്തു കാർമുകിൽവർണ്ണനെ
മണ്ടിയണഞ്ഞൊന്നു പൂണ്ടുതാവൂ
ചേവടി രണ്ടുമെടുത്തുടൻ മെല്ലവേ
ചൊവ്വോടു മൌലിയിൽ ചേർത്തുതാവൂ"

എന്നു തുടങ്ങിയ ഭക്തസങ്കൽപങ്ങളിലാണ് ചെറുശ്ശേരിക്കവിത വികാരത്തിന്റെ പരമകോടിയിലെത്തുന്നതു്. ശൃംഗാരവും ഫലിതവുമൊക്കെ കാലസ്വഭാവത്തിനിണങ്ങിയ മട്ടിൽ തിരുകിക്കയററിയെന്നേ കരുതേണ്ടു. അവ ഭക്തിക്കു് അകമ്പടി സേവിക്കുകയേ ചെയ്യുന്നുള്ളു.

ഈ അകമ്പടി ഏററവുമധികം തെളിഞ്ഞുകാണുന്നതു രാസക്രീഡയിലും ഗോപികാദുഃഖത്തിലുമാണ്. കൃഷ്ണന്റെ മുരളീനാദം കേട്ടു് വശംകെട്ടു്, വീടും കുടുംബവുമുപേക്ഷിച്ചു് പിന്നാലെ ഓടിപ്പായുന്ന ഗോപികമാരിൽ നീളയെ കൃഷ്ണൻ പ്രത്യേകം സല്ക്കരിക്കുന്നതും അവളുടെ അഹംഭാവം പോക്കാൻ

വേണ്ടി പെട്ടെന്നു മറയുന്നതും മററും പച്ചശൃംഗാരമായിക്കല്പിക്കുന്നവരുണ്ട്. കൃഷ്ണൻ പരമാത്മാവിൻേറയും, ഗോപികമാർ ജീവാത്മാക്കളുടേയും, മുരളീനാദം വിശ്വപ്രേമത്തിൻേറയും പ്രതിരൂപങ്ങളാണെന്നു ശ്രീ. ആർ. നാരായണപ്പണിക്കർ അദ്ദേഹത്തിൻെറ സാഹിത്യചരിത്രത്തിൽ രേഖപ്പെടുത്തീട്ടുണ്ട്. ഇവിടെ ശൃംഗാരം ജീവാത്മാപരമാത്മൈക്യത്തിലേയ്ക്കുള്ള രാജവീഥിയാണ്. അതിന്നു് ഒരു പാകപ്പിഴയും പററീട്ടില്ല.

മുമ്പു പറഞ്ഞതുപോലെ കാലത്തിൻെറ അതിപ്രധാനമായ ആവശ്യവും അഭിലാഷവും അനുഭവിച്ചറിഞ്ഞ കവിയാണ് ചെറുശ്ശേരി. ഭക്തിമാർഗ്ഗപ്രചാരണം അന്നത്തെ ജീവൽപ്രശ്നമായിരുന്നു. കവിയാകട്ടെ, അപാരഭക്തനും.

## അലങ്കാരപ്രയോഗചാതുര്യം

മണിപ്രവാളനിരൂപകനായ ലീലാതിലകാചാര്യൻ രസാലങ്കാരങ്ങൾ മണിപ്രവാളത്തിനു നിയതമല്ലെന്നു വിധിച്ചതു് ആലത്തൂർ മണിപ്രവാളത്തെ പടിക്കു പുറത്താക്കാൻ ധൈര്യമില്ലാഞ്ഞതുകൊണ്ടാകാം. അദോഷവും സഗുണവുമായ വാക്യം അലങ്കാരരഹിതമെങ്കിലും സഹൃദയഹൃദയാഹ്ലാദകമാകുമെന്നു് ആചാര്യൻ മുക്കിമൂളിയങ്ങു സമ്മതിച്ചുവെന്നേയുള്ളു. സംസ്കൃതസാഹിത്യശാസ്ത്രജ്ഞന്മാരിൽ പലരും അലങ്കാരം കവിതയിൽ ഒരഭിലഷണീയഘടകമായിട്ടാണ് കണക്കാക്കീട്ടുള്ളതു്.

"നിർദ്ദോഷാ ലക്ഷണവതീ
സരീതിഗുണഭൂഷിതാ
സാലങ്കാരരസാനേക
വൃത്തിർവ്വാക് കാവ്യനാമഭാക്"

"അദോഷൗ സഗുണൗ സാലങ്കാരൗ ശബ്ദാർത്ഥൗ കാവ്യമിത്യുച്യതേ"—എന്നും മററുമുള്ള കാവ്യലക്ഷണനിർവ്വചനങ്ങ

ളിൽ അർത്ഥാലങ്കാരത്തിനു പുറമെ ശബ്ദാലങ്കാരവുംകൂടി കാവ്യത്തിൻെറ രൂപഭദ്രതയ്ക്കാവശ്യമാണെന്നു ശാസിക്കുന്നു. കൃഷ്ണഗാഥാകാരൻ ഈ സംസ്കൃതാചാര്യന്മാരുടെ ചേരിയിൽ ഒതുങ്ങിനില്ക്കാനേ ഇഷ്ടപ്പെട്ടുള്ളൂ.

അതിശയം, സാമ്യം, വാസ്തവം, ശ്ലേഷം എന്നീങ്ങനെ അർത്ഥാലങ്കാരങ്ങൾക്കു ചതുരുപാധികൾ നിശ്ചയിച്ചിട്ടുള്ള തിൽ സാമ്യാതിശയങ്ങളോടാണ് കവി കൂടുതൽ മതിപ്പു കാണിച്ചിട്ടുള്ളതു്. ഉപമ, ഉൽപ്രേക്ഷ, രൂപകം തുടങ്ങിയ സമ്യോക്തി മൂലകാലങ്കാരങ്ങൾ കൃഷ്ണഗാഥയിൽ ഉടനീളം പരിലസിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ നോക്കാം.

കൃഷ്ണൻ കുണ്ഡിനത്തിലേയ്ക്കു ചെന്നപ്പോൾ, വാതായനങ്ങളെല്ലാം തുറക്കപ്പെട്ടതു്,

കാർവ്വർണ്ണന്തന്നുടെ കാന്തിയെക്കാണ്മാനായ്
കൺമിഴിക്കുന്നതോയെന്നു തോന്നും.

ദേവകിയുടെ ഗർഭധാരണം വർണ്ണിച്ചിരിക്കുന്നിടത്തു്

"ആനകദുന്ദുഭിമാനിക്കും കൊങ്കകൾ-
ക്കാനനം മെല്ലെക്കറുത്തുതപ്പോൾ
നന്ദനനുണ്ടായാലെങ്ങളെ സ്നേഹിമി-
ല്ലെന്നതു ചിന്തിച്ചിട്ടെന്നപോലെ"

രോഹിണിയും യശോദയും രാമകൃഷ്ണന്മാരെ ആലിംഗനം ചെയ്തപ്പോൾ,

"ചൊല്ലെറുനിന്നുള്ള രത്നങ്ങൾ പൂണ്ടുള്ള
കല്പകവല്ലികളെന്നപോലെ"—

പ്രശോഭിച്ചു. ഈ ഉൽപ്രേക്ഷകളെല്ലാം അനായാസേന പുറപ്പെട്ടിട്ടുള്ളവയാണ്.

യാദവന്മാർ വൃന്ദാവനത്തിൽച്ചെന്നതു്,

"പുണ്യങ്ങൾ ചെയ്തുള്ള മാനവന്മാരെല്ലാം
വിണ്ണിലേ ചെന്നങ്ങു പൂകുമ്പോലെ"

തോന്നി കവിക്കു്. നന്ദാദിഗോപന്മാർ ഓരോ ഭവനങ്ങളിൽ താമസമാക്കിയതാവട്ടേ,

സൂര്യൻ തുടങ്ങിന നൽഗ്രഹമോരോരോ
രാശിയിൽച്ചെന്നങ്ങു പൂകുമ്പോലെ

യാണെന്നുപമിച്ചു. കൃഷ്ണസാന്നിദ്ധ്യത്താലോ? വൃന്ദാവനം,

വാർതിങ്കൾ ചെന്നു വിളങ്ങിന നേരത്തു
കാർതിങ്ങുമാകാശമെന്നപോലെ

പ്രശോഭിച്ചു. ഇവിടെ ഉപമയ്ക്കുവേണ്ടി ഒട്ടും ക്ലേശിച്ചതായി തോന്നുന്നില്ല.

കൃഷ്ണനെ വഞ്ചിക്കാൻ ചെയ്ത യത്നത്തിൽ പരാജയപ്പെട്ട ബ്രഹ്മാവു പറയുന്നതു്,

"നീയായി നിന്നോരു പിയൂഷവാരിയിൽ
നീളവേ മുങ്ങിനോരെങ്ങളാരും
വല്ലുന്നുതില്ലൊരു തുള്ളിയെ വായ്ക്കൊൾവാൻ
വല്ലാതതല്ലെനിക്കുത്ഭുതം താൻ
ദാഹത്തെപ്പോക്കുവാൻ താപത്തെത്തുകുന്ന
മോഹമാം വാരിയിൽ ചാടുന്നുതും"

എന്നാണു്. ഇവിടെ രൂപകത്തിലാരംഭിച്ചു് ശ്ലിഷ്ടരൂപകത്തിലവസാനിപ്പിക്കുന്നു.

'വത്സസ്തേയ'ത്തിലുമുണ്ടു് ധാരാളം അലങ്കാരങ്ങൾ.

വത്സരൂപം പൂണ്ടുവന്ന ദാനവനെ,

'മത്സരമാണ്ടങ്ങു മൃത്യുപുരന്തന്നി-
ലുത്സവമാക്കിനാനുക്കുകൊണ്ടേ'

എന്നു വളച്ചുകെട്ടിപ്പറയുന്നിടത്തു പര്യായോക്തം;

തള്ളിയെഴുന്നൊരു കോപംകൊണ്ടങ്ങവൻ
തള്ളയ്ക്കു കണ്ണുനീർ നല്കിനാൻ താൻ

എന്നു വീണ്ടും പര്യായോക്തംതന്നെ പ്രയോഗിക്കുന്നു.

"എങ്ങളിലുള്ളൊരു വൻ പിഴയെല്ലാം നീ—
യിങ്ങിനെനിന്നു പൊറുക്കേയുള്ളു.
ഗർഭസ്ഥനായുള്ള ബാലൻ ചവിട്ടിനാൽ
നിർഭത്സിക്കുന്നുതോ മാതാക്കന്മാർ".

എന്നു ബ്രഹ്മാവു ക്ഷമായാചനരൂപത്തിൽ പറയുന്നിടത്തു ദൃഷ്ടാന്തം;

ഖാണ്ഡവവനം ദഹിക്കാൻ തുടങ്ങിയപ്പോൾ കാട്ടുമൃഗങ്ങൾ ചാട്ടം തുടങ്ങി. തങ്ങളുടെ കൂട്ടരെക്കുറിച്ചൊന്നും ഓർത്തില്ല. അവിടെ കവി അർത്ഥാന്തരന്യാസം പ്രയോഗിക്കുന്നതു നോക്കുക.

അന്ത്യത്തിലങ്ങു വനസ്ഥരായുള്ളോർക്കു
ബന്ധുവിരാഗമോ ചേരുമല്ലോ.

ഖാണ്ഡവദാഹംകൊണ്ടു് അർജ്ജുനനു സിദ്ധിച്ച വിജയത്തിൽ കവി അതിരു കടന്നു സന്തോഷിച്ചു. തുടർച്ചയായി ഒട്ടേറെ അലങ്കാരങ്ങൾ ഇവിടെ പ്രയോഗിക്കുന്നതു് ആ സംതൃപ്തിക്കു തെളിവാണു്. സർപ്പങ്ങൾ പത്തി വിടർത്തിയതു കണ്ടാൽ, 'കാനനം പാവകനെ കൈകൊണ്ടു വിലക്കുകയാണോ' എന്നത്രേ തോന്നുക.

മയിലുകൾ പീലി വിടർത്തിയതു കണ്ടാൽ ദേവേന്ദ്രൻ വരാഞ്ഞതെന്തെന്നു പകച്ചുനോക്കുകയാണെന്നു തോന്നും. ആനകൾ തുമ്പിക്കൈയുയർത്തിയതു കണ്ടാൽ ബാണഗൃഹത്തിന്റെ തൂണുകൾ പണിതിരിക്കുകയാണെന്നത്രേ തോന്നുക.

ഇങ്ങനെ വിരാമമില്ലാതെ അലങ്കാരങ്ങൾ വാരിക്കോരിച്ചൊരിയുകയാണിവിടെ.

'രുക്മിണീസ്വയംവര'ഭാഗത്തിലേയ്ക്കു കടന്നാൽ അലങ്കാരങ്ങളേയുള്ളു. മന്നവന്മാരുടെ മനസ്സിലെല്ലാം രുക്മിണി സ്ഥലം പിടിച്ചു.

കാർവർണ്ണൻ തന്നുടെ കാമിനിയായ ഞാൻ
കാൽനട പൂണ്ടു നടക്ക വേണ്ട
എന്നങ്ങു നണ്ണിനിന്നെന്നകണക്കേയ-
ന്നിന്നുള്ള മന്നവർ മാനസത്തിൽ
ചെന്നു കരേറി വിളങ്ങിനിന്നീടിനാൾ
ഇന്ദുതാൻ പൊയ്കയിലെന്നപോലെ

എന്നു ഉൽപ്രേക്ഷയും ഉപമയും ഒന്നിച്ചുചേർന്നു ചമൽക്കാരം വർദ്ധിപ്പിക്കുന്നു. ദ്വാരകയിൽ വന്ന കുചേലനെ ദ്വാരപാലകന്മാർ കാണുന്നതു നോക്കുക:

പേശലമായൊരു കാശത്തോടേശീട്ടു
പേശുവാൻ പോരുമിക്കേശമിപ്പോൾ
പാങ്കുഴിയെന്നോർത്തോ നേത്രങ്ങൾ നിർമ്മിച്ചു

ഇങ്ങനെയൊക്കെ നേരമ്പോക്കു പറയുന്നുണ്ടെങ്കിലും അവർ കുചേലനെ ബഹുമാനിച്ചു. ഇങ്ങനെ ഉദ്ധരിക്കാൻ തുടങ്ങിയാൽ ഈ പ്രകൃതം വളരെ നീണ്ടുപോകും.

ശബ്ദാലങ്കാരത്തിലും കവിയുടെ ആയാസരഹിതമായ ശില്പസാമർത്ഥ്യം പ്രകടമായിട്ടുണ്ട്. കൃഷ്ണകഥയുടെ മുഗ്ദ്ധമനോഹരമായ മാധുര്യത്തിനു് അനുഗുണമായ ശബ്ദവിന്യാസം കൊണ്ടു സമലംകൃതമാണു് ഈ കാവ്യം. ജയദേവരുടെ ഗീതഗോവിന്ദത്തിൻെറ സംഗീതമാധുരി മലയാളത്തിൽ ഇംദപ്രഥ

മമായി അനുഭവപ്പെട്ടത്തിത്തന്ന കവിയാണ് ചെറുശ്ശേരി. ശ്രവണസുന്ദരമായ അനുപ്രാസം, അനായാസലബ്ധമായ ദ്വിതീയാക്ഷരപ്രാസം, അന്ത്യപ്രാസം ആദിയായി എല്ലാ ശബ്ദാലങ്കാരങ്ങളും കൃഷ്ണഗാഥയിലുണ്ട്.

ചാടായി വന്നാനദ്ദാനവനെങ്കിലും
ചാടായി വന്നീല മേനി തന്നിൽ

x x x x

പാറമേൽ വീണു മരിച്ചവൻ കാററിനു
മാറായിവന്നതോ ചേരുമല്ലോ.
മാറാതെ മേവുന്ന ബാലന്തൻ ലീലക്കു
മാറായി വന്നതുംചേരുവോന്നോ?

x x x

'കാർകൊണ്ടിരുണ്ടൊരു വാർകൊണ്ടൽ നേർകൊണ്ട വാർകുന്തൽ'ലിൻെറ ഭംഗി എത്ര പ്രശംസിച്ചാലും അധികമാകയില്ല.

എന്നാൽ, ദ്വിതീയാക്ഷരപ്രാസത്തിൻെറയോ മററേതെങ്കിലും പ്രാസത്തിൻെറയോ അടിമയല്ല അദ്ദേഹം. പ്രാസത്തിനുവേണ്ടി എങ്ങും തങ്ങിനില്ക്കാൻ കവി തയ്യാറില്ല.

എന്നതു കേട്ടുള്ള കന്യകമാരെല്ലാം
ഏറിന നാണത്തെപ്പൂണ്ടുനിന്നാർ
കണ്ണന്തന്മുന്നിലേ ചെല്ലു നാമെല്ലാരും
എന്നങ്ങു തങ്ങളിൽ ചൊന്നു പിന്നെ

എന്നിങ്ങനെ അവിടവിടെ കണ്ടെന്നുവരും.

കൃഷ്ണഗാഥ ശബ്ദാർത്ഥാലങ്കാരസമൃദ്ധസുന്ദരമായിട്ടുള്ളതു കവിയുടെ നൈസർഗ്ഗികമായ പ്രതിഭാസവിലാസത്തി

ൻേറയും വാസനാവൈഭവത്തിൻേറയും ഫലമാണു്; അലങ്കാരത്തെത്തേടി കവി ഒട്ടും ക്ലേശിച്ചിട്ടില്ല. പക്ഷെ, അനുഗൃഹീതനായ കവി കൃഷ്ണഭഗവാൻെറ ദിവ്യമനോഹരരൂപത്തിൽ സ്വയം ലയിച്ചു. ആ സൗന്ദര്യത്തിനു തൻെറ ആത്മാൎത്ഥാനുഭൂതിയുടെ യഥാതഥരൂപം കൊടുത്തപ്പോൾ അലങ്കാരങ്ങൾ അനുസ്യൂതം പ്രവഹിച്ചു. അതു് അകൃത്രിമവും അനായാസലബ്ധവുമാണെന്നൎത്ഥം.

## കൃഷ്ണഗാഥയിലെ വൎണ്ണന

കൃഷ്ണഗാഥാസാഹിത്യത്തിനു പത്തു ഗുണങ്ങളാണു് പണ്ഡിതഗവേഷകനായ വടക്കുങ്കൂർ രാജരാജവൎമ്മ ചൂണ്ടിക്കാണിക്കുന്നതു്. "1. ചില പ്രത്യേക ശൈലികൾ; 2. ഫലിതരീതി; 3. പുതിയ കല്പന; 4. പഴയ പദങ്ങളുടെ പ്രയോഗം 5. ലോകോക്തികളുടേയും പഴഞ്ചൊല്ലുകളുടേയും നിവേശനം 6. രസാലങ്കാരപുഷ്ടി; 7. ശയ്യാപാകങ്ങളുടെ പ്രത്യേകത; 8. പ്രതിപാദനത്തിൻെറ വൈഭവം; 9. ഭക്തിരസത്തിൻെറ സമുല്ലസം; 10. ലോകസ്വഭാവങ്ങളുടെ സരസമായ പ്രകാശനം എന്നിവ കൃഷ്ണഗാഥയുടെ പത്തു ഗുണങ്ങളാകുന്നു."—ഇതുതന്നെ ചുരുക്കിപ്പറഞ്ഞാൽ, കാലത്തിൻെറ നെടുവീൎപ്പുകൾ അനുഭവിച്ചറിഞ്ഞ ഭാവനാസമ്പന്നനും രസികാഗ്രേസരനുമായ കവി ഭഗവൽകഥാഖ്യാനത്തിൽക്കൂടി കേരളത്തിലെ സാമാന്യജനങ്ങളെ സന്മാൎഗ്ഗതല്പരരും ഭക്തചിത്തരുമാക്കി അവരെ കവിതയുടെ പൂന്തോപ്പിലിരുത്തി ആനന്ദിപ്പിച്ചു.

'വൎണ്ണനം വസ്തുമാഹാത്മ്യത്തെ പ്രകാശിപ്പിക്കുന്നതും അതുല്യമായ രസോല്ലസത്തോടുകൂടിയതും ആയിരിക്കും' എന്നു് കാവ്യശൈലിയുടെ പ്രത്യേകതകളിൽ പ്രധാനമായ വൎണ്ണനയെക്കുറിച്ചു വടക്കുങ്കൂർ പറയുന്നു.

നിർദ്ദോഷാ ലക്ഷണവതീ / സരീതിഗുണഭൂഷിതാ,
സാലങ്കാരരസാനേക / വൃത്തിർവ്വാക് കാവ്യനാമഭാക്

എന്ന കവിതാനിർവ്വചനം അക്ഷരംപ്രതി അംഗീകരിച്ചിരിക്കുന്നു ചെറുശ്ശേരി—എത്രതന്നെ വർണ്ണിച്ചാലും കവിക്കു തൃപ്തി മതിയാവുന്നില്ല. സ്ത്രീവർണ്ണനയിലാണു് കവിക്കു കൂടുതൽ അഭിനിവേശമെന്നു പലരും പറയാറുണ്ടു്. കേരള കവിതയ്ക്കു പരിചയപ്പെട്ട ആ പാരമ്പര്യത്തിൽ തെല്ലുനേരം ഒന്നന്ധാളിച്ചുനിന്നെങ്കിൽ ആരും അത്ഭുതപ്പെടേണ്ടതില്ല. പിന്തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതു, കവിത എന്നതു സ്ത്രീയുടേയും ശൃംഗാരത്തിൻേറയും പര്യായമായിട്ടാണു്. പക്ഷേ, കവി ആ രംഗത്തിൽ വിസ്മയിച്ചു മിഴിച്ചുനിന്നുവെന്നു് ആരും കരുതേണ്ട. മാംസനിബദ്ധമായ കാമാസക്തിയല്ലാ, അതിരു കടന്ന ഭക്തിയുടെ ആവേശമാണു് അവിടെയൊക്കെ മുന്നിട്ടു നില്ക്കുന്നതു്. കൃഷ്ണഗാഥയിലെ മികച്ച സ്ത്രീവർണ്ണനകളും ശൃംഗാരചാപലൃങ്ങളും കൃഷ്ണഭക്തിപാരവശ്യത്തിൻെറ മാറ്റൊലികളാണെന്നോക്കണം. രുക്മിണീവർണ്ണന, ഗോപികാദുഃഖം മുതലായ സന്ദർഭങ്ങൾ ഈ അഭിപ്രായത്തിനു സാക്ഷ്യം വഹിക്കുന്നു.

വർണ്ണനയിൽ അനുഭൂതിവിശേഷം തെളിഞ്ഞുകാണുന്നതു കൃഷ്ണസങ്കല്പത്തിൽ മുഴുകുമ്പോഴാണു്. രാസക്രീഡയിൽ കൃഷ്ണവർണ്ണനയ്ക്കു മുതിർന്നിട്ടു് ഒടുവിൽ പറയുകയാണു്:

കണ്ണൻമെയ് തന്നുടെ കാന്തിയെ വാഴ്ത്തുവാൻ
മണ്ണിലും വിണ്ണിലുമാരുമില്ലേ.
അന്ധതകൊണ്ടുഞാനിങ്ങനെ വാഴ്ത്തിയേൻ
അന്ധനെന്നുള്ളൊരു പേർകൊള്ളുവാൻ.

അമ്പാടിയിലേക്കുപോകുന്ന അക്രൂരൻെറ ആത്മഗതം ചിത്രീകരിച്ചിരിക്കുന്നിടത്തു കാണുന്ന ആത്മാർത്ഥതയുടെ ആഴം അഗാധമാണു്.

ആയർകോൻ തന്നുടെ കാന്തിയായുള്ളൊരു
പീയൂഷവാരിതൻ പൂരംതന്നെ
കോരിനിറച്ചുകൊണ്ടെന്നുടെ കണ്ണിണ
പാരം കുളർപ്പിച്ചു നില്പനോ ഞാൻ.

x x x x

എന്നു തുടങ്ങിയ സങ്കല്പങ്ങളിൽ ഭഗവൽകളേബരത്തിൻെറ മാഹാത്മ്യത്തെ ആത്മസാൽകരിച്ചതിൻെറ അനുഭൂതിയുടെ അലയടിയാണു് നാം കാണുന്നതു്.

"പ്രത്യേകതരം ചില ഫലിതങ്ങളും പൊടിക്കൈ"കളും കൃഷ്ണഗാഥയ്ക്കു മാററുകൂട്ടുന്നുണ്ടു്. രുക്മിണീവർണ്ണനംതന്നെ ഉദാഹരിക്കാം:

തിങ്കളെ നിർമ്മിച്ചാൻ പങ്കജം നിർമ്മിച്ചാൻ
പങ്കജസംഭവൻ പണ്ടുപണ്ടേ
എന്തിനെന്നിങ്ങനെ ചിന്തിച്ചുനിന്നു ഞാ-
നന്ധനായ്പോയിനേനിത്രനാളും
രുക്മിണിതന്മുഖമിങ്ങനെ നിർമ്മിപ്പാ-
നഭ്യസിച്ചാനെന്നതിന്നറിഞ്ഞു.

ഇങ്ങനെ വിവരിക്കാൻ തുടങ്ങിയാൽ ഈ പ്രകൃതം വളരെ നീണ്ടുപോകും. സ്ത്രീവർണ്ണനത്തിനു മുതിരുമ്പോൾ പാരമ്പര്യത്തിനിണങ്ങിയ മട്ടിൽ കേശാദിപാദം വർണ്ണിച്ചു് കൃതകൃത്യനായിത്തീരുന്ന കവി. കാവ്യപാരായണംകൊണ്ടും സങ്കല്പശക്തികൊണ്ടും സ്വാധീനിച്ചിട്ടുള്ള അർത്ഥാലങ്കാരങ്ങൾകൊണ്ടു് പ്രകൃതത്തെ എത്രതന്നെ മോടിപിടിപ്പിച്ചാലും മതിയാകാത്ത ശീലമാണു് കവിക്കുള്ളതു്. "മനോധർമ്മപ്രകടനവും അലങ്കാരപ്രയോഗവും അമൃതനിഷ്യന്ദികളായ സുലളിതപദങ്ങളുടെ മേളനവും" എന്നു് അപ്പൻതമ്പുരാനും "മഞ്ജരീമകരന്ദം നിറഞ്ഞൊരിപ്പൂന്തോപ്പു്" എന്നു് പി. കുഞ്ഞിരാമൻ

നായതും വിശേഷിപ്പിച്ചിട്ടുള്ളതിൽ ഒട്ടും അതിശയോക്തിയില്ല.

## കൃഷ്ണഗാഥാകാരൻെറ ഫലിതപ്രയോഗം

സാധാരണക്കാരെ രസിപ്പിക്കാൻവേണ്ടി കവിതയെഴുതിയ ചെറുശ്ശേരി ഫലിതത്തെ ഉപജീവിച്ചതിൽ അത്ഭുതപ്പെടാനില്ല. നമ്പൂതിരിയായി ജനിക്കുക, രാജസദസ്യനായി ജീവിക്കുക-ഇതു രണ്ടും മതി ഫലിതത്തിനു വളംവെച്ചുകൊടുക്കാൻ. എന്നാൽ നമ്പ്യാരുടെ തുള്ളൽകൃതികളിലെ പരിഹാസം നിറഞ്ഞ ഫലിതത്തോടു തട്ടിച്ചു നോക്കുമ്പോൾ ചെറുശ്ശേരിയുടെ ഫലിതം നിർബ്ബാധമാണു്. രാജസൂയത്തിൽ സംബന്ധിക്കാൻ വന്നവർ പരസ്പരബന്ധമില്ലാതെ സംസാരിക്കുന്ന ചിത്രം നോക്കുക: ചോദ്യവും ഉത്തരവും തമ്മിൽ ഒരു പൊരുത്തവും കാണില്ല.

"തോണിവിരണ്ടു വശംകെട്ടതില്ലല്ലീ"
"മാണികളോതുവാനില്ലയിപ്പോൾ"
"ചേണററ വീണതൻ ഞാണററുപോയതു്"
"മാണിക്യംകൊണ്ടുനിറഞ്ഞുകൂടി"

ഇങ്ങനെ കുറെയുണ്ടു്.

"ദന്തങ്ങളെക്കൊണ്ടുതാളംപിടിച്ചിട്ടു-
സന്ധ്യയെവഞ്ചിച്ചാരന്തണരും"
"തള്ളിയെഴുന്നോരു കാററുമടങ്ങീതാ-
യുള്ളിലെക്കാററുമങ്ങവ്വണ്ണമേ"
"കുന്നുചുമക്കേണമെന്നങ്ങു ചിന്തിച്ചോ
വെണ്ണ ചുമന്നിട്ടു ശീലിച്ചു നീ
വെണ്ണയെന്നോർത്തിട്ടു കുന്നിനെത്തന്നെയും
മെല്ലവേ വായിലങ്ങാക്കൊല്ലാതെ."

എന്നിങ്ങനെ ഫലിതത്തിൻെറ ഓരോ പ്രത്യേകതയും വെളിപ്പെടുത്തണമെങ്കിൽ വളരെയേറെ വരികൾ ഉദ്ധരിക്കേണ്ടിവരും.

ദ്വാരകയിൽ വന്ന കുചേലനെ ദ്വാരപാലകന്മാർ കാണുന്നതു നോക്കുക:

"പേശലമായൊരു കാശത്തോടേശീട്ട
പേശുവാൻപോരുമിക്കേശമിപ്പോൾ
പാങ്കുഴിയെന്നോർത്തോ നേത്രങ്ങൾ നിർമ്മിച്ചു"

ഇങ്ങനെയൊക്കെ നേരമ്പോക്കുപറയുന്നുണ്ടെങ്കിലും അവർ കുചേലനെ ബഹുമാനിച്ചു.

രുക്മിണീസ്വയംവരത്തിനു വന്ന രാജാക്കന്മാരുടെ കാമചാപല്യങ്ങൾ കണക്കിനു വർണ്ണിച്ചിട്ടുള്ളതു് എല്ലാവരും വായിക്കുന്നുണ്ടു്. ചേല ഞൊറിഞ്ഞുടുത്തു ശരിയാക്കാൻ തുടങ്ങിയ രാജാവു് 'പണ്ടു പിറന്നപോലെ' നിന്നുപോയി. മററൊരാളുടെ കൈയ്യിൽനിന്നു വീണ താഴെ വീണിട്ടും,

"വീണങ്ങുപോയോരു വീണയെക്കാണാതെ
പാണികൊണ്ടോങ്ങിനാനങ്ങുമിങ്ങും"

അമ്മാനയാടുന്ന ആളുടെ പന്തു താഴെ വീണിട്ടു്

"നർത്തകൻ തന്നുടെയമ്മാനയായ്‌വന്നു. ഈ രാജാക്കന്മാരെ കുഞ്ചൻനമ്പ്യാരും കുറെ കളിയാക്കീട്ടുണ്ടു്.

വെററ്ലതെറുത്തു കൊട്ടത്തതുവാങ്ങി
തലമുടിതന്നിലിതെല്ലാം ചൂടി

ഒരു രാജാവു അടപ്പൻ തുറന്നു് ചുണ്ണാമ്പെടുത്തതു്

പച്ചപ്പുഴവെന്നോർത്തു മുഖത്തും
തേച്ചതുടങ്ങി മറെറാരു ഭൂപൻ

ഒരാൾ കാതു പിടിച്ചു് ഏത്തമിട്ടു. ഒരാൾ കുട്ടിപ്പട്ടരെ മദ്ദളമാക്കി. ഒരാൾ പുസ്തകമെടുത്തു് ഓടക്കുഴലെന്നു സങ്കല്പിച്ചൂതി-ഭാഗവതം ഇരുപത്തിനാലുവൃത്തത്തിലും,

ചുണ്ണാമ്പെടുത്തങ്ങുതിന്നിട്ടുനാവൊക്കെ-
പ്പുണ്ണായിത്തീന്നിതൊരു നൃപനു്

ഇവക്കൊക്കെ ഫലിതപ്രയോഗത്തിനു വേണ്ട പ്രചോദനം സിദ്ധിച്ചതു കൃഷ്ണഗാഥയിൽനിന്നാണു്.

സുഭദ്രയെ പരിണയിക്കാൻവേണ്ടി അർജ്ജുനനെ സന്യാസിവേഷം കെട്ടിച്ചതും സുഭദ്ര സന്യാസിയെ ശുശ്രൂഷിക്കുന്നതും പഴത്തിനു പകരം തൊലി വിളമ്പുന്നതും അർജ്ജുനൻ അതു തിന്നുന്നതും മററും സരസമായി വർണ്ണിച്ചിട്ടുള്ളതു് ആസ്വാദകരുടെ മുക്തകണ്ഠപ്രശംസയ്ക്കു വിധേയമായിട്ടുണ്ടു്.

"ചൊല്ലിയന്നീടുന്ന ചൂതത്തിൻ ചാരത്തു
ചെല്ലത്തുടങ്ങീതു മുല്ലതാനേ"

x x x x x

ചൊല്ലെററുനിന്നൊരു ദാഡിമംതന്നുടെ
നല്പഴം കണ്ടൊരു പൈങ്കിളിതാൻ
കൊത്തിപ്പിളർന്നു മൂടവാൻ തേടുന്നു
പുത്തനായ്നിന്നുള്ള പല്ലവംതാൻ"

എന്നും മററും തോഴിമാർ രുക്മിണിയെ കളിയാക്കുന്നതിലെ അപ്രസ്തുതപ്രശംസാലങ്കാരത്തിൻേറയും ഫലിതത്തിൻേറയും മേന്മ വാചാമഗോചരമാണു്.

ചുരുക്കിപ്പറഞ്ഞാൽ, നിരുപദ്രവവും നിർബ്ബാധവുമായ ആ ഫലിതം കൊച്ചുകുട്ടികളെ കിക്കിളിയാക്കി ചിരിപ്പിക്കുമ്പോലെ നമ്മളെ കുടുകുടെ ചിരിപ്പിക്കാനും ഗാഥാസാഗരത്തിൽ നീന്തിത്തുടിക്കുവാനും പ്രേരിപ്പിക്കുന്നു.

## ഭാഷാരീതി

ലളിതമധുരസംഗീതസുന്ദരമായ ഭാഷയും മഞ്ജരീവൃത്തവും മാത്രം ഉപയോഗിച്ച് സമൃദ്ധവും സമ്പന്നവുമായ ഒരു ബൃഹത് കാവ്യം രചിച്ച മലയാളത്തിൻെറ ഉൾക്കരുത്തു വെളിപ്പെടു

ത്തിയ അനുഗൃഹീത കവിയാണ് ചെറുശ്ശേരി. എഴുത്തച്ഛൻെറ കവിതയെ ദീപാരാധന കഴിഞ്ഞു നട തുറക്കുമ്പോൾ കാണുന്ന ദേവീവിഗ്രഹത്തോടുപമിക്കുകയാണെങ്കിൽ, വാകച്ചാർത്തോടുകൂടിയ ഗുരുവായൂരപ്പനെപ്പോലെ സ്നിഗ്ദ്ധമധുരമാണ് ചെറുശ്ശേരിയുടെ കവിത. വിവാഹവേദിയിൽ സന്ദർശകർക്കു ദൃഷ്ടിഗോചരയാകുന്ന നവവധുവിനെപ്പോലെയാണ് എഴുത്തച്ഛൻെറ കവിതാകമനിയെങ്കിൽ, വിവാഹരാത്രിയിൽ മണവാളൻെറ മുമ്പിൽ മണവറയിലിരിക്കുന്ന നവോഢയായ മണവാട്ടിയെപ്പോലെയാണ് ചെറുശ്ശേരിക്കവിത.

ചെറുശ്ശേരിക്കവിതയുടെ ഈ അന്യാദൃശമായ വശ്യതയ്ക്കുള്ള കാരണം ഭാഷയുടെ മാധുര്യവും ലാളിത്യവുമാണ്. ഉത്തമമായ മണിപ്രവാളത്തിനു വിഷയമായ ഭാഷ, നിഷ്ഠുരമോ ഗംഭീരമോ ആകാതെ ലളിതവും മധുരവുമായിരിക്കണമെന്നു ലീലാതിലകാചാര്യൻ നിർദ്ദേശിച്ചിട്ടുണ്ട്. പരുഷാക്ഷരങ്ങളരുത്; അർത്ഥഗ്രഹണക്ലിഷ്ടത വന്നുകൂടാ-ഈ രണ്ടുകാര്യങ്ങളാണ് ആചാര്യൻ വിവക്ഷിക്കുന്നതു്. മണിപ്രവാളത്തെ ഒമ്പതു തരമായി ഭാഗിച്ച് 'തദ്രുത്തമം ഭാഷാരസപ്രാധാന്യേ' എന്നുംകൂടി ആചാര്യൻ വിധിച്ചിട്ടുള്ളതു ദ്രാവിഡവൃത്തങ്ങളിലേയ്ക്കു സമ്പൂർണ്ണമായി * സ്വീകരിച്ച കവി ചെറുശ്ശേരിയാണ്.

അനനുകരണീയമായ എന്തോ ഒരു പ്രത്യേകതകൊണ്ടു കൈവന്ന വ്യക്തിത്വമുണ്ട് ചെറുശ്ശേരിയുടെ ഭാഷയ്ക്കു്. പത്തോ പന്ത്രണ്ടോ വരികൾ വായിച്ചുകഴിയുമ്പോഴേയ്ക്കും ഹൃദിസ്ഥമാകുന്ന ആ വ്യക്തിത്വം. കാവ്യത്തിൻെറ ഏതു ഭാഗം വായിച്ചാലും ആ വ്യക്തിത്വം സ്പഷ്ടമാകും.

---

* മണിപ്രവാളം ദ്രാവിഡവൃത്തങ്ങളിലുപയോഗിക്കുന്ന സമ്പ്രദായം ചെറുശ്ശേരിക്കു മുമ്പും ഇല്ലാതിരുന്നിട്ടില്ല. ലീലാതിലകത്തിൽത്തന്നെ ലക്ഷ്യങ്ങളുണ്ട്.

"മാനസംതന്നിലങ്ങാനന്ദം നൽകിനാൾമാനിനിമാർ"
"മാൺപുററുനിന്നൊരുമാലതിതങ്കലേ
തോമ്പാതെ വണ്ടുകൾ ചാട്ടമ്പോലേ"

എന്നു തുടങ്ങിയ പ്രയോഗങ്ങളുടെ അന്യാദൃശമായ വശ്യതയാണ് ഈ വ്യക്തിത്വത്തിനാസ്പദം.

'വ്യക്തിത്വം, ആത്മാർത്ഥത, ജീവദ്ഭാഷാസമ്പർക്കം' എന്നിവയാണ് ഒരു സാഹിത്യകാരനു സ്വന്തമായ ശൈലി സമ്പാദിക്കാനാവശ്യമെന്ന് ശ്രീ എം. പി. പോൾ പറയുന്നു. ഈ മൂന്നു ഗുണങ്ങളും സമഞ്ജസമായി സമ്മേളിച്ചിട്ടുണ്ട് കൃഷ്ണഗാഥയിൽ. എങ്ങനെ സിദ്ധിച്ചു ഈ ത്രിഗുണങ്ങൾ? തിണ്ണം, തുമ, ആക്കം, ചാലവേ, ചെഞ്ചമ്മേ, മൈക്കണ്ണി, നീടുററ, കേടററ്, മാഴ്കുക, വാർതിങ്കൾ, അഞ്ചിതം, പോർകൊങ്ക, പേർപെററ്, ചേണുററ്, കോലുന്ന, ചെമ്മ്, അത്തൽ, ചാരത്ത് എന്നുതുടങ്ങി ഒട്ടേറെ പദങ്ങൾ ഒന്നിച്ചു മേളിക്കുന്ന കവിത മലയാളത്തിൽ ചെറുശ്ശേരിയുടേതു മാത്രമാണ്. അത് എവിടെ വെച്ചാലും തിരിച്ചറിയാം.

കാവ്യപാരായണംകൊണ്ടും സങ്കല്പശക്തികൊണ്ടും സമാർജ്ജിച്ചിട്ടുള്ള ആശയങ്ങൾ സമൃദ്ധിയായിട്ടുണ്ടെങ്കിലും അവയെല്ലാം ആത്മസാത്കരിച്ച് അനുഭവവേദ്യതയോടെയാണ് കവി ആവിഷ്കരിക്കുന്നത്. അതുകൊണ്ടാണ് ആ ശൈലിക്ക് ആത്മാർത്ഥത സിദ്ധിച്ചതു്.

ആശയങ്ങൾ ശ്രോതാക്കളുടെ ഹൃദയത്തിലേക്കു പകത്താൻ ചെറുശ്ശേരി ഒട്ടും ക്ലേശിച്ചിട്ടില്ല. തന്റെ വായനക്കാർക്കു സുപരിചിതമായ ഭാഷ മാത്രം അവലംബിച്ചു കാവ്യം രചിച്ചതിനാലാണ് അതിന് ഇത്ര വലിയ വശ്യതയുണ്ടായ

തു്. ജീവത്ഭാഷാസമ്പത്തിന്റെ അഭികാമ്യമായ നേട്ടമാണു് അതിനു കാരണം. ഭാവനാസമ്പന്നനായ കവി സ്വാനുഭവങ്ങളെ ഇത്രയേറെ അക്ലിഷ്ടമായിട്ടാവിഷ്കരിച്ചതിന്നു് നാം അകമഴിഞ്ഞു നന്ദി പ്രകാശിപ്പിക്കുക.

---

# ചോദ്യങ്ങൾ

1. ചെറുശ്ശേരിയുടെ വർണ്ണനാപാടവം സൗഭദ്രികകഥയെ അടിസ്ഥാനമാക്കി വ്യക്തമാക്കുക.

2. നമ്പൂരിത്തവും ഫലിതവുമാണ് ചെറുശ്ശേരിക്കവിതയുടെ ആകർഷകത— സൗഭദ്രിക കഥയിൽനിന്നു് ഉദാഹരണങ്ങളുദ്ധരിച്ചു സമർത്ഥിക്കുക.

3. 'അതിശയോക്തിപരമെങ്കിലും അനുഭവവേദ്യമാണ് ചെറുശ്ശേരിയുടെ സ്ത്രീവർണ്ണന'—സൗഭദ്രിക കഥയെ അടിസ്ഥാനമാക്കിപ്പരിശോധിക്കുക.

4. 'അലങ്കാരത്തിന്റെ കോലാഹലമാണ് കൃഷ്ണഗാഥയ്ക്കു ഴകുണ്ടാക്കുന്നതു്'—സോദാഹരണം വിശദമാക്കുക.

5. ഭാവത്തിന്റെ ഭദ്രതയ്ക്കനുരൂപമായ രൂപസൗകുമാര്യംകൊണ്ടു സമ്പന്നമാണ് കൃഷ്ണഗാഥ—സൗഭദ്രിക കഥയെ ആസ്പദമാക്കി ചർച്ചചെയ്യുക.

6. ചെറുശ്ശേരിക്കവിതയുടെ പ്രത്യേകതകൾ സൗഭദ്രിക കഥയെ ആസ്പദമാക്കി വിവരിക്കുക.

7. 'ഭാവത്തെക്കാളുപരിയായി രൂപത്തിന്റെ ഭദ്രതയിലാണ് ചെറുശ്ശേരി ശ്രദ്ധിച്ചിട്ടുള്ളതു്'—പരിശോധിക്കുക.

8. കൃഷ്ണഗാഥയിലെ ഭാഷയ്ക്കുള്ള പ്രത്യേകതകൾ വിശദമാക്കുക.

9. ചെറുശ്ശേരിയും എഴുത്തച്ഛനും ഭിന്നമാർഗ്ഗങ്ങളിൽക്കൂടി ഒരേ ലക്ഷ്യത്തിലാണ് എത്തിച്ചേരുന്നതു് — പരിശോധിക്കുക.

# സൗഭദ്രിക കഥ

പാൎത്ഥലം തന്നിൽപ്പൊറുത്തുള്ള വൈരികൾ—
ക്കാൎത്തികൾചേൎത്തു ചെറുത്തപാൎത്ഥൻ

തീൎത്ഥമാടീടുവാനാസ്ഥപൂണ്ടെങ്ങുമേ
പാൎത്ഥലം തന്നിൽ നടന്നകാലം

ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിലെ ഒരു ഭാഗമാണു് സൗഭദ്രികകഥ. കൃഷ്ണസോദരിയായ സുഭദ്രയെക്കാമിച്ച പാണ്ഡവമദ്ധ്യമനായ അൎജ്ജുനൻ കൃഷ്ണോപദേശമനുസരിച്ച സന്ന്യാസം സ്വീകരിച്ചു് സുഭദ്രയുടെ അതിഥിസൽക്കാരത്തിനു പാത്രമാകുന്നതും പ്രണയിക്കുന്നതും സുഭദ്രയെ അപഹരിക്കുന്നതും കൃഷ്ണന്റെ മാദ്ധ്യസ്ഥ്യത്തിൽ ബലഭദ്രരെ ശാന്തചിത്തനാക്കി സുഭദ്രാൎജ്ജുനന്മാരെ ആശീൎവ്വദിപ്പിക്കുന്നതുമാണു് ഇതിലെ കഥ.

വൃത്തം: മഞ്ജരി—

ശ്ലഥകാകളിവൃത്തത്തിൽ
രണ്ടാം പാദത്തിലന്ത്യമായ്
രണ്ടക്ഷരംകുറച്ചീടി—
ലതു മഞ്ജരിയായിടും—

എന്നു് 'വൃത്തമഞ്ജരി'യിൽ ലക്ഷണം പറഞ്ഞിരിക്കുന്നു: കാകളിയിൽ മഗണ (സൎവ്വഗുരു)ത്തിനു സ്ഥാനമില്ല; മഞ്ജരിയിൽ അതുമാകാം. അതുകൊണ്ടത്രേ 'ശൈഥില്യം സംഭവിച്ച കാകളി' എന്നൎത്ഥത്തിൽ 'ശ്ലഥകാകളി' എന്നു വിശേഷിപ്പിച്ചെടുത്തുപറഞ്ഞതു്. കാകളിക്കു ലക്ഷണം:

മാത്രയഞ്ചക്ഷരം മൂന്നിൽ
വരുന്നോരു ഗണങ്ങളെ
എട്ടുചേൎത്തുള്ളീരടിക്കു
ചൊല്ലാം കാകളിയെന്നുപേർ.—

എന്നാൽ, പഞ്ചമാത്രഗണങ്ങൾക്കിടയിൽ, യാതൊരു ക്രമവും നോക്കാതെ, ഒന്നോ അധികമോ ഷണ്മാത്രഗണങ്ങൾ (മഗണം) കയറിപ്പററിയാൽ താളദാൎഢ്യം കുറയും. അതു പരിഹരിക്കണമെ

ദിക്കുകളെങ്ങുമേ ചൊല്ലുകൊണ്ട തീർത്ഥങ്ങൾ
ഒക്കവേ ചെന്നുനിന്നാടിയാടി

ആസന്നമാമപ്രഭാസമാം തീർത്ഥത്തിൽ
വാസവനന്ദനനായവന്താൻ

പോയങ്ങു ചെന്നപ്പോഴാദരവിൽ ഗദ-
നായൊരു യാദവന്താനും ചൊന്നാൻ.

പാർത്ഥനെക്കണ്ടവനാർത്തിയും തീർത്തോരോ
വാർത്തകളോതിനിന്നാസ്ഥയോടെ

മാധവന്തന്നുടെസോദരിയായൊരു
മാധവിതന്നുടെകാന്തിയെല്ലാം

മാനിച്ചുനിന്നുപറഞ്ഞുതുടങ്ങിനാൻ
മാരമാൽകൊണ്ടവന്മാഴ്കും വണ്ണം:-

---

ങ്കിൽ എല്ലാം ഷണ്മാത്രഗണങ്ങളാക്കിയേപററൂ. ഈ കാരണത്താൽ, എൻെറ 'ഭാഷാ വൃത്തദീപിക' യിൽ മഞ്ജരിയെ ഷണ്മാത്രഗണങ്ങളാക്കി ലക്ഷണം പറഞ്ഞിരിക്കുന്നു:

ഷൺമാത്രകഗണംനാലാ-
മൊന്നാം പാദത്തിൽ, മററതിൽ
മൂന്നിന്നുശേഷം ഗുരുവാൽ
മഞ്ജരീവൃത്തമായിടും.— ഭാഷാവൃത്തദീപിക.

പാർത്തലം = ഭൂമി. (പാരു് + തലം). പൊറുത്തുള്ള = കഴിഞ്ഞുകൂടുന്ന. ആർത്തി = ക്ലേശം. ചെറുത്ത = തടഞ്ഞുനിർത്തിയ. പാർത്ഥൻ = അർജ്ജുനൻ (പൃഥാപുത്രൻ). പൃഥാ = കുന്തീദേവി. ആസ്ഥ = ആഗ്രഹം. തീർത്ഥമാടുക = പുണ്യസ്ഥലങ്ങൾ സന്ദർശിക്കുക. ചൊല്ലുകൊണ്ട = കേൾവികേട്ട. പ്രഭാസതീർത്ഥം = പ്രഭാസം എന്നു പേരുള്ള തീർത്ഥം. വാസവനന്ദനൻ = ദേവേന്ദ്രപുത്രൻ. ഗദൻ = ഒരുയാദവൻ (കൃഷ്ണൻെറ ഒരു സഹോദരനാണത്രേ). മാധവി = മാധവസോദരി (സുഭദ്ര). മാനിച്ചുനിന്നു് = വാഴ്ത്തിക്കൊ

"ദ്വാരകതന്നിലിന്നുണ്ടൊരുകന്യക
സീരവരായുധസോദരിയായ്.

ഇന്നവൾതന്നുടെ കാന്തിയെ വാഴ്ത്തുവാൻ
മന്നിടംതന്നകത്താരുമില്ലേ.

ചൊല്ലരുതെങ്കിലും മെല്ലെമെല്ലിങ്ങനെ
ചൊല്ലിനിന്നീടുവൻ വല്ലവണ്ണം.

മാനിനിമാരുടെ മൗലിയിൽ മേവുന്ന
മാണിക്കക്കല്ലെന്നേ ചൊല്ലാവൂതാൻ

ശൃംഗാരമായൊരു സാഗരംതന്നെയി-
ന്നംഗജൻനിന്നു കടഞ്ഞുനന്നായ്

മെല്ലവേകൊണ്ടൊരുപീയൂഷം താനെന്നേ
ചൊല്ലുന്നുതാകിലിന്നൊട്ടുചേരും

---

ണ്ടു്. മാരമാൽ = കാമപീഡ. മാഴ്കുംവണ്ണം = ക്ലേശിക്കത്തക്കവിധം.

ഗദൻ സുഭദ്രയുടെ രൂപലാവണ്യം വർണ്ണിക്കുന്നു. അതിശയോക്തിപരമാണെങ്കിലും ഈ വർണ്ണനയിൽ അനുഭവവേദ്യത മുന്തിനില്ക്കുന്നുണ്ടു്.

സീരവരായുധസോദരി = ബലഭദ്രന്റെ സഹോദരി (സീരം = കലപ്പ. കലപ്പയാകുന്ന ശ്രേഷ്ഠമായ ആയുധമുള്ളവൻ എന്നർത്ഥം). മന്നിടം = ഭൂതലം. ചൊല്ലരുതെങ്കിലും = പറയാൻ പ്രയാസമാണെങ്കിലും. ചൊല്ലിനിന്നീടുവൻ = ഞാൻ പറയാം. മാനിനിമാർ = സ്ത്രീകൾ. മൗലി = ശിരസ്സ്. ശൃംഗാരമായൊരു സാഗരം = ശൃംഗാരരസമാകുന്ന സമുദ്രം. (രൂപകാലങ്കാരം) അംഗജൻ = കാമദേവൻ. മെല്ലവേകൊണ്ടൊരു = വളരെപ്പതുക്കെ (പ്രയാസപ്പെട്ടു്) നേടിയ. പീയൂഷം = അമൃതു്. മാണിക്യക്കല്ലായും.

പൂവൽമെയ് തന്നുടെകാന്തിയെച്ചിന്തിച്ചാൽ
ഏവമെന്നിങ്ങനെ ചൊല്ലവല്ലേൻ.
മേനകമുമ്പായമാനിനിമാരുടെ
മേനിയെനിർമ്മിപ്പാൻമാതൃകയായ്
ഭംഗിയിൽനിർമ്മിച്ചു പങ്കജയോനിയി-
മ്മംഗലതന്നുടലെന്നുതോന്നും.

---

അമൃതായും കല്പിച്ചിരിക്കുന്നതിനാൽ ഇവിടെ രൂപകത്തിനുപുറമെ ഉല്ലേഖാലങ്കാരവും ഉണ്ട്.

ഉല്ലേഖമൊന്നിനെത്തന്നെ
പലതായിനിനയ്ക്കുക.
അവർണ്ണ്യത്തോടുവർണ്ണ്യത്തി-
ന്നഭേദംചൊല്ലുരൂപകം.

പൂവൽമെയ് = പൂപോലുള്ള ശരീരം. (ഉപമ) ഏവം = ഇപ്രകാരം. ഏവ......വല്ലേൻ = ഇപ്രകാരമെന്നു പറഞ്ഞുബോദ്ധ്യപ്പെടുത്താൻ എനിക്കപ്രയാസമാണ്.

ഒന്നിനൊന്നോടുസാദൃശ്യം
ചൊന്നാലുപമയാമതു്

മേനക = ദേവേന്ദ്രന്റെ വെപ്പാട്ടിമാരിലൊരുവൾ. (ഉർവ്വശി, മേനക, രംഭ, തിലോത്തമ എന്നിവരാണ് പ്രസിദ്ധപ്പെട്ട സ്വർവ്വേശ്യമാർ). പങ്കജയോനി = ബ്രഹ്മാവ്. (വിഷ്ണുവിന്റെ പൊക്കിൾക്കൊടിയിൽ മുളച്ച താമരയിൽനിന്നത്രേ ബ്രഹ്മാവിന്റെ ജനനം.) മംഗല = സുന്ദരി. (സൗഭാഗ്യവതി). മേനക.........തോന്നും മേനക, രംഭ മുതലായ സ്വർഗ്ഗസുന്ദരിമാരെ സൃഷ്ടിക്കുന്നതിനു് ഒരു മാതൃക (Model യുണ്ടാക്കിയതാവാം സുഭദ്രയുടെ ശരീരം—ഉൽപ്രേക്ഷ

മററൊന്നിൻ ധർമ്മയോഗത്താ-
ലതുതാനല്ലയോ ഇതു്
എന്നു വർണ്ണ്യത്തിലാശങ്ക-
യുൽപ്രേക്ഷാഖ്യയലംകൃതി.

അഞ്ചമ്പൻതന്നുടെ ബാണത്തെച്ചന്തത്തിൽ
ചെഞ്ചമ്മേ നിന്നു പിഴിഞ്ഞു പിന്നെ

വെൺതിങ്കൾതന്നെത്തൊലിച്ചുചമച്ചുടൻ
വെണ്മവരുത്തിയലിച്ചുതന്നിൽ

ബാണങ്ങളഞ്ചിൻെറ നന്മണംതന്നെയും
പാർത്തുകണ്ടങ്ങതിലാക്കിപ്പിന്നെ.

ഒന്നിച്ചു നന്നായി നിർമ്മിച്ചുനിന്നാനി–
ക്കന്യകതന്നുടെ പൂവൽമേനി

എന്നങ്ങുചൊല്ലുന്നു കാണുന്നോരെല്ലാരും
എന്നതുംചെഞ്ചെമ്മേ ചേൻകൂടാ

സാരമായുള്ളോരു ലാവണ്യപൂരത്തെ–
പ്പൂരിച്ചുകൊണ്ടൊരു ഭാജനത്തിൽ

---

അഞ്ചമ്പൻ = അഞ്ച് അമ്പുകളുള്ളവൻ (കാമദേവൻ). അഞ്ച പുഷ്പങ്ങളാണ് അമ്പുകൾ. അരവിന്ദമശോകംച / ചൂതംച നവമല്ലികാ
നീലോല്പലം ചപഞ്ചൈതേ / പഞ്ചബാണസ്യ
സായകാഃ

[പൂവമ്പുകൊണ്ടു മർദ്ദിച്ചാൽ വേദനിക്കുമോ?-ലോക്കപ്പ് മർദ്ദനംപോലെപരുക്കേല്പിക്കാതെവേദനിപ്പിക്കും ആ അമ്പുകൾ.] ചെഞ്ചെമ്മേ = വഴിപോലെ. കാമദേവൻെറ പഞ്ചബാണങ്ങൾ കുത്തിച്ചതച്ചു പിഴിഞ്ഞ് സത്തെടുത്ത് ചന്ദ്രൻെറ തൊലിപൊളിച്ച് ശുദ്ധമാക്കി അതിൽ ചാലിച്ച് പഞ്ചബാണങ്ങളുടെ സുഗന്ധവും കൂടി കലർത്തിട്ടുണ്ടാക്കിയതത്രേ സുഭദ്രയുടെ പുഷ്പപേലവകളേബരം. എന്തൊരു ഭാവന! ഇവിടെയാണ് അനുഭവ വേദ്യത. അലങ്കാരം ഉൽപ്രേക്ഷ. ചേൻകൂടാ = ശരിയാകയില്ല. പൂരിച്ച് = നിറച്ച്. ഭാജനം = പാത്രം.

മാനിനിതന്നുടെ യാനനമിങ്ങനെ
മാനിച്ചുനിന്നു ചമച്ചുപിന്നെ

ശേഷിച്ചുനിന്നൊരു ലേശത്തെക്കൊണ്ടുടൻ
ദോഷത്തെക്കൈവിട്ടൊരാനനത്തെ

പിന്നെയും നിർമ്മിച്ചുനിന്നൊരുനേരത്ത-
ത്തിന്ദുവിൻമണ്ഡലമായ്ച്ചമഞ്ഞു.

ക്ഷാളനംചെയ്താനപ്പാണികൾപിന്നെയ-
ന്നാളീകസംഭവന്തോയംതന്നിൽ

എന്നതുകൊണ്ടുനൽപങ്കജജാലങ്ങൾ
ഇന്നുമുണ്ടാകുന്നു തോയംതന്നിൽ

എന്നുമുണ്ടെല്ലാരും ചൊല്ലിനിന്നീടുന്നി-
ക്കന്യകതന്മുഖം കാണുംനേരം

---

ആനനം = മുഖം. മാനിച്ചുനിന്നു് = ഭംഗിയാംവണ്ണം. ദോഷത്തെകൈവിട്ട = കുററംകൂടാത്ത. ഇന്ദു = ചന്ദ്രൻ. ക്ഷാളനം ചെയ്തു = കഴുകുക. നാളീകസംഭവൻ = ബ്രഹ്മാവു് (നാളീകത്തിൽ നിന്നു സംഭവിച്ചവൻ. നാളീകം = താമര. തോയം = വെള്ളം. പങ്കജജാലങ്ങൾ = താമരക്കൂട്ടം. (പങ്കത്തിൽനിന്നു ജനിക്കുന്നതു. പങ്കജം) പങ്കം = ചളി. ഇതു് കവിയുടെ മറെറാരു ഭാവനയാണു്" ലാവണ്യത്തിൻെറ കാമ്പെടുത്തു് ഒരു പാത്രത്തിലാക്കി വേണ്ടുവോള മെടുത്തു് സുഭദ്രയുടെ മുഖം നിർമ്മിച്ച ബ്രഹ്മാവു്. പാത്രത്തിൽ അവശേഷിച്ചതുകൊണ്ടു കോട്ടം കൂടാതെ മറെറാരു മുഖം നിർമ്മിച്ചു. അതാണു് ചന്ദ്രൻ. അതിനുശേഷം കൈകഴുകി. അപ്പോഴാണത്രേ വെള്ളത്തിൽ താമരയുണ്ടായതു്. —ഉൽപ്രേക്ഷയുടെ കോലാഹലം. ഇനി കണ്ണിണയുടെ ഭംഗിയെപ്പററി പറയുന്നു. അതു് മാൻപേടയുടേയും മത്സ്യത്തിൻേറയും അഹംഭാവം കെടുത്തുന്നവയാണു്. അലങ്കാരം ഉപമ.

മാനിന്നും മീനിന്നും മാനത്തെപ്പോക്കന്നോ-
രാനന്ദംതുകമക്കണ്ണിണയും
ചോരിവാകണ്ടത്രേ മൂവന്തിമേഘങ്ങൾ
പാരാതെപോകുന്നു നേരിടായ്വാൻ
കണ്ഠത്തോടേററല്ലോ കംബുക്കളെല്ലാമേ
മണ്ടുന്നു വെള്ളത്തിൽ മുങ്ങിയിന്നും.
വാരുററകൊങ്കതൻചാരുത്വം കണ്ടപ്പോൾ
മേരുക്കന്നഞ്ചുന്നു കിഞ്ചിൽ കിഞ്ചിൽ;
തന്നോടുചേൎന്നുള്ള ലോകരുമെല്ലാരും
ഉന്നിദ്രന്മാരായിമേവിടുന്നു.

---

ഒന്നിനൊന്നോടു സാദൃശ്യം
ചൊന്നാലുപമയാമതു്.

അധരങ്ങളുടെ ഭംഗിയോ? — അന്തിമേഘങ്ങൾ അതുകണ്ടു പരാജയ ഭീതികൊണ്ടു പിൻവാങ്ങുന്നു. — ഉൽപ്രേക്ഷ. ചോരിവാ = ചെഞ്ചുണ്ടു്. മൂവന്തിമേഘങ്ങൾ = പ്രഭാതം, മദ്ധ്യാഹ്നം, സായംകാലം എന്നീ മൂന്നു സമയത്തുമുള്ള മേഘങ്ങൾ. നേരിടായ്വാൻ = നേരിടാതിരിക്കാൻ.

കഴുത്തോ? അതിനോടേററുമുട്ടിത്തോററിട്ടാണത്രേ ശംഖുകൾ വെള്ളത്തിനടിയിൽ ഒളിച്ചിരിക്കുന്നതു്.

കണ്ഠം = കഴുത്തു്. കംബു = ശംഖു്. വാരുററ = ഭംഗിയുള്ള. കൊങ്ക = സ്തനം. ചാരുത്വം = ഭംഗി. മേരുക്കുന്നു് = മഹാമേരു പൎവ്വതം. അഞ്ചുന്നു = അത്ഭുതപ്പെടുന്നു. കിഞ്ചിൽ കിഞ്ചിൽ = അല്പാല്പമായി. അവളുടെ ഭംഗിയുള്ള സ്തനങ്ങൾ കണ്ടു മഹാമേരുപൎവ്വതം അത്ഭുതപ്പെടുന്നുവത്രേ.— ഇവിടെ അയോഗത്തിൽ യോഗം പറഞ്ഞിരിക്കുന്നതിനാൽ 'സംബന്ധാതിശയോക്തി.'

അയോഗത്തിങ്കലെ യോഗം
സംബന്ധാതിശയോക്തിയാം?

തന്നോടു......മേവിടുന്നു = മഹാമേരുവിൽക്കഴിയുന്ന ജീവികൾ ഉറ

അങ്കുരിച്ചീടുന്നരോമാളിതന്നുടെ
ഭംഗിയെച്ചൊല്ലുവാൻവല്ലേൻഞാനോ.
പൂഞ്ചേലതന്നെയുംകാഞ്ചിയെത്തന്നെയും
പൂണ്ടുനിന്നീടുന്നോരൽക്കിടമോ
ഒന്നഞ്ഞൂറായിരം മാരന്മാർമേന്മേലേ
നന്നായിനിന്നുമുളപ്പതിന്നായും
മോഹനമായൊരുലാവണ്യമാകുന്ന
ദോഹളം പൂണ്ടൊരു കേദാരംതാൻ
തിൺതുടതന്നുടെകാന്തിയെച്ചിന്തിച്ചാൽ
മന്ത്രിച്ചേനിന്നോടുചൊൽവാനാവൂ;
ജംഭാരിക്കമ്പുള്ള കുംഭീന്ദ്രന്തന്നുടെ
തുമ്പിക്കൈക്കേചേൻറുള്ള കാന്തിയെല്ലാം.

---

ക്കമൊഴിച്ചിരിക്കയാണത്രേ. ഉന്നിദ്രന്മാർ = ഉറക്കമൊഴിച്ചിരിക്കുന്നവർ. (മേരു കടപുഴകിവീഴുമെന്നു ഭയപ്പെട്ടായിരിക്കാം ഉറങ്ങാത്തതു്") — ഇവിടെയും സംബന്ധാതിശയോക്തി.

ഇനി രോമാളിയെ വർണ്ണിക്കുന്നു. അതിൻെറ ഭംഗി വാചാമഗോചരം. അങ്കുരിക്കുക = മുളയ്ക്കുക. ചൊല്ലുവാൻ വല്ലേൻ = പറയാൻ വയ്യ. കാഞ്ചി = അരഞ്ഞാൺ. അല്ക്കിടം = അരക്കെട്ടു്. മാരന്മാർ = കാമദേവന്മാർ. ദോഹളം = വളം. കേദാരം = വിളനിലം. അരക്കെട്ടുകണ്ടാൽ ആയിരക്കണക്കിനു കാമദേവന്മാർക്കു് മുളയ്ക്കാൻ വേണ്ട ലാവണ്യസാരമാകുന്ന വളമിട്ടിട്ടുള്ള വിളനിലമാണെന്നത്രേ തോന്നുക. ലാവണ്യമാകുന്ന ദോഹളം: രൂപകം ഈ വരികളിൽ അലങ്കാരം ഉൽപ്രേക്ഷ.

ഇനി ഊരുക്കൾ — തിൺതുട = ഭംഗിയുള്ള തുട. [തൺതുട: (തണപ്പുള്ള തുട) എന്നും പാഠാന്തരം.] മന്ത്രിച്ചേ = രഹസ്യമായിട്ടേ. ജംഭാരി = ദേവേന്ദ്രൻ. അമ്പുള്ള = പ്രീതിയുള്ള. കുംഭീന്ദ്രൻ = ഗജശ്രേഷ്ഠൻ. (ഇന്ദ്രൻെറ നാല്കൊമ്പനാനയായ ഐരാവതം)- തുടകൾ

പെട്ടെന്നുചെന്നതുകട്ടുകൊണ്ടിങ്ങുപോ-
ന്നിഷ്ടത്തിൽതങ്കലേ വച്ചുകൊണ്ടു
എന്നതുകൊണ്ടല്ലോ ചേലകൊണ്ടെപ്പോഴും
തന്നെ മറച്ചുനിന്നീടുന്നുതാൻ.
പാദങ്ങൾ തന്നുടെ കാന്തിയെച്ചൊല്ലിനാൽ
പട്ടാങ്ങെന്നിങ്ങനെതോന്നിക്കൂടാ;
മാങ്കണ്ണിമാരുടെ മൗലിതന്മേനിയെ-
ക്കാൺകിലേനിർണ്ണയം വന്നുകൂട്ടൂ.
കീർത്തിപൊങ്ങീടുമക്കന്യകതന്നുടൽ
വാഴ്ത്തുവാനാവതല്ലാർക്കുമോർത്താൽ.
നല്ലോന്നെന്നിങ്ങനെ പിന്നെയും പിന്നെയും
ചൊല്ലിനിന്നീടനാമെന്നേയാവൂ.
വാട്ടമകന്നവനിങ്ങനെചൊന്നതു
കേട്ടുനിന്നീടുന്ന പാർത്ഥനപ്പോൾ
വർണ്ണിച്ചവസ്ഥകൾ വാസ്തവമോയെന്നു
നിർണ്ണയിച്ചീടുവാനെന്നപോലെ
മാനസം തന്നെയയച്ചുനിന്നീടിനാൻ
മാനിനിതന്നുടെമേനിതന്നിൽ

---

ക്കിത്രയ്ക്കു ലാവണ്യം സിദ്ധിച്ചതിന്റെ പിന്നിൽ ഒരു മോഷണത്തിന്റെ കഥയുള്ളതുകൊണ്ടാണു് 'മന്ത്രിച്ചു' പറയുന്നതു്. ഐരാവതത്തിന്റെ തുമ്പിക്കയ്യിന്റെ ഭംഗി അവൾ അപഹരിച്ചുകൊണ്ടുവന്നു തുടകളിൽ ഒളിപ്പിച്ചിരിക്കയാണു്. അല്ലെങ്കിലെന്തിനു ചേലകൊണ്ടു തുടകൾ മറയ്ക്കുന്നു? — ഉൽപ്രേക്ഷ.

ഇനി പാദഭംഗി: പട്ടാങ്ങു് = പരമാർത്ഥം. മാങ്കണ്ണിമാരുടെ മൗലി = സുന്ദരിമാർക്കു ശിരോലങ്കാരഭൂത. വാട്ടമകന്നു് = കോട്ടം കൂടാതെ. വർണ്ണിച്ച + അവസ്ഥകൾ (വർണ്ണിച്ചവസ്ഥകൾ)—

ചെന്നൊരുമാനസമന്നേരംതന്നെയ-
ക്കന്യകമെയ്യിൽ നടക്കുമപ്പോൾ
നാഭിയായ് നിന്നുള്ളൊരാവർത്തന്തന്നിൽവീ-
ണാപന്നമായ് ചമഞ്ഞാണുപോയി.

പോയൊരു മാനസം പേയായിപ്പോകയാൽ
ആയാസം പൂണ്ടൊരു പാർത്ഥനപ്പോൾ
എന്തിനിച്ചെയ്‌വതെന്നന്തരാസന്തതം
ചിന്തയും വെന്തു വെന്തുണ്ടായ്‌വന്നു.
'ശിക്ഷിച്ചനിന്നൊരുലാംഗലിതന്നുടെ
ശിഷ്യനായല്ലൊതാനുള്ളുവെന്നാൽ
ധന്യനായുള്ള സുയോധനന്നത്രേയി-
ക്കന്യകതന്നെയകപ്പെടുന്നു.

---

ആവർത്തം = അഗാധമായ കുഴി. നാഭി = പൊക്കിൾ. ആപന്നമായി = പരവശപ്പെട്ടു. പേയായി = ഭ്രാന്തു പിടിച്ചു. അന്തരാ = ഉള്ളുകൊണ്ടു്. ഗദൻ വർണ്ണിച്ചതൊക്കെ ശരിയാണോ എന്നറിയാനായി അർജ്ജുനൻ തന്റെ മനസ്സു് സുഭദ്രയുടെ ശരീരത്തിലേക്കയച്ചു. അതു് അവിടെയൊക്കെ കയറിയിറങ്ങി, തപ്പിത്തപ്പി നടന്നു. അതാ നാഭിയാകുന്ന കയത്തിൽ പിരണ്ടുവീണു് കരകയറാൻ പററാതെ തകർന്നു് ചുടുചിന്തയിലാണ്ടുപോയി. അർജ്ജുനന്റെ മനസ്സു് സുഭദ്രയിൽ ലയിച്ചു എന്ന പ്രകൃതത്തെ ചമൽക്കാരവത്തായി ഉൽപ്രേക്ഷയും പര്യായോക്തവുമുൾക്കൊള്ളിച്ചുകൊണ്ടു് അലങ്കാരഭാഷയിൽ വർണ്ണിച്ചിരിക്കുന്നു.

പര്യായോക്തമുരച്ചീടിൽ
വാച്യംതാൻ വ്യംഗ്യഭംഗിയിൽ.

ലാംഗലി = കലപ്പ ആയുധമായിട്ടുള്ളവൻ (ബലഭദ്രൻ). സുയോധനൻ = ദുര്യോധനൻ. ബലഭദ്രരുടെ ഉററ ശിഷ്യനാണു് ദുര്യോധനൻ. അതുകൊണ്ടു് സുഭദ്രയെ അയാൾക്കേ ലഭിക്കുള്ളു. തനിക്കു

നാമെല്ലാമിങ്ങനെ കോമളതന്നെയും
കാമിച്ചുപോകെന്നേ വന്നുകൂട്ടം.

കാർമുകിൽവണ്ണനെക്കൊണ്ടന്നതാകിലെൻ
കാരിയമെല്ലാമേ സാധിച്ചൂതും'

ഇങ്ങനെയെല്ലാം നിനച്ചുനിന്നീടുന്ന
മംഗലനാകിന പാണ്ഡവന്താൻ

അംഗജമാലുററു ചിന്തിച്ചാനന്നേരം
മംഗലദേവതാകാമുകനെ.

ദ്വാരകതന്നിലിരുന്നരുളീടുന്ന
വാരിജലോചനനെന്നനേരം

വീരനായുള്ളൊരു പാർത്ഥൻെറ മുന്നിലും
പാരാതെചെന്നങ്ങു നിന്നു പിന്നെ.

കണ്ടൊരുനേരത്തു മണ്ടിയണഞ്ഞവ-
നിണ്ടലും കൈവിട്ടു പൂണ്ടനേരം

പ്രാണസഖിതന്നെഗ്ഗാഢംപുണർന്നിതു
കാരണപൂരുഷനായവനും.

കുന്തീസുതനോടുചൊല്ലിനാൻ കണ്ണനും
'ചന്തത്തിൽനല്ലൊരുതുമൊഴിയും:-

'ബന്ധുക്കളായോരെക്കൊണ്ടുമതിനായൊരു
ബന്ധമുണ്ടായതും ഭാഗ്യമല്ലോ

---

കൊതിച്ചുകൊണ്ടിരിക്കാം. —ഇതാണ് അർജ്ജുനനു തോന്നിയതു്. സാധിച്ചൂതും = സാധിക്കും. കാർമുകിൽവണ്ണൻ = കാർമേഘവണ്ണൻ (കൃഷ്ണൻ). അംഗജമാൽ = കാമതാപം. മംഗലദേവതാകാമുകൻ = ലക്ഷ്മീകാന്തൻ (കൃഷ്ണൻ). വാരിജലോചനൻ = താമരക്കണ്ണൻ (കൃഷ്ണൻ). പാരാതെ = വഴിപോലെ. ഇണ്ടൽ = വ്യസനം. കാരണപൂരുഷൻ = കൃഷ്ണൻ. കുന്തീസുതൻ = അർജ്ജുനൻ.

പാർത്ഥിവനാകിയ ധർമ്മജന്മാവുതാൻ
പൃത്ഥ്വിയും പാലിച്ചുവാഴുന്നിതോ?

വേദനവേറിട്ടു ഭീമനും ചെഞ്ചമ്മെ
മോദിതനായിട്ടു വാഴുന്നോനോ?

മാദ്രീസുതന്മാർക്കും കുന്തിക്കുമമ്പോടു
ഭദ്രമതല്ലയോപാഞ്ചാലിക്കും?

ദുര്യോധനാദിയാം നൂറുകുമാരർക്കും
സ്വൈരമതല്ലയോ ഗാന്ധാരിക്കും?

താതനായുള്ള ധൃതരാഷ്ട്രനുമുള്ളിൽ
പ്രീതനായല്ലയോവാഴുന്നിപ്പോൾ?

ഗംഗാസുതനുംകൃപരുമദ്രോണരും
മംഗലവാന്മാരായ് വാഴുന്നോരോ?

അന്യരായ് നിന്നുള്ളബന്ധുജനങ്ങളും
നന്ദിതരായല്ലീവാഴുന്നിപ്പോൾ?"

ഇങ്ങനെകാർവ്വർണ്ണൻചോദിച്ചതുകേട്ടു
മംഗലമെല്ലാർക്കുമെന്നുചൊന്നാൻ.

മല്ലാരിപിന്നെയും ചൊല്ലിനിന്നീടിനാൻ
വില്ലാളിമൗലിയോടെന്നനേരം:-

---

ത്തുമൊഴി = നല്ലവാക്ക്. പാർത്ഥിവൻ = രാജാവ്. ധർമ്മജന്മാവ് = ധർമ്മപുത്രർ. പൃത്ഥ്വി = ഭൂമി. മോദിതൻ = സന്തോഷിച്ചവൻ. മാദ്രീസുതന്മാർ = നകുലസഹദേവന്മാർ. ഗാന്ധാരി = ദുര്യോധനാദികളുടെ അമ്മ. താതൻ = അച്ഛൻ. ഗംഗാസുതൻ = ഭീഷ്മർ. കൃപരും ദ്രോണരും കൗരവഗുരുക്കന്മാരാണ്. നന്ദിതർ = സന്തുഷ്ടർ. മല്ലാരി = മല്ലനെ നിഗ്രഹിച്ചവൻ (കൃഷ്ണൻ). വില്ലാളിമൗലി = വില്ലാളിത്തലവൻ (അർജ്ജുനൻ)

"എന്നെന്നീ ചിന്തിച്ച കാരണംചൊല്ലേണം
മന്ദതകൈവെടിഞ്ഞെന്നാലിപ്പോൾ."

എന്നതുകേട്ടൊരു പാൎത്ഥനും ചൊല്ലിനാൻ:-
"എന്തു ഞാൻചൊൽവതു തമ്പുരാനേ!

ചിന്തിതമെല്ലാമറിഞ്ഞിട്ടും നിന്നോടി-
ന്നന്ധനായുള്ള ഞാനെന്തുചൊൽവൂ?

എങ്കിലുംചൊല്ലിടാം പങ്കജലോചനാ!
മങ്കമാർമൌലിയാം സോദരിയെ

പാരാതെയാചിക്കമെന്നുടെ മാനസ-
പൂരണംചെയ്യണംകാരണനേ!"

പാൎത്ഥന്റെ ഭാഷണംകേട്ടൊരു കാൎവ്വൎണ്ണൻ
പേൎത്തും പറഞ്ഞിതു മോദത്താലെ:-

"ദുൎയ്യോധനൻ മുന്നേ ചോദിച്ചപോരുന്നു
ഭാൎയ്യയാക്കീടുവാൻ മാധവിയെ.

ദ്വാരകവാസികൾ സമ്മതിച്ചീടിനാർ
സീരിക്കു ശിഷ്യനങ്ങാകകൊണ്ടേ.

ആൎയ്യന്മാരെല്ലാരും കല്പിച്ചതിന്നു ഞാൻ
കാൎയ്യമല്ലെന്നു പറഞ്ഞീടാമോ?

എങ്കിലതിന്നൊരുപായത്തെ ച്ചൊല്ലുവൻ
നിങ്കൽ നിറഞ്ഞുള്ളൊരൻപിനാലേ.

---

മന്ദതകൈവെടിഞ്ഞു് = മടികൂടാതെ. ചിന്തിതം = വിചാരിച്ചതു്. അന്ധൻ = അറിവില്ലാത്തവൻ (കണ്ണുകാണാത്തവൻ). മങ്കമാർമൌലി = സ്ത്രീകൾക്കു ശിരോലങ്കാരമായുള്ളവൾ. മാനസപൂരണംചെയ്യണം = ആഗ്രഹം സാധിപ്പിക്കണം. കാരണൻ = ജഗൽസൃഷ്ടിക്കു ഹേതുഭൂതൻ. പേൎത്തും = വീണ്ടും. മോദം = സന്തോഷം. സീരി : ബലഭദ്രൻ (കലപ്പ ആയുധമായിട്ടുള്ളവൻ). അൻപു്:സ്നേഹം.

ഇന്നു നീ നല്ലൊരു സന്യാസിയാകിലോ
കന്യക തന്നെ ലഭിച്ചുകൂടും"

എന്നതു കേട്ടൊരു പാർത്ഥനും ചൊല്ലിനാൻ
കന്യകതന്നെയും നണ്ണിനണ്ണി:—

"സന്യാസിയാകിലോ കന്യകയെന്തിന്നു
മാന്യങ്ങളായുള്ള വസ്തുക്കളും?

മിത്രരെന്നുള്ളതും ശത്രുവെന്നുള്ളതും
പുത്രരെന്നുള്ളതും ഭോഗങ്ങളും

താതനെന്നുള്ളതും മാതാവെന്നുള്ളതും
ഭ്രാതാവെന്നുള്ളതും ഭൂഷണവും

ജ്യേഷ്ഠന്മാരെന്നും കനിഷ്ഠന്മാരെന്നതും
ഗോഷ്ഠിയായ്വന്നിടും സന്ന്യാസിക്കോ.

ഇത്തരമായവ വേർവ്വിട്ടുകൊൾവാനോ
ശക്തി പുലമ്പുന്നതില്ലെനിക്കോ"

കണ്ണനതുകേട്ടു സന്തോഷവും പൂണ്ടു
തിണ്ണം ചിരിച്ചുടൻ ചൊന്നാനപ്പോൾ:—

"ഭിക്ഷുകവേഷത്തെപ്പൂണ്ടവനിന്നിവ-
യക്ഷണം ചെയ്യണമെന്നുണ്ടോ ചൊൽ.

ലീലകൾ കോലുവാങ്കോലങ്ങൾ പൂണ്ടവൻ
മേലിലവ്വണ്ണമേയായിട്ടുമോ?"

---

നണ്ണിനണ്ണി : വിചാരിച്ചുവിചാരിച്ച്. മിത്രർ : ബന്ധുക്കൾ. ഭ്രാതാവ് : സഹോദരൻ. ഭൂഷണം : ആഭരണം. കനിഷ്ഠൻ : അനുജൻ. ഗോഷ്ഠി : അപഹാസ്യം. ശക്തി പുലമ്പുന്നതില്ലെനിക്കേ : എനിക്കു കഴിവില്ല. തിണ്ണം : ഏററവും.

ലീലകൾ കോലുവാൻ.........മായിട്ടുമോ? : നേരമ്പോക്കായി എന്തെങ്കിലും വേഷംധരിച്ചാൽ അയാൾ എന്നും അതുപോലെ ആയിത്തീ

KOTTAYAM PUBLIC LIBRARY
KOTTAYAM.

എന്നു പറഞ്ഞു യതിവേഷമാക്കിനാൻ
മന്നവന്തന്നെ യക്കണ്ണനപ്പോൾ.
കന്യക തന്നെ ലഭിച്ചു നിന്നീടുവാൻ
ഇങ്ങനെയെന്നു പറഞ്ഞുഞായം
ദ്വാരക പൂകിനാൻ വാരിജലോചനൻ;
വീരനായ് നിന്നുള്ള പാർത്ഥനപ്പോൾ
ധന്യമായുള്ളൊരു സന്ന്യാസവേഷമ-
ക്കന്യകമൂലമായ് കൈതുടന്നാൻ.
സന്ന്യസിച്ചീടിന പാണ്ഡവവീരന-
ക്കന്യകതന്നെയും നണ്ണി നണ്ണി
രൈവതമാകിന പർവ്വതം തന്നുടെ
താഴ്‌വരെ നിന്നു വിളങ്ങിനിന്നാൻ
അന്നൊരു നാളിലനന്തജന്തന്നോടും
ധന്യനായ് നിന്നൊരു കാമപാലൻ
അല്ലലകന്നീടുമാസ്ഥാനം തന്നിലേ
മെല്ലവേ ചെന്നങ്ങു നിന്നു പിന്നെ
ഭക്തനായുള്ളൊരു മന്ത്രിവരനാകും
ഉദ്ധവർ തന്നോടു ചൊന്നാനപ്പോൾ:—

---

രുമോ? —ഭിക്ഷുവേഷം പൂണ്ടവൻ എല്ലാം പരിത്യജിക്കണമെന്നില്ല എന്ന പ്രകൃതവാക്യത്തിനു പ്രതിബിംബമായി പ്രയോഗിച്ചിരിക്കുന്നതിനാൽ ദൃഷ്ടാന്തം.

ദൃഷ്ടാന്തമതിനെ (അവർണ്ണ്യവർണ്ണ്യവാക്യങ്ങൾ
ക്കൊന്നാം ധർമ്മത്തെയെന്നർത്ഥം) ബിംബ—
പ്രതിബിംബങ്ങളാകകിൽ.

യതി : സന്ന്യാസി. മന്നവൻ : രാജാവ് (അർജ്ജുനൻ). പൂകിനാൻ : പ്രാപിച്ചു. രൈവതം : ഒരുപർവ്വതം.

'കാനനഭോജനം പെണ്ണുവാനായിട്ടു
മാനിനിമാരുമായ് നാമെല്ലാരും
കാലത്തുപോകേണം നാളെ'യെന്നിങ്ങനെ
നീലാംബരൻ പറഞ്ഞീടും നേരം
നന്ദിതനായുള്ളൊരുദ്ധവർ കേട്ടുടൻ
നിന്നുള്ള മാലോകരെല്ലാരോടും
കാർവ്വർണ്ണരാമന്മാർ ചൊന്നതറിയിച്ചു
പോവതിനായി മുതിർന്നെല്ലാരും.
ഭക്ഷ്യഭോജ്യാദികളെന്നിവയെല്ലാമേ
തൽക്ഷണം സംഭരിച്ചോരോന്നേതാൻ
നീലക്കാർവ്വർണ്ണനും രാമനുമായിട്ടു
മാലോകരോടും കലർന്നു ചെമ്മേ
കാലമേ പോകത്തുടങ്ങിനാരെല്ലാരും
കാനനഭോജനം പെണ്ണുവാനായ്.
പോയിനിന്നീടുന്ന മാലോകരെല്ലാരും
മായ മകന്നുടൻ പോയിപ്പോയി
രൈവതപർവ്വതം തന്നുടെ ചാരത്തു
പാവനമാം നദീതീരം തന്നിൽ
ചെന്നു നിന്നീടിനാരന്നേരമെല്ലാരും
ഇന്നിലം നല്ലതിതെന്നു ചൊല്ലി

---

നന്ദജൻ : കൃഷ്ണൻ. കാമപാലൻ : ബലഭദ്രൻ. അല്ലലകന്നീടും : ക്ലേശരഹിതമായ. ഉദ്ധവർ : ബലഭദ്രരുടെമന്ത്രി. ഭോജനം പെണ്ണുക : ഭോജനം അനുഭവിക്കുക. നീലാംബരൻ ; നീലവസ്ത്രം ധരിച്ചവൻ ( ബലഭദ്രൻ ). നന്ദിതൻ ; ശ്ലാഘനീയൻ. കാർവ്വർണ്ണരാമന്മാർ : കൃഷ്ണനും ബലരാമനും. ഭക്ഷ്യഭോജ്യാദികൾ : ഭക്ഷണപദാർത്ഥങ്ങൾ. നീലക്കാർവർണ്ണൻ : കൃഷ്ണൻ. കലർന്നു ; ചേർന്നു.

സ്നാനങ്ങൾ മുമ്പായതാചരിച്ചീടിനാർ
മാനിനിമാരോടു കൂടിച്ചെമ്മേ.

ദിവ്യാംബരാഭരണാലേപനങ്ങളാൽ
സർവ്വാംഗമെല്ലാമലങ്കരിച്ചാർ

ഇഷ്ടമായുള്ളോരു ഭോജനം പെണ്ണീട്ടു
തുഷ്ടന്മാരായി വിളങ്ങി നിന്നാർ

പീയൂഷം സേവിച്ചു മേവിനിന്നീടുന്നോ-
രാദിതേയന്മാരങ്ങെന്നപോലെ.

കേളികളൊന്നൊന്നേയാചരിച്ചീടിനാർ
താളം തുടന്നാർ ചിലരുമപ്പോൾ.

പാടിനിന്നീടിനാരാടിനിന്നീടിനാർ
ഓടിനിന്നീടിനാരങ്ങു ചിലർ.

പാരമായുള്ള ഗിരിമുകളേറിനാർ
സാരന്മാരായവരങ്ങു ചിലർ.

അന്നിലം തന്നിലേ നിന്നു വിളങ്ങിന
സന്യാസിതന്നെയും കണ്ടാരപ്പോൾ.

കണ്ടൊരു നേരത്തു കൂപ്പിനിന്നീടിനാർ
ഇണ്ടലകന്നുള്ളൊരുള്ളവുമായ്.

തമ്പദം കുമ്പിട്ടു നിന്നവരോടപ്പോ-
ളമ്പോടു ചൊല്ലിനാൻ സന്യാസീതാൻ:—

---

ചെമ്മേ : ഭംഗിയോടെ. കാലമേ : രാവിലെ. മായമകന്നു്; ഭയംകൂടാതെ. ഇന്നിലം : ഈ പ്രദേശം. സ്നാനം : കുളി. ദിവ്യാംബരാഭരണാലേപങ്ങൾ : ദിവ്യവസ്ത്രങ്ങളും ആഭരണങ്ങളും കളഭം മുതലായ കുറിക്കൂട്ടുകളും. സർവ്വാംഗമെല്ലാം : ശരീരമാസകലം (സർവ്വാംഗം കഴിഞ്ഞിട്ടു് പിന്നെ എല്ലാം എന്ന പ്രയോഗം അനാവശ്യമാണു്.) തുഷ്ടന്മാർ : സന്തോഷിച്ചവർ. പീയൂഷം : അമൃതു്. ആദിതേയ

‘നിർമ്മലരായുള്ള നിങ്ങൾക്കു മേന്മേലെ
നന്മകളേററം ഭവിക്കേണമേ.

ഉത്തമരായുള്ള നിങ്ങൾതന്നുള്ളിലേ
ഭക്തിയെക്കണ്ടു തെളിഞ്ഞു ഞാനോ

എങ്ങു നിന്നിങ്ങിപ്പോളാഗതരായ് നിങ്ങൾ
മംഗളമായിതേ കണ്ടതേററം.’

എന്നതു കേട്ടുള്ള വീരന്മാർ ചൊല്ലിനാർ
വന്നതിങ്കാരണമുള്ളവണ്ണം.

പാരാതെ പോന്നിങ്ങു വന്നു ചൊല്ലീടിനാർ
നേരായി നിന്നൊരു വാർത്തയപ്പോൾ—

‘ധന്യന്മാരായിതേ ഞങ്ങളുമിന്നൊരു
പുണ്യവാന്തന്നെയും കാൺകകൊണ്ടേ.’

എന്നവർ ചൊല്ലുമ്പോൾ ലാംഗലി ചോദിച്ചാ-
‘നെന്നിലം തന്നിൽനിന്നെ’ന്നിങ്ങനെ.

വീരന്മാരെന്നതു നേരം പറഞ്ഞിതു
സീരി തന്നോടുടൻ സാരമായി:-

‘നമ്മുടെ ചാരത്തു കാണുന്നൊരദ്രിമേൽ
നിർമ്മലനായൊരു ഭിക്ഷുകന്താൻ

മേവിനിന്നീടുന്നോൻ ഞങ്ങളവനെയും
സേവിച്ചുകൊണ്ടല്ലോ പോന്നുകൊണ്ടു.’

എങ്കിൽ നമുക്കങ്ങു കാണണമെന്നിട്ടു
പങ്കജനേത്രനും താനുമായി

---

ന്മാർ : അദിതിയുടെ പുത്രർ (ദേവന്മാർ). (അലങ്കാരം ഉപമ). കേളി : വിനോദം. പാരമായുള്ള : ഉന്നതമായ. ഗിരി : മല. സാരന്മാർ : ബലവാന്മാർ. ഇണ്ടൽ : ദുഃഖം. ഉള്ളം : മനസ്സ്. തമ്പദം : അദ്ദേഹത്തിന്റെ കാലുകൾ. പാരാതെ : വഴിപോലെ.

ഉത്തമന്മാരായ യാദവന്മാരോടും
ഒത്തു നടന്നങ്ങു പോയിപ്പോയി

പാരാതെ ചെന്നു ഗിരിമുകളേറുമ്പോൾ
ദൂരവേ കാണായി സന്ന്യാസിയെ.

കാന്തിപൂണ്ടേററം വിളങ്ങിനിന്നീടുന്ന
കാന്താരവാസിയാം കൗന്തേയനെ

പൂർവ്വാചലം തന്നിൽ മേവിനിന്നീടുന്ന
സൂര്യന്താൻ നിന്നു വിളങ്ങും പോലെ.

ദൂരത്തു നിന്നവർ ചാരത്തു ചെന്നിട്ടു
നേരൊത്തു കൂപ്പി വണങ്ങി നിന്നാർ.

മസ്കരി തന്നെ നമസ്കരിച്ചങ്ങനെ
സല്ക്കരിച്ചമ്പിനോടായവണ്ണം

വാസ്തവരീതിയെ ച്ചേർത്തു നിന്നീടുന്ന
ശാസ്ത്രങ്ങൾകൊണ്ടു പറഞ്ഞു പിന്നെ

നിർമ്മലനായൊരു ദിവ്യനെന്നിങ്ങനെ
തന്മനം തന്നിലുറച്ചനേരം

---

ലാംഗലി : ബലഭദ്രർ. എന്നിലം : ഏതുസ്ഥലം. സീരി : ബലഭദ്രർ. അദ്രി : പർവ്വതം. ചാരത്തു് : സമീപത്തു്. ഭിക്ഷുകൻ : സന്ന്യാസി. പോന്നുകൊണ്ടു : വന്നു. കാണണമെന്നിട്ടു : കാണണമെന്നു വിചാരിച്ചു് (സംസ്കൃതത്തിൽ 'ഇതി' എന്ന പ്രയോഗത്തിനു് ഇതിമതാ എന്നർത്ഥം സിദ്ധിക്കുന്നതുപോലെ മലയാളത്തിലും ചെയ്തിരിക്കുന്നു.) പങ്കജനേത്രൻ : താമരക്കണ്ണൻ (കൃഷ്ണൻ). കാന്താരവാസി : കാട്ടിൽ വസിക്കുന്നവൻ. കൗന്തേയൻ : കുന്തിയുടെ പുത്രൻ. (എത്ര സുഖമായി ഇരട്ടപ്പേരുസാധിച്ചിരിക്കുന്നു! അതു സംസ്കൃതത്തിൻെറ ഭാഗ്യം. കുഞ്ചിയമ്മയുടെ മകനെ 'കൗഞ്ചേയൻ' എന്നു പറയാൻ മലയാളത്തിനു സ്വാതന്ത്ര്യമില്ല.) പൂർവ്വാചലം : ഉദയപർവ്വതം – ഉദയപർവ്വതത്തിൽ സൂര്യനെയെന്നപോലെ രൈവതത്തിൽ കാന്തിമാനായ അർജ്ജുന

ധന്യനായ്‌ നിന്നൊരു ലാംഗലി ചൊല്ലിനാൻ
തന്നിലെ നണ്ണിന കാരിയത്തെ:-
'പാരാതെ'ഴുന്നള്ളവേണമിന്നമ്പോടു
ദ്വാരകയായ നഗരി തന്നിൽ
പാവനമാക്കേണം സജ്ജനമെപ്പൊഴും
സേവചെയ്തീടുന്ന പാദത്താലേ.
എന്നതുകേട്ടൊരു കണ്ണനും ചൊല്ലിനാൻ
നിന്നൊരു ലാംഗലിതന്നെ നോക്കി
'സർവ്വസംഗത്തെയും കൈവെടിഞ്ഞിങ്ങനെ
പർവ്വതം തന്നിലിരുന്നുകൊണ്ടു്
ശർവ്വ പദാംബുജമുള്ളിലുറപ്പിച്ച
സർവ്വദാ സേവിച്ചു മേവിടുന്ന
ഉത്തമരായ ജനങ്ങളെക്കൊണ്ടുപോയ്‌
വൃത്തിപിഴപ്പിപ്പാനോക്കൊല്ലാതെ'.
വാരിജലോചനൻ ചൊന്നൊരു നേരത്തു
സീരിയും ചൊല്ലിനാൻ നേരൊടപ്പോൾ:-
'യോഗികൾ മാനസപീഡയുണ്ടാക്കൊലാ
ഭോഗിയായുള്ള നിൻവാക്കിനാലേ,
ബാലനായുള്ള നീയേതുമറിഞ്ഞീടാ
ലീലകളെന്നിയേ പിന്നെയൊന്നും

---

നെക്കണ്ടു. സന്യാസിയുടെ തേജസ്സ്‌ ദ്യോതിപ്പിക്കുന്ന സൂര്യനോടുള്ള ഉപമ. ചാരത്തു്‌ : അരികെ. നേരൊത്തു്‌ : അകളങ്കമായി. മസ്കരി : സന്യാസി. വാസ്തവരീതി : സത്യസ്ഥിതി. നണ്ണിന : വിചാരിച്ച. കാരിയം : കാര്യം, സർവ്വസംഗം : എല്ലാററിനോടുമുള്ള മമത. ശർവ്വപാദാംബുജം : ശിവൻെറ കാൽത്താമര. സർവ്വദാ : എല്ലായ്പ്പോഴം. വൃത്തി പിഴപ്പിപ്പാൻ = ധർമ്മചര്യക്കു വിഘ്നം വരു

എല്ലാം സമമല്ലോ ചൊല്ലുള്ളദിക്കെന്നു
നല്ലവർ ചൊല്ലീട്ടു കേൾപ്പില്ലയോ?
നാടെന്നും കാടെന്നും കൂടിനിരൂപിക്കിൽ
വാടാതെ തന്നെ യഭേദമല്ലോ.
എല്ലാവരുമായിട്ടിന്നിവൻ തന്നെ നാം
അല്ലൽ പോമ്മാറുടൻ കൊണ്ടുപോയി
നന്മ കലർന്നൊരു മന്ദിരം തന്നിലേ
മേന്മയോടിന്നു നാം വച്ചു കൊൾവൂ'
എന്നെല്ലാം ചൊല്ലിയസ്സന്ന്യാസിതന്നോടും
ഒന്നിച്ചു പൂകിനാൻ പൂരിലപ്പോൾ.
ചാരുവായുള്ളൊരു മന്ദിരം തന്നിലേ
നേരേയങ്ങാക്കിനാൻ യോഗിയേയും.
'ഉത്തമനായൊരു മസ്കരിയുണ്ടുപോൽ
ഇസ്ഥലം തന്നിലെഴുന്നള്ളുന്നു'

---

ത്താൻ. യോഗികൾ മാനസപീഡ = യോഗികളുടെ മനസ്സിനു ക്ലേശം. ഭോഗി = പ്രപഞ്ചപ്രിയൻ. ലീല = വിനോദം.

എല്ലാം സമമല്ലോ......... കേൾപ്പില്ലയോ? = പ്രസിദ്ധങ്ങളായ പ്രദേശങ്ങൾ ഏതായാലും എല്ലാം ഒരുപോലെതന്നെയാണ് (യോഗികൾക്ക്) എന്ന് അഭിജ്ഞന്മാർ പറഞ്ഞുകേട്ടിട്ടില്ലേ?— ഇവിടെ "ചൊല്ലുള്ള ദിക്ക്" = പ്രസിദ്ധപ്പെട്ട സ്ഥലം എന്നർത്ഥം. 'ചൊല്ലുള്ള തീക്ക്' എന്നൊരു പാഠമുണ്ട്. അതു സ്വീകരിക്കയാണെങ്കിൽ തീയിൽ പെട്ടാൽ എല്ലാം ഒരുപോലെയാണ്; ചാമ്പലാകും എന്നർത്ഥം പറയാം. ചൊല്ലുള്ള തീ = ഉഗ്രമായ തീ. എന്നർത്ഥം. "നാടെന്നും.........അഭേദമല്ലോ" = നാടും കാടും തമ്മിൽ എന്താണ് വ്യത്യാസം? (യോഗികൾക്ക് രണ്ടും ഒരുപോലെ). അർജ്ജുനൻ രൈവതത്തിലിരുന്നാലും ദ്വാരകയിലേയ്ക്കു

എന്നങ്ങു ചൊല്ലി വരുന്ന ജനങ്ങളു-
മൊന്നിച്ചുകൂടി വണങ്ങിച്ചൊന്നാർ:—
'യോഗ്യതപൂണ്ടുള്ള നിങ്ങൾ വരുവാനോ
ഭാഗ്യമിന്നെങ്ങളിലെത്തിക്കൂടി
വററാതൊരമ്പിനാൽ തെറെറന്നിവിടേക്കു
കുററങ്ങളെന്നതും പററായിന്നു്.
സന്തുഷ്ടനായുള്ളൊരന്തണ മന്ദിരം
അന്തികേയുണ്ടല്ലോ സന്തതവും
ഭിക്ഷയെനൽകുമവരങ്ങു നിത്യവും
ശിക്ഷയിൽ'എന്നങ്ങു ചൊല്ലിപ്പിന്നെ

---

വന്നാലും വ്യത്യാസമില്ലെന്നു ബലദേവൻ സമർത്ഥിക്കയാണു്. അല്ലൽ പോമ്മാറു് = ദുഃഖം നീങ്ങുമാറു്. മേന്മയോടെ = അന്തസ്സായി. പൂരിൽ = നഗരത്തിൽ (ദ്വാരകയിൽ). വററാതൊരമ്പു് = അസ്തമിക്കാത്ത സ്നേഹം. തെറെറന്നു് = പെട്ടെന്നു്.

**സന്തുഷ്ടനായുള്ളൊരന്തണമന്ദിരം:** ഇവിടെ അന്തണമന്ദിരം എന്നതു സംബന്ധികാതത്പുരുഷസമാസമാണു്. മന്ദിരം എന്ന ഉത്തരപദത്തിന്മേലേ മററു വിശേഷണങ്ങൾ അന്വയിക്കാവൂ. എന്നാൽ, സന്തുഷ്ടനായ എന്ന വിശേഷണം 'അന്തണ' (ബ്രാഹ്മണൻ) പദത്തിലേക്കന്വയിച്ചേ പററൂ. വ്യാകരണദൃഷ്ട്യാ അതു ശരിയല്ല.

"സമാസത്തിൽപ്പരാധീന-
പ്പെട്ടുപോയ പദങ്ങളിൽ
ദാസദാസന്യായരീത്യാ
ചേരാ ബാഹ്യവിശേഷണം." എന്നു കേരളപാണിനീയത്തിൽ പ്രമാണമുണ്ടു്. പക്ഷേ, എഴുത്തച്ഛനും ഇത്തരം പ്രയോഗങ്ങൾ സ്വീകരിച്ചിട്ടുണ്ടു്. 'ദേവദത്തസ്യ ഗുരുപദം' എന്നു് ആർഷപ്രയോഗമുള്ളതും ശ്രദ്ധേയമാണു്.

അന്തികേ = അരികെ. സന്തതവും = എല്ലായ്പോഴും. ശിക്ഷ

‘മംഗലനാംഭവാൻ നൽകീടുകവേണം
എങ്ങൾക്കനുജ്ഞയെയിന്നുനേരെ
എന്നെല്ലാം ചൊല്ലി വണങ്ങുമവർക്കപ്പോൾ
നന്നായനുജ്ഞയും നൽകിനിന്നാൻ
യാത്രവഴങ്ങിപ്പുറപ്പെട്ടാരെന്നപ്പോൾ
പേർത്തുമന്നാരിമാരോടുംകൂടി
യാദവന്മാരുമായൊന്നിച്ചു നിന്നവർ
മോദേന മേവിനാരാലയത്തിൽ.
മംഗലജാലങ്ങൾ പൊങ്ങിനിന്നെങ്ങുമേ
ഭംഗിതേടീടും മഠംതന്നിലേ
കാമനു കോമരമായിനിന്നങ്ങനെ
കോമളനാമപ്പൻ വാഴുംകാലം
സീരവരായുധപാണി താൻ ചെഞ്ചെമ്മേ
വാരിജലോചനനോടുംകൂടി
ധന്യനായ് നിന്നൊരു സന്ന്യാസിതന്നെയും
ചെന്നു വണങ്ങിനാൻ ചൊവ്വിനോടേ.
മന്ദതകൈവിട്ടു സന്ന്യാസി തന്നോടു
നിന്നൊരുസീരിയും ചൊന്നാനപ്പോൾ:-
‘മാരിപൊഴിയുന്ന കാലമണഞ്ഞുതേ
ഘോരമായുള്ളൊരു കാററുമായി.

---

യിൽ = ഭംഗിയായി; കേമമായി എന്നെല്ലാം അർത്ഥത്തിൽ നമ്പൂരിമാർ ഉപയോഗിക്കാറുണ്ടു്. അനുജ്ഞ = കല്പന (പോകാൻ അനുവാദം). ആലയം = ഭവനം. മംഗലജാലങ്ങൾ = നന്മയുടെതികവു്. കാമനുകോമരം = കാമദേവനു വെളിച്ചപ്പാടു്. സീരവരായുധപാണി = സീരവരമാകുന്ന ആയുധം പാണിയിലുള്ളവൻ (ബലഭദ്രൻ). വാരിജലോചനൻ = താമരക്കണ്ണൻ (കൃഷ്ണൻ). ചൊ

ദൂരവേ നിന്നുടനാരുമേ കൂടാതെ
നേരോടെ ഭിക്ഷ ലഭിച്ചീടാതെ

ഇങ്ങുനിന്നിങ്ങനെ വേദനകോലൊല്ലാ
മംഗലനായ ഭവാനിന്നിപ്പോൾ:
അന്തഃപുരത്തിലൊരു ഗൃഹം തന്നിലേ
ചന്തത്തിൽ വാണീടാമന്തികത്തിൽ

ഭിക്ഷ തരുവാനും ശുശ്രൂഷ ചെയ്യാനും
ശിക്ഷയിലാമല്ലോ ചാരത്തെങ്കിൽ.

മച്ചകമുണ്ടു നന്മാളികതാനുണ്ടു
മെച്ചമായുള്ളവയെല്ലാമുണ്ടു്.

നിഷ്കടമുണ്ടു നൽദീർഘികയുമുണ്ടു
പുഷ്കരമാദിയാം പുഷ്പമുണ്ടു്.
നാലുമാസംകഴിച്ചീടേണമേ ഭവാൻ
ആലയം തന്നിൽ നിന്നെ'ന്നിങ്ങനെ

കാമപാലൻെറ വചനങ്ങൾകേട്ടപ്പോൾ
കോമളനാകിയ കണ്ണൻ ചൊന്നാൻ—

'കാട്ടിൽക്കിടക്കുന്ന സന്യാസിതന്നെയും
നാട്ടിലും കൊണ്ടന്നു വച്ചു പിന്നെ

കാട്ടിയ കോട്ടികൾ പോരയെന്നോർത്തിട്ടോ
വീട്ടിലിരുത്തുവാൻ ചിന്തിക്കുന്നു'?

നാട്ടിലെ ലോകർ ചിരിക്കമാറാകുമ്പോൾ
കൂട്ടായിവന്നീടാ ഞാനും ചെമ്മേ.

---

വ്വിനോടെ = ഭംഗിയായി. മാരിപൊഴിയുന്ന കാലം = മഴക്കാലം. വേദന്‌കോലൊല്ലാ = വേദന പൊറുക്കരുതു്. അന്തികത്തിൽ = അരികെ. മച്ചകം = കിടപ്പറ. നിഷ്കടം = ഗൃഹാരാമം.

പട്ടാങ്ങെന്നിങ്ങനെ തോന്നീലായെങ്കിലോ
ഇഷ്ടമായുള്ളതു ചെയ്തുകൊൾവൂ'

ദേവകീനന്ദനൻ ചൊല്ലുകേട്ടു ബല—
ദേവനും ചൊല്ലിനാനേവമപ്പോൾ:-

ഒല്ലാതകാരിയം ചിന്തിച്ചേനല്ല ഞാൻ
എല്ലാരും സമ്മതിയായതത്രേ.

മേദിനീപാലന്മാരായവരും പിന്നെ
മോദിതരാകിയ ഭൂസുരരും

താപസന്മാരെയും ഭിക്ഷുകന്മാരെയും
താപമകലുവാൻ പൂജിച്ചീടും.

എന്നുള്ള കേളിയുമില്ലേ നിനക്കിപ്പോൾ
ഇന്നിതിനെന്തൊരു കുററം ചൊൽവാൻ?

എന്നെല്ലാം ലാംഗലി ചൊന്നതു കേട്ടപ്പോൾ
നിന്നൊരു കണ്ണന്താനെന്നനേരം

മന്ത്രിച്ചു ചൊല്ലിനാൻ ലാംഗലി തന്നോടു
ചിന്തിച്ചു നിന്നു നറുങ്ങുനേരം:-

'സജ്ജനമായുള്ളൊരജ്ജിനത്തിനൊരു
നിർജ്ജനമായൊരു ഗേഹമിപ്പോൾ

---

ദീർഘിക = കുളം. പുഷ്കരം = താമര. കോട്ടികൾ = ഗോഷ്ഠികൾ. പട്ടാങ്ങ് = പരമാർത്ഥം. ഒല്ലാതകാരിയം = ചെയ്യരുതാത്തകാര്യം. സമ്മതിയായതു് = സമ്മതിച്ചതു്. മേദിനിപാലന്മാർ = ഭൂമിപാലകന്മാർ (രാജാക്കന്മാർ). മോദിതർ = സന്തുഷ്ടർ. ഭൂസുരർ = ബ്രാഹ്മണർ. കേളി = കേൾവി. ലാംഗലി = ബലരാമൻ. നറുങ്ങുനേരം = അല്പസമയം. നിർജ്ജനം = ആളില്ലാത്ത. ഗേഹം = വീടു്.

നിഷ്കളസേവയെച്ചെയ്യ്വതിനായിട്ടു
സല്ക്കരിച്ചീടുന്നതെങ്ങനെ നാം'?

എന്നതു കേട്ടൊരു സീരിതാൻ ചൊല്ലിനാൻ:-
'കന്യക തന്നുടെ ഗേഹമാവൂ.

നിർജ്ജനമായൊരു മറെറാരു ദേശവു-
മിജ്ജനത്തിന്നു നിരന്നുകൂടാ.

വന്ദിച്ചു നിന്നാലക്കന്യക തന്നുടെ
ചിന്തിതം തന്നെയും വന്നുകൂട്ടും.

ധന്യനായ് നിന്നൊരിസ്സന്ന്യാസി വന്നതു
കന്യക തന്നുടെ ഭാഗ്യമത്രേ.

സേവിച്ചുകൊള്ളുകിൽ വാഞ്ഛിതം നൽകുവാൻ
കേവലമിന്നിവൻ പോരുമല്ലോ....'

കോമളനായൊരു കണ്ണനോടിങ്ങനെ
കാമപാലൻ പറഞ്ഞീടും നേരം

മാധവൻ ചൊല്ലിനാൻ നീതിയിലെന്നപ്പോൾ:-
'ബാധയില്ലേതുമിതിന്നു പാർത്താൽ

വാനപ്രസ്ഥന്നിതിൻ മീതെയിന്നൊന്നുമേ
ദാനം ചെയ്യാവതുമില്ലയല്ലോ

മൂലഫലാദിയും തിന്നു വനം തന്നെ—
യാലയമാക്കുന്ന മസ്കരിക്കോ

പാലും പഴവും ഭുജിച്ചു വസിപ്പതു
ബാലിക തന്നോടു കൂടിച്ചെമ്മേ.

---

നിഷ്കളസേവ = ഈശ്വരസേവ. സല്ക്കരിച്ചീടുന്നതു് = നല്കുന്നതു്.
നിരന്നുകൂടാ = യോജിക്കയില്ല. വാഞ്ഛിതം = ആഗ്രഹം.
പോരുമല്ലോ = മതിയാകുമല്ലോ. ബാധയില്ല = തടസ്സമില്ല.

KOTTAYAM PUBLIC LIBRARY
KOTTAYAM.

മംഗലമായിട്ടു മിങ്ങനെയുള്ളൊരു
സംഗതിയൊന്നുമേ വന്നുകൂടാ'

എന്നെല്ലാം മാധവൻ ചൊല്ലുന്നതു കേട്ടു
നിന്ന ഹലധരൻ ചൊന്നാനപ്പോൾ:-

'ഉത്തമനായൊരു താപസന്തന്നെത്തൊ—
ട്ടീത്തരം ചൊൽവതു യോഗ്യമോ താൻ?

സാരനായുള്ളൊരു സന്ന്യാസി താനെന്നു
നേരേ നിന്നുള്ളത്തിൽ തോന്നീലയൊ?

കാമ ക്രോധാദികൾ കൈവെടിഞ്ഞിങ്ങനെ
നാമസ്മരണവും പൂണ്ടുചെമ്മേ

മേവിനിന്നീടുന്ന കേവലന്തന്നെത്തൊ—
ട്ടേവം നീയെങ്ങനെ ചൊൽവാനാവൂ?

മുന്നം നീ പർവ്വതം തന്നിന്നു ചൊന്നതും
ഇന്നു പറഞ്ഞതും ചിന്തിക്കുമ്പോൾ

---

ആലയം = ഗൃഹം. ഹലധരൻ = ബലദേവൻ. സാരൻ = ഉഗ്രൻ. നാമസ്മരണം = ഈശ്വരനാമസ്മരണം. "കാമക്രോധാദികൾ.........ചൊൽവാനാവൂ: കാമം, ക്രോധം, ലോഭം, മദം, മോഹം, മാത്സര്യം മുതലായവയുമായി ബന്ധമില്ലാതെ എല്ലാപ്പോഴും ഈശ്വരനാമങ്ങൾ ഉരുവിട്ടുകൊണ്ടിരിക്കുന്ന മഹാശയനെക്കുറിച്ച് ഇങ്ങനെയൊക്കെപ്പറയാൻ നിനക്കെങ്ങനെ നാവുപൊങ്ങുന്നു?—

പർവ്വതം തന്നിന്നു = (രൈവത) പർവ്വതത്തിൽവെച്ച്...

ബലഭദ്രരുടെ നിർദ്ദേശങ്ങളോരോന്നും അർജ്ജുനകാര്യത്തിനു് അനുകൂലമായിത്തീരുന്നതോടൊപ്പം കൃഷ്ണൻ തടസ്സങ്ങളുന്നയിച്ച താക്കീതുകൾ നല്കുന്നു. ജ്യേഷ്ഠന്റെ സ്വഭാവം നല്ലപോലെ നിശ്ചയമുണ്ടു് കൃഷ്ണനു്. തനിക്കനുകൂലമായ രീതിയിൽ തീരുമാനങ്ങൾ ചെയ്യു

നേരേ നീനക്കിന്നിത്താപസന്തന്നോട്ട
പാരമസൂയയുണ്ടെന്നു തോന്നും.

ഇന്നു ഞാൻ ചൊല്ലുന്ന നന്മൊഴി കേൾക്കണം
മന്ദത കൈവെടിഞ്ഞെന്നാലിപ്പോൾ.

ശർവ്വാംശോൽഭൂതനാം മാമുനിമൗലിതാൻ
ദുർവ്വാസസ്സെന്നുണ്ടു പേരുടയോൻ

യാദവരാജന്റെ മന്ദിരം തന്നിലേ
മോദേന വാണിതു നാലുമാസം

അന്നവന്തന്നുടെ പൂജയെച്ചെയ്തു
മന്നവന്തന്റെ നിയോഗത്താലേ

നമ്മുടെയച്ഛനു സോദരിയായൊരു
നിർമ്മലയാകിയ കന്യക താൻ.

താപസന്തന്നുടെ സേവ ചെയ്തിങ്ങനെ
താപമകന്നവൾ വാഴുംകാലം

വന്ദിതനായൊരു മാമുനി താനപ്പോൾ
വന്ദിച്ചു നിന്നൊരു കന്യകയ്ക്കായ്

നല്ലോരു മന്ത്രമുപദേശിച്ചീടിനാൻ
കല്യാണമെന്നതു കൈവരുവാൻ

---

കിട്ടാൻ ഇത്തരം താക്കീതുകളാണ് കൂടുതൽ ഉപയോഗപ്പെടുന്നത്. ഇവിടെ കവിയുടെ മനുഷ്യഹൃദയ മർമ്മജ്ഞത വെളിപ്പെടുന്നു.

മന്ദത = സംശയം. ശർവ്വാംശോൽഭൂതൻ = ശിവന്റെ കലയിൽനിന്നു ജനിച്ചവൻ. മാമുനിമൗലി = മഹർഷിമാരിൽ ശ്രേഷ്ഠൻ. യാദവരാജൻ = യാദവന്മാരുടെ രാജാവ്: ശൂരൻ എന്ന യാദവരാജാവ്. നമ്മുടെയച്ഛനുസോദരി = കുന്തീദേവി. കുന്തീദേവി ദുർവ്വാസാവിനെ പൂജിച്ചു പ്രസാദിപ്പിച്ച് മന്ത്രങ്ങൾ സമ്പാദിച്ച കഥ ബലഭദ്രർ കൃഷ്ണനെ അനുസ്മരിപ്പിക്കയാണ്.

എന്നതു കൊണ്ടല്ലോ ഖിന്നത കൈവെടി-
ഞ്ഞിന്നു വിളങ്ങുന്നു കുന്തീദേവി

എന്നുള്ള കേളിയുമില്ലേ നിനക്കിപ്പോൾ
പിന്നെയിവൻ മഹാഭാഗനല്ലോ.

മററും ചില നൃപകന്യകമാരെല്ലാം
ഉററവർ തന്നുടെ ചൊല്ലുകേട്ടു

വേദിയർ പൂജയെച്ചെയ്തതു മൂലമായ്
ഖേദങ്ങൾ കൈവിട്ടു വാണുകൊണ്ടാർ.

വാരിജലോചനന്തന്നോടു നേരോടെ
സീരിതാനെന്നെല്ലാം ബോധിപ്പിച്ച്

മന്ദത കൈവിട്ടു സന്ന്യാസിതന്നോടു-
നിന്നു ഹലധരൻ ചൊന്നാൻ പിന്നെ:-

"ആശ്രവയായൊരു കന്യകയുണ്ടുള്ള
ശുശ്രൂഷിച്ചീടുവാൻ ഭക്തിയോടെ.

പാദപരാഗങ്ങൾ കൊണ്ടവൾ മന്ദിരം
പാവനമാക്കുകയെന്നേ വേണ്ടു."

ഇങ്ങനെ ചൊന്നവന്തന്നെയും മെല്ലെയ-
ക്കന്യകാമന്ദിരം തന്നിലാക്കി

മററുള്ള വേലകളാചരിച്ചീടിനാൻ
തെറെറന്നു പോയ്പ്പിന്നെ ലാംഗലിതാൻ.

ധന്യനായുള്ളൊരു കന്യക ചാരത്തു
സന്ന്യാസിവന്നതു കണ്ടനേരം

---

മഹാഭാഗൻ = പരമയോഗ്യൻ. വേദിയർ = വേദജ്ഞാനികൾ. ആശ്രവയായുള്ള = പറഞ്ഞതനുസരിക്കുന്ന. പാദപരാഗം = കാലിലെ പൊടി. കന്യകാമന്ദിരം = കന്യകയുടെ മന്ദിരം.

പെട്ടെന്നെഴുന്നേററു തുഷ്ടയായ്യേവിന്നാൾ
ഇഷ്ടനെക്കാണുമ്പോഴെന്നപോലെ.
തന്നിലേ നണ്ണിനാൾ മന്മഥമാലുററു
‘സന്ന്യാസിയല്ലിതു നിണ്ണയം താൻ,
എന്നുടെ മാനസം ഖിന്നമാക്കീടുവാൻ
ഛന്നനായ്വന്നൊരു കാമനത്രേ.
കണ്ടതുകൊണ്ടേയെന്നംഗങ്ങൾ മാഴ്കുന്നു.
മിണ്ടുവാന്തന്നെയും വല്ലേൻ ചെമ്മേ.
എങ്ങനെയിന്നിവൻ പൂജയെച്ചെയ്‌വു ഞാൻ
നിന്നു പൊറുക്കരുതായുന്നിപ്പോൾ’
ഇങ്ങനെ ചിന്തിച്ചു വന്ദിച്ചു നിന്നാള-
മ്മംഗലന്തന്നുടെ പാദങ്ങളെ.
നന്ദിച്ചു നിന്നൊരു കന്യകയോടവൻ
നന്ദിച്ചു ചൊല്ലിനാന്മന്ദമപ്പോൾ.
‘മന്മഥന്തന്നുടെ മംഗലമായൊരു
മന്ദിരമായി വിളങ്ങുമിന്നീ
ഇഷ്ടനായുള്ളൊരു കാന്തനുമായിട്ടു
തുഷ്ടയായ്യേവുക’യെന്നിങ്ങനെ
എന്നതു കേട്ടൊരു കന്യകതാനപ്പോൾ
തന്നിലേ നണ്ണിനാൾ ഖിന്നയായി.

---

തുഷ്ടയായ് = സന്തോഷിച്ചവൾ. മന്മഥമാലുററ = കാമപാരവശ്യം കൊണ്ടു്. ഛന്നനായ്‌വന്നു് = വേഷംമാറിവന്നു്. മിണ്ടുവാൻതന്നെയും വല്ലേൻ = മിണ്ടാൻപോലും കഴിയുന്നില്ല. നിന്നുപൊറുക്കരുതായുന്നു = നിന്നുപൊറുക്കാൻതന്നെ സാധിക്കാതായിരിക്കുന്നു. മംഗലൻ = സ്നിഗ്ദ്ധരൂപൻ. മന്മഥന്തന്നുടെ മന്ദിരം = കാമദേവന്റെ ആവാസരംഗം. ഇന്നീ = ഈ നീയ്യു്. തുഷ്ടയായ് = സന്തോഷമുള്ളവൾ.

'ഇഷ്ടനായുള്ളതോ മററാരുമല്ലല്ലോ
കഷ്ടമായല്ലോ ചമഞ്ഞുകൂടി.
ഇച്ചൊല്ലിനിന്നുള്ളോരാശിയെക്കോലുവാൻ
ഇജ്ജന്മമല്ലെനിക്കെന്നു വന്നു.
സജ്ജന വാക്കിനു സത്യതയില്ലെന്നും
ഇജ്ജനം മൂലമായ് വന്നു കൂടി.
കന്ദർപ്പന്തന്നുടെ കാന്തിയെ വെല്ലുന്ന
സുന്ദരനായൊരു പാർത്ഥന്തന്നിൽ
മുന്നമേ ചെന്നുള്ളോരെന്നുടെ മാനസം
തന്നിലേ യാക്കന്നോനിന്നിവന്താൻ.
ഇങ്ങനെ നണ്ണിന മംഗലതാനപ്പോൾ
അംഗജ മാലുററു നിന്നനേരം
പാർത്ഥനോടായിട്ടു ചൊല്ലിനിന്നീടിനാൾ
ആർത്തയായ് നിന്നങ്ങു തന്നിൽ മെല്ലെ:-
"നിന്നുടെ കോരകമായി നിന്നീടുന്നോ-
രെന്നുടെമാനസം തന്നെയിപ്പോൾ

---

ഇച്ചൊല്ലിനിന്നുള്ളോരാശിയെ ക്കോലുവാൻ = ഇപ്പോൾ പറയപ്പെട്ട ആശീർവാദം അനുഭവത്തിലാവാൻ.

സജ്ജനവാക്കിനു......വന്നുകൂടി = സജ്ജനങ്ങൾ പറയുന്നതൊക്കെ പരമാർത്ഥമായിട്ടേ ഭവിക്കാറുള്ളു; എന്നാൽ ഞാൻ നിമിത്തം അതു മറിച്ചാണ് സംഭവിക്കാൻ പോകുന്നതു്. കന്ദർപ്പൻ : കാമദേവൻ. തന്നിലേയാക്കന്നോനിന്നിവൻതാൻ : (അർജ്ജുനനിൽ ആസക്തമായിരുന്ന) എന്റെ മനസ്സ് ഇദ്ദേഹം (സന്യാസി) തന്നിലേക്കാകർഷിക്കുന്നു. അംഗജമാൽ : കാമപാരവശ്യം.

നിന്നുടെ കോരക......സന്യാസിതാൻ. അങ്ങയുടെ പൂമൊട്ടാകുന്ന എന്റെ മനസ്സ് ഇപ്പോഴതാ സന്യാസിയുടെ പൂമൊട്ടായി മാറിയിരിക്കുന്നു. അങ്ങയേയും ജയിച്ചവനാണ് സന്യാസി. ഇവിടെ അർജ്ജുനനെ സൂര്യനായും സുഭദ്രയുടെ മനസ്സിനെ താമരമൊട്ടായും വിഭാവനം

തന്നുടെ കോരകമാക്കി നിന്നീടുന്നോൻ
നിന്നെയും വെന്നൊരു സന്ന്യാസിതാൻ.
പാരാതെവന്നു നീ പാലിച്ചു കൊള്ളാഞ്ഞിൽ
പോരായ്മയായ്വരും പാരമിപ്പോൾ"
വാരുററു നിന്നൊരു കന്യകയിങ്ങനെ
ധീരത കൈവിട്ടു നിന്നനേരം
ചന്തത്തിൽ നിന്നുള്ള ചേടിമാർ ചൊല്ലിനാർ
മന്ത്രിച്ചു തങ്ങളിൽ മെല്ലെ മെല്ലെ:-
"സന്ന്യാസിമാരുടെ നോക്കിനെപ്പോലയ-
ല്ലിന്നിവൻ നോക്കുന്നു കന്യകയെ.
കന്യക തന്നോടു കൺമുനകൊണ്ടിവൻ
ഖിന്നനായ് ചൊന്നതു കണ്ടായോ നീ?
'എന്നുടെ ജീവിതം നിന്നുടെ കൈയിലു
മന്നിലേ മാനിനിമൌലിമാലേ!

---

ചെയ്തിരിക്കുന്നു. സൂര്യോദയത്തിൽ താമര വിടരുംപോലെ അർജ്ജുനസങ്കല്പത്തിലാണ് അവളുടെ മനസ്സ് വികസിച്ചിരുന്നതു്. ഇപ്പോഴിതാ സന്ന്യാസിയാകുന്ന സൂര്യൻ അർജ്ജുനനേയും ജയിച്ചിരിക്കുന്നു. സുഭദ്രയുടെ മനസ്സിനു്, താമരമൊട്ടിനെന്നപോലെ, വികാസം സിദ്ധിക്കുന്നു. കോരകമായ മനസ്സ് എന്ന പ്രയോഗത്തിൽ രൂപകാലങ്കാരം.

"പാരാതെവന്നുനീ പാലിച്ചുകൊള്ളാഞ്ഞിൽ
പോരായ്മയായ്വരും പാരമിപ്പോൾ." —എത്രയും വേഗം അവിടുന്നു് (അർജ്ജുനൻ) എന്നെ വന്നു രക്ഷിക്കണം. അതില്ലെങ്കിൽ അപമാനത്തിനു് ഇടവരും. വാരുററു്: ലാവണ്യം തികഞ്ഞു്. ചേടി: തോഴി. കൺമുനകൊണ്ടിവൻ ഖിന്നനായ് ചൊന്നതു്: കടാക്ഷം കാമപാരവശ്യത്തെയല്ലേ വെളിപ്പെടുത്തുന്നതു്?—അലങ്കാരം:

പര്യായോക്തം.

സന്യാസിയുടെ കാമപരവശമായ കടാക്ഷത്തിനു തോഴിമാർ നല്കുന്ന വ്യാഖ്യാനമാണിനി: "അല്ലയോ ഭൂലോക സുന്ദരീ! എൻെറ ജീവൻ നിൻെറ കയ്യിലാണു്.

കാരുണ്യം ദൂരമായ്പ്പാരിജലോചനേ!
മാരനു നമ്മെ നീ തീനിടൊല്ലാ.

ചാരത്തു കണ്ടുനിൻ ചോരിവാതന്നെയും
പാരമുണ്ടാകുന്നു ദീനമുള്ളിൽ

കാണുന്നോരെല്ലാരും കണ്ടങ്ങു നിന്നാലും
പൂണുന്നതുണ്ടു ഞാൻ നിന്നെയിപ്പോൾ'

എന്നെല്ലാമുണ്ടോ ചൊൽ കണ്ണുകൊണ്ടിങ്ങനെ
സന്ന്യാസിമാരായോർ ചൊല്ലിക്കാൺമൂ.

ചെഞ്ചെമ്മേയുള്ളൊരു സന്ന്യാസിയല്ലിവൻ
വഞ്ചകനെന്നതേ വന്നുകൂട്ടൂ"

ദക്ഷമാരായുള്ള ചേടിമാരിങ്ങനെ
ഭിക്ഷുകൻ മൂലമായ് ചൊല്ലും നേരം

ഭിക്ഷയ്ക്കുവേണുന്ന സാധനം നിർമ്മിപ്പാൻ
അക്ഷണം പോയാളക്കന്യകതാൻ

മുന്നൽ നിന്നീടുമക്കന്യക പോയപ്പോൾ
ഖിന്നനായ് നിന്നൊരു സന്ന്യാസിതാൻ

---

ഹേ അംബുജാക്ഷി! ദയയില്ലാതെ നീയെന്നെ കാമദേവനു് ഇരയാക്കാതെ. നിൻെറരക്താധരം കൺമുമ്പിൽ കാണുമ്പോൾ ഞാൻ എന്തെന്നില്ലാതെ കുഴങ്ങുന്നു. മററുള്ളവരൊക്കെ കണ്ടുനിന്നാലും വേണ്ടില്ല, നിന്നെ ഞാൻ ആലിംഗനം ചെയ്യും''—ഇതാണത്രേ ആ കടാക്ഷത്തിൻെറ അർത്ഥം. കാരുണ്യംദൂരമായ് : ദയയില്ലാതെ. തീനിടൊല്ലാ : ഇരയാക്കരുതു്. ചോരിവാ : ചെഞ്ചുണ്ടു്. ദീനം : പാരവശ്യം. പൂണുന്നതുണ്ടു് : ആലിംഗനം ചെയ്യുന്നുണ്ടു്. കള്ളസ്സന്യാസിയാണതെന്നു തീരുമാനിച്ച തോഴിമാർ. ദക്ഷമാർ : സമർത്ഥർ. ഭിക്ഷുകൻ മൂലമായ് : സന്യാസിയെക്കുറിച്ചു്. വേണുന്ന : വേണ്ടതായ. മുന്നൽ : മുമ്പിൽ. ഖിന്നൻ : ദുഃഖിതൻ. സന്യാസി സ്വയം മറന്നുകൊണ്ടങ്ങനെ സ്തംഭിച്ചിരിക്കുന്നതു കണ്ടു് സന്ദർശകർ പറയുന്നു:

കന്യക തന്നെയേ ചിന്തിച്ചു ചിന്തിച്ചു
തന്നെയും കൂടി മറന്നനേരം
വന്ദിപ്പാനായിട്ടു വന്നുള്ളോരെല്ലാരും
വന്ദിച്ചു നിന്നു പറഞ്ഞാർ തമ്മിൽ:-
"ഇങ്ങനെയുള്ളൊരു സന്ന്യാസിതന്നെപ്പ-
ണ്ടെങ്ങുമേ കണ്ടില്ലയെന്നുമേ നാം.
മാനമററീടുന്നൊരാനന്ദം തന്നിലേ
മാനസം ചെന്നുലയിക്കയാലേ
സ്പന്ദത്തെക്കൈവിട്ടോരിന്ദ്രിയമെല്ലാമേ
മന്ദങ്ങളായിട്ടേ കാണാകുന്നു.
തന്മുന്നൽ നിന്നുള്ള നമ്മെയുമേതുമേ
കാണുന്നോ നല്ലല്ലോ ധ്യാനിക്കയാൽ
ഉള്ളകം തന്നിലുണർച്ച പൂണ്ടീടുന്നോ-
ർക്കുള്ളൊരു ഞായമിതെന്നുവന്നു"
വിസ്മയിച്ചിങ്ങനെ ചൊന്നവരെല്ലാരും
വിശ്വസിച്ചങ്ങനെ പോയനേരം
ദക്ഷയായുള്ളൊരു കന്യക വന്നുടൻ
ഭിക്ഷയിട്ടീടുവാനാരംഭിച്ചാൾ
ഭിക്ഷുകൻ മൂലമാമുല്ക്കടമാൽകൊണ്ടു

ഇങ്ങനെ ഒരു സന്യാസിയെ നാം ഇതുവരെ കണ്ടിട്ടില്ല. അളവററ ആനന്ദത്തിൽ ലയിച്ചതിനാൽ ഇന്ദ്രിയങ്ങൾ അചഞ്ചലങ്ങളായിരിക്കുന്നു. ധ്യാനത്തിൽ മുഴുകിയിരിക്കുന്നതിനാൽ കൺമുമ്പിലുള്ള നമ്മളെപ്പോലും അദ്ദേഹം കാണുന്നില്ല. മനസ്സിൽ ബോധോദയമുണ്ടായാൽ ഇങ്ങനെയാണല്ലോ!-ഇവിടെ പ്രത്യേകത്തെ സാമാന്യം കൊണ്ടു സമർത്ഥിക്കയാൽ അർത്ഥാന്തരന്യാസം. സ്പന്ദത്തെക്കൈവിട്ട : ഇളക്കമില്ലാത്ത. മന്ദങ്ങൾ : അനക്കമില്ലാത്തവ. ദക്ഷ : സമർത്ഥ. ഉൽക്കടമാൽ : വർദ്ധിച്ച പാരവശ്യം.

മിക്കതും വെന്തുള്ളൊരുള്ളവുമായ്
ലാളനം പൂണ്ടവമ്പാദങ്ങൾ നന്നായി
ക്ഷാളനം ചെയ്തങ്ങുമേളമാക്കി

ചിത്രമായുള്ളൊരു പത്രവും മുന്നൽവ-
ച്ചുത്തമ പീഠത്തിലാക്കിപ്പിന്നെ

മൂക്കുന്ന മന്മഥ ബാണങ്ങളേല്ക്കയാൽ
ദീർഘമായ്വീർത്തുവീർത്താർത്തിയോടേ

ഓദനം തന്നെ വിളമ്പിനിന്നീടിനാൾ
വേദന പൂണ്ടുള്ളൊരുള്ളവുമായ്.

മുന്നിലിരുന്നൊരു ഭിക്ഷുകന്താനുമ-
ക്കന്യകതന്മുഖം കാൺകയാലേ

ഓദനംതന്നെ വിലക്കുവാൻ വല്ലാതെ
ഓർച്ചയും പൂണ്ടങ്ങു മേവുകയാൽ

പാത്രത്തിൽ നിന്നുള്ളോരോദനമെല്ലാമേ
പത്രത്തിലാമ്മാറു വീണുകൂടി.

അക്ഷണം പിന്നെയക്കന്യക മുന്നലെ
ഭിക്ഷുകന്തന്മുഖം നോക്കി നോക്കി

ഉത്തമമായൊരു നൽഘൃതം പെണ്ണുമ്മേ
പത്രത്തിലാമ്മാറു വീഴ്ത്തി നിന്നാൾ

---

ക്ഷാളനം ചെയ്യുക : കഴുകുക. മേളമാക്കി : ശുദ്ധമാക്കി. പത്രം : ഇല. പീഠം : പലക (ഇരിപ്പിടം). മന്മഥബാണം : കാമബാണം. ദീർഘമായ്‌വീർത്തു് : നെടുവീർപ്പിട്ട്. ഓദനം : ചോറ്. മുന്നൽ = മുമ്പിൽ. ഓർച്ച : വിചാരം. ഈ കാമിനീകാമുകന്മാരെ കവി കളിയാക്കിയിരിക്കുന്നതു നോക്കുക: സന്യാസി ചിന്താമഗ്നനായിരിക്കയാണ്. സുഭദ്രയോ? പ്രവർത്തിക്കുന്നതെല്ലാം കേവലം യാന്ത്രികമായിട്ടും. പാത്രത്തിലുള്ള ചോറു മുഴുവൻ ഇലയിൽ വിളമ്പി.

ചാലത്തൊലിച്ചുള്ള വാഴപ്പഴങ്ങളും
ചാലക്കളഞ്ഞിതു ചാപല്യത്താൽ.

അത്തൊലി തന്നെ വിളമ്പിനിന്നീടിനാൾ
ചിത്തം മയങ്ങിനാലെന്നു ഞായം

പത്രത്തിലായുള്ളോരത്തൊലി തന്നെത്താൻ
ചിത്തമഴിഞ്ഞവനാസ്വാദിച്ചാൻ.

കമ്പവും പൂണ്ടു കരുത്തുമകന്നങ്ങു
സംഭ്രമിച്ചീടുന്ന കന്യകതാൻ

മുമ്പിലേ വേണ്ടതു പിമ്പിൽ വിളമ്പിനാൾ
പിന്നിലെ വേണ്ടതു മുമ്പിൽത്തന്നെ.

ഇങ്ങനെ വന്നവയൊന്നു മറിഞ്ഞില്ല
കന്യകാ മുമ്പിലിരുന്നവന്താൻ.

നിത്യമായിങ്ങനെ ഭിക്ഷയും പെണ്ണിനി-
ന്നസ്തമിച്ചീടിനാലാലയത്തിൽ

വിശ്രമിച്ചീടുവാൻ വിശ്രുതയാമവൾ
സശ്രമയായിട്ടു പോയനേരം

വേറിരുന്നുള്ളൊരു വേദന പൂണ്ടവൻ
വേവു കലർന്നു പൊറായ്കയാലേ

ദീപവും ചാലപ്പൊലിച്ചു കളഞ്ഞുടൻ
ദീപമില്ലെന്നങ്ങു ചൊല്ലും പിന്നെ

---

നെയ്യും, പാത്രത്തിലുണ്ടായിരുന്നതു മുഴുവൻ വിളമ്പി. പഴം തൊണ്ടു പൊളിച്ച് നിലത്തിട്ടു; തൊലിയാണ് ഇലയിൽ വിളമ്പിയതു്. പക്ഷേ, അതുകൊണ്ടു ദോഷമുണ്ടായില്ല. സന്യാസി വളരെ രുചിയോടെ ആ തൊലിയൊക്കെ തിന്നു. കന്യകയ്ക്കു സംഭ്രമമാണ്. ആദ്യം വിളമ്പേണ്ടതു് ഒടുക്കമായി. ഒടുക്കം വിളമ്പേണ്ടതു ആദ്യവും. യോഗി അതും അറിഞ്ഞില്ല. ഇങ്ങനെയുള്ള ശുശ്രൂഷകൾ കഴിഞ്ഞ് സുഭദ്ര

ദീപവും കൊണ്ടവൾ വന്നതു കാണുമ്പോൾ
ചാപലം പൂണ്ടൊന്നു വീൎത്തുനില്ക്കും.
പിന്നെയും പോയവൾ മന്ദിരം പൂകുമ്പോൾ
മുന്നമെപ്പോലെ പൊറായ്കയാലെ
നീരുള്ളതെല്ലാമേ ദൂരെക്കളഞ്ഞിട്ടു
നീരില്ലയെന്നങ്ങു ചൊല്ലും പിന്നെ;
നീരുമായ്വന്നവൾ പിന്നെയും പോകുമ്പോൾ
ധീരത പോക്കുമത്താരമ്പൻതാൻ
വററാതകോഴയാൽ തെറെറന്നു പിന്നെയും
മറെറാന്നു ചൊല്ലി വിളിക്കുമപ്പോൾ,
ഇങ്ങനെയോരോരോ രാത്രികൾ പിന്നിട്ടാൻ
അംഗജമാലുള്ളിൽ പൊങ്ങുകയാൽ.

---

വിശ്രമിക്കാൻ പോയാൽ സന്യാസി വിളക്കു കെടുത്തി വിളക്കില്ലെന്നുപറഞ്ഞു സുഭദ്രയെ വരുത്തും. വിളക്കു കത്തിച്ചു കൊണ്ടുവന്നു തിരിയെപോയാൽ പാത്രത്തിലുള്ള വെള്ളം മുഴുവൻ കമിഴ്ത്തിക്കളഞ്ഞു് വെള്ളമില്ലെന്നുപറഞ്ഞു് സുഭദ്രയെ വരുത്തും. ഇങ്ങനെ ഓരോ കാരണം കണ്ടുപിടിച്ചു് അവളെ കൂടെക്കൂടെ അടുത്തേക്കു വരുത്തും. പേമാരി ചൊരിയുമ്പോൾ സന്യാസി മുററത്തു വന്നു നില്ക്കും—ഇങ്ങനെ കഴിഞ്ഞു ദിവസങ്ങൾ.

നൽഘൃതം = നല്ല നെയ്യ്. "ചിത്തംമയങ്ങിനാലെന്നുഞായം"—മനസ്സു മയങ്ങിയാൽ ഇങ്ങനെയൊക്കെ പ്രവൎത്തിക്കുമല്ലോ! ചിത്തമഴിഞ്ഞു് = മനസ്സന്തോഷത്തോടെ. കരുത്തുമകന്നു് = ശക്തിയററു്. ഭിക്ഷയും പെണ്ണിനിന്നു് = ഭിക്ഷനല്കിക്കൊണ്ടു്. വിശ്രുത = പ്രഖ്യാത (കേൾവി കേട്ടവൾ). സശ്രമമായിട്ടു് = പ്രയാസപ്പെട്ടു്. വേവുകലന്നു് = ആധിയോടെ. ദീപവും പൊലിച്ചു് = വിളക്കു കെടുത്തി. വീൎത്തുനില്ക്കും = നെടുവീൎപ്പിടും. പോരായ്കയാലെ = സഹിക്കാനാവാതെ. നീരു് = വെള്ളം. താരമ്പൻ = കാമദേവൻ. വററാത കോഴയാൽ = നിലയ്ക്കാത്ത സങ്കടത്തോടെ. അംഗജമാൽ = കാമപാരവശ്യം.

പാരിച്ചു നിന്നുള്ള പാഴിടിനാദത്തെ-
പ്പൂരിച്ചു പെയ്യുമപ്പേമഴയിൽ
അന്നിലം തന്നിലേ നിന്നു പുലന്നാന-
ക്കന്യക തന്നിലെക്കാംക്ഷയാലേ.
ഊക്കേറി നിന്നുള്ള മാരൻ ശരങ്ങൾക്ക്
ലാക്കായി രാപ്പകൽ മേവുകയാൽ
വെന്തു വെന്തീടുമക്കന്യക തന്നുള്ളിൽ
ചിന്ത തുടങ്ങീതു പിന്നെപ്പിന്നെ.
"യോഗ്യമല്ലാതൊരു ഭിക്ഷുകന്മേലല്ലോ
ഭാഗ്യമില്ലാതെയെൻ ജാള്യമിപ്പോൾ.
ഉത്തമമായ കുലത്തിൽ മുളച്ചെനി-
ക്കിത്തരം തോന്നുവാനെന്തു ന്യായം?
പാർത്ഥനിലുള്ളൊരു മാനസമിന്നിന്നി-
ത്തീർത്ഥകന്തങ്കലേയായിക്കൂടി.
ഓർത്തു നിന്നീടിലിമ്മന്മഥനിന്നെന്നെ
കൂത്തികളാക്കുന്നോനെന്നു വന്നു.

---

പാരിച്ചുനിന്നുള്ള = ഉഗ്രമായ (പാരിച്ച-ഭാരിച്ച എന്നതിന്റെ തത്ഭവം.) പേമഴ = കഠിനമായ മഴ. ഊക്കേറി = ശക്തിവർദ്ധിച്ച്. മാരൻ ശരങ്ങൾ = കാമബാണങ്ങൾ. യോഗ്യമല്ലാതൊരു = നിരുദ്ധമായ. ജാള്യം = ഭോഷത്വം. തീർത്ഥകൻ = തീർത്ഥാടകൻ (സന്ന്യാസി). ഓർത്തുനിന്നീടിൽ = ആലോചിച്ചാൽ. കൂത്തികളാക്കുന്നോൻ = ദേവദാസിയെപ്പോലെയാക്കുന്നവൻ. "ഓർത്തു ...... വന്നു."—ആലോചിച്ചുനോക്കിയാൽ, കാമദേവൻ ഇന്നെന്നെ വ്യഭിചാരിണിയാക്കാനാണ് പുറപ്പാട്. ഊക്കുകൊണ്ട് = ശക്തികൊണ്ട്. യോഗ്യമല്ലാതതു ചെയ്യേനെന്നും = നിഷിദ്ധമായതു ഞാനൊരിക്കലും ചെയ്യില്ല. കാമദേവൻ ശക്തനാണെന്നുവച്ച് എന്നെ ഇങ്ങ

ഊക്കൾക്കൊണ്ടിന്നിവനിങ്ങനെ കൊൽകിലും
യോഗ്യമല്ലാതതു ചെയ്യേനെന്നും.

ഭിക്ഷുകൻ മൂലമായ് ദുഷ്കൃതി ചെയ്തു ഞാൻ
നില്ക്കുമാറെങ്ങനെ ലോകർ മുമ്പിൽ.

കണ്ണനു ചെഞ്ചെമ്മേ സോദരിയായൊരു
കന്യകയല്ലോ ഞാൻ നൂനമെന്നാൽ

ഇജ്ജന്മമിങ്ങനെ ദുഃഖമാം വാരിയിൽ
മജ്ജനം ചെയ്തു കിടന്നു പിന്നെ
വിജ്ജ്വരയായി വന്നുജ്ജ്വലദേഹമായ്
അർജ്ജുനന്തന്നെ ഞാനേശിക്കൊൾവൂ"

ഇങ്ങനെ തന്നിലേ നണ്ണിന കന്യക
ഖിന്നയായ്‌വന്നങ്ങു നിന്നനേരം

---

നെയൊക്കെ കഠിനമായി മർദ്ദിച്ചാലും നിഷിദ്ധമായ കർമ്മം ചെയ്യില്ല. ഈ ഭിക്ഷുനിമിത്തം ഞാൻ ദുഷ്കർമ്മം ചെയ്തിട്ട് പിന്നെ മാലോകരുടെ മുഖത്തുനോക്കുന്നതെങ്ങനെ? ഞാൻ കൃഷ്ണന്റെ സഹോദരിയല്ലേ? [ സഹോദരന്മാർക്കപമാനമുണ്ടാക്കാൻ പാടില്ല ] —ഇതൊക്കെയാണ് സുഭദ്ര വിചാരിക്കുന്നതു്. മജ്ജനം ചെയ്തു് = മുഴുകി. വിജ്ജ്വരയായി = ജ്വരബാധയിൽനിന്നു വിമോചനം നേടി. ഉജ്ജ്വലദേഹമായ് = പ്രകാശിക്കുന്ന ദേഹം പൂണ്ടു്.

ഇജ്ജന്മമിങ്ങനെ............ഞാനേശികൊൾവൂ:" ഈ ജന്മം മുഴുവൻ ഞാൻ ദുഃഖവാരിയിൽ മുങ്ങിക്കിടക്കും. അങ്ങനെ എന്റെ ആത്മാവു് പുതിയതും മനോഹരവുമായ ദേഹം പ്രാപിക്കും. എന്നിട്ടു ഞാൻ അർജ്ജുനനെത്തന്നെ വരനായി സ്വീകരിക്കും. —ഇതാണ് വിവക്ഷിക്കുന്നതു്. ശരീരത്തിന്റെ വിജ്ജ്വരാവസ്ഥയും ഉജ്ജ്വലദേഹപ്രാപ്തിയും "വാസാംസിജീർണ്ണാനിയഥാ വിഹായനിഗൃഹ്ണാതിനരോപരാണി" എന്ന ഗീതാവാക്യത്തെ അനുസ്മരിപ്പിക്കുന്നതാണ് ഈ പ്രയോഗം. ആത്മാവിനു നാശമില്ലെന്നും ശരീരം ജീർണ്ണിക്കുമ്പോൾ അതു്, മനുഷ്യൻ വസ്ത്രം മാറുന്നതുപോലെ, പുതിയ ശരീരം കൈക്കൊള്ളുമെന്നും ഭഗവാൻ ഗീതയിൽ പറയുന്നു.

നീട്ടററു നിന്നുള്ള ചേടിമാർ തങ്ങളിൽ
കൂടിപ്പറഞ്ഞു തുടങ്ങീതപ്പോൾ:-
"എന്തിതു ചൊൽതോഴീ! കന്യക തന്നുടെ
മന്ദിരമിങ്ങനെ മങ്ങീപ്പോയി?-
ചങ്ങാതിമാരായ ചന്ദന വാണിമാ-
രെങ്ങുമേ പോകാതെ യങ്ങുമിങ്ങും
നിന്നുമിരുന്നുമങ്ങൊന്നുമേ വല്ലാതെ
മന്ത്രിച്ചു പോരുന്നതെന്തിങ്ങനെ?"
എന്നതു കേട്ടവൾ ചൊല്ലി നിന്നീടിനാൾ
ഉണ്മയായുള്ളതു മൂടി മെല്ലെ:-
"കന്യകതന്നുടെ രോഗമെന്നുള്ളതോ
നിന്നുടെയുള്ളിലും വന്നതല്ലോ.
ഉററവരിങ്ങനെ മന്ത്രിച്ചു പോരുവാൻ
മറെറാരു കാരണമില്ലയേതും."
കന്യയായുള്ളവൾ ചൊല്ലിനിന്നീടിനാൾ
എന്നതുകേട്ടു ചിരിച്ചു മെല്ലെ:-
"മത്തനായ്വന്നൊരു വാരണന്തന്നെ നീ
ഹസ്തങ്ങൾ കൊണ്ടു മറച്ചുവച്ചാൽ
എന്നെയോ വഞ്ചിക്കാമിങ്ങനെ ചൊല്ലിനാൽ
മന്നിലെ ലോകരെ വഞ്ചിക്കാമോ?

---

നീട്ടററു = ഭംഗിയോടെ. ചന്ദനവാണിമാർ = മനസ്സിനു കുളുർമ്മയേകത്തക്ക വാക്കുകൾ പറയുന്നവർ. ഉണ്മയായുള്ളതു് = പരമാർത്ഥമായതു്. മത്തനായ്വന്ന = മദിച്ചുവന്ന. വാരണം = ആന. ഹസ്തം = കൈ. മത്തനായ്......വഞ്ചിക്കാമോ? = മദിച്ചുവരുന്നആനയെ കൈകൊണ്ടു മറച്ചാലുണ്ടോ പററുന്നു? എന്നെ ഇങ്ങനെയൊക്കെപ്പറഞ്ഞു വിശ്വസിപ്പിക്കാം. പക്ഷെ, ലോകരെ ബോദ്ധ്യപ്പെടുത്താൻ സാധിക്കില്ല. [സുഭദ്ര സന്യാസിയിൽ അനുരക്തയാണെന്നുള്ളതു് ഒരു രഹ

സന്ന്യാസി തന്നെയും മുന്നിട്ടു നിന്നുള്ള
കന്യകതന്നുടെ വാർത്തയെല്ലാം.
മാലോകർ ചൊന്നതു കേട്ടു നിന്നീടുമ്പോൾ
മാലിയന്നീടുമമ്മാനസത്തിൽ.
എങ്ങുമേ പൊങ്ങാത മന്ദിര വാർത്തയി-
ന്നങ്ങാടിപ്പാട്ടായി വന്നുകൂടി.''
എന്നതു കേട്ടവൾ പിന്നെയും ചൊല്ലിനാൾ:-
''എന്നുണ്ടോ മാലോകർക്കൊന്നു കണ്ടാൽ,
അന്തവുമാദിയും ചിന്തിച്ചേയിന്നെല്ലാം
അന്ധന്മാരായുള്ളോർ ചൊല്ലി ഞായം.,
ഒന്നുണ്ടോതോഴീ! നിനക്കിന്നു കേൾക്കേണ്ടു
സന്ന്യാസിയല്ലിവനെന്നു ചൊല്ലാം.
സന്ന്യാസിമാരിലിക്കന്യക തന്നുള്ളം
എന്നുമേ ചെല്ലുവോന്നല്ല ചൊല്ലാം;

---

സ്യമായി വെച്ചതുകൊണ്ടു പ്രയോജനമില്ലെന്നുള്ള പ്രസ്തുതത്തിനു പ്രതിബിംബമായിട്ടാണ് ഈ വാക്യം പ്രയോഗിച്ചിട്ടുള്ളത്. ബിംബവാക്യം ചുവടെ പറയുന്നുണ്ട്. അതുകൊണ്ട് അലങ്കാരം ദൃഷ്ടാന്തം.

മാലിയന്നീടും = വ്യസനം തോന്നുന്നുണ്ട്. ''എങ്ങുമേ പൊങ്ങാത......വന്നുകൂടി''—ഈ അരമനരഹസ്യം ഇന്ന് അങ്ങാടിപ്പാട്ടായിരിക്കുന്നു. ''എന്നുണ്ടോ മാലോകർക്കൊന്നു കണ്ടാൽ......ഞായം'' = ജനങ്ങൾ വല്ലതും കേട്ടു വല്ലതും പറയും. തുമ്പും വാലുമില്ലാതെ സംസാരിക്കുന്നതാണല്ലോ കഥയില്ലാത്തവരുടെ സ്വഭാവം. ഇവിടെ പ്രത്യേകത്തെ സാമാന്യം കൊണ്ടു സമർത്ഥിക്കുന്നതിനാൽ

**അർത്ഥാന്തരന്യാസം:** സാമാന്യം താൻ വിശേഷം താ-
നിവയിൽ പ്രസ്തുതത്തിനു്
അർത്ഥാന്തരന്യാസമാകു-
മന്യം കൊണ്ടു സമർത്ഥനം.

ചെല്ലുവോന്നല്ല = പതിയുകയില്ല.

കന്യക തന്നെയും കാമിച്ചു വന്നൊരു
മന്നവനെന്നതേ വന്നുകൂട്ടൂ.
എന്നതല്ലിന്നിതിൽ വന്നുള്ള സങ്കട-
മിന്നിതുതൊട്ടു പിണഞ്ഞുകൂട്ടം.
വീരന്മാരായുള്ള യാദവന്മാരിലി-
ന്നാരുമേയില്ലയി ദ്വാരകയിൽ.
കെല്പം കലൎന്ന സുയോധനനായിട്ടു
കല്പിതമായിവൾ തന്നെയിപ്പോൾ
സ്പഷ്ടമേ കൊണ്ടിവനെപ്പെട്ടെന്നു പോകിലോ
കഷ്ടമായല്ലോതാൻ വന്നു ഞായം."
ഇങ്ങനെ കേട്ടവളിങ്ങനെ ചൊല്ലിനാ-
"ളെങ്ങനെയിന്നിതു വന്നുകൂട്ടൂ?
മല്ലാരി തന്നുടെ മന്ദിരം താനിതു
വല്ലായ്മയാരാനും വന്നുചെയ്കിൽ
അന്നവന്തൻ തല നൂറു നുറുക്കീട്ടി-
ക്കന്യകതന്നെയും കൊണ്ടുപോരും.
എന്നതു കൊണ്ടുള്ള വാൎത്തകൾ നിന്നാലും
എന്നുമേ യിന്നിതു വന്നുകൂടാ.
എങ്ങു നീ പോകുന്നു ചങ്ങാതി! ചാരത്തോ
എങ്കിലോ പോക നാമെന്നേവേണ്ടൂ."
ഗൂഢമായ് നിന്നു പറഞ്ഞുള്ള ചേടിമാർ
കേടററ മന്ദിരം പൂകും നേരം
വൃഷ്ണികളെല്ലാരും ദൈവത പൂജയ്ക്കു

---

"എന്നതല്ലിന്നിതിൽ......പിണഞ്ഞുകൂട്ടം." ഇതു വല്ലാത്ത കുഴപ്പം സൃഷ്ടിക്കും. സുയോധനൻ = ദുര്യോധനൻ. സ്പഷ്ടമേ കൊണ്ടിവൻ പെട്ടെന്നു പോകിൽ = ഇദ്ദേഹം പരസ്യമായി കൊണ്ടുപോയാൽ. മല്ലാരി = കൃഷ്ണൻ. വൃഷ്ണികൾ = യാദവന്മാർ. സ്യന്ദനം = തേര്.

കൃഷ്ണനെ മുന്നിട്ടു പോയാരപ്പോൾ.
സുന്ദരിയായൊരു കന്യകതാനും തൻ-
മന്ദിരം തന്നിൽ നിന്നെന്നനേരം
സുന്ദരമായൊരു സ്യന്ദന മേറിത്തൻ-
സുന്ദരിമാരുമായ്സ്സന്ദം മന്ദം
ദുർഗ്ഗമായുള്ളൊരു മാർഗ്ഗവും പിന്നിട്ടു
നിർഗ്ഗമിച്ചീടിനാൾ നീതിയോടെ,
സീരി തുടങ്ങിന വീരന്മാരങ്ങൊരു
കാരിയം ചിന്തിച്ചു ദൂരത്തപ്പോൾ
ഒക്കവേ പോകുന്ന തക്കവും പാർത്തുള്ള
തസ്കരനായുള്ള മസ്കരിതാൻ
ചാരത്തു ചെന്നവൾ തേരിലങ്ങേറിനി-
ന്നാരമ്പലിലനായാദരവിൽ
പല്ലവം വെല്ലുന്ന പാണിയെപ്പാരാതെ
മെല്ലവേ പൂണ്മതിനോങ്ങും നേരം
മന്ദമായ് ചൊല്ലിനാൾ സുന്ദരിയെന്നപ്പോൾ
വന്ദിച്ചു നിന്നവൻ പാദങ്ങളെ:-
''ബന്ധങ്ങളെല്ലാമേ വേർമുറിഞ്ഞീടിനാ-
ലെന്തിതു തോന്നുവാൻ തമ്പുരാനേ!
ഇത്രമേൽവന്നു കരേറിനിന്നോരു നിൻ-
മുക്തിക്കു ദൂഷണം ചെയ്യൊല്ലാതെ.

---

ദുർഗ്ഗം = കോട്ട. നിർഗ്ഗമിച്ചീടിനാൾ = പോയി. മസ്കരി = സന്യാസി. ആരമ്പലിലൻ = നേരംമ്പോക്കുകളോടെ. പല്ലവം = തളിരു്. വെല്ലുക = ജയിക്കുക. ''ബന്ധങ്ങളെല്ലാമേ വേർമുറിഞ്ഞീടിനാലെന്തിതു തോന്നുവാൻ''—പ്രാപഞ്ചിക ബന്ധങ്ങൾ വേരററുപോയ അങ്ങേയ്ക്കു് എന്താണു് ഇങ്ങനെ ചെയ്യുവാൻ തോന്നുന്നതു്? മുക്തിക്കു ദൂഷണം ചെയ്യൊല്ലാതെ = മോക്ഷമാർഗ്ഗത്തെ അലങ്കോലപ്പെടുത്തരുതു്.

ഉജ്ജ്വലനായുള്ളോരർജ്ജുനൻതന്നിലേ
മജ്ജനം ചെയ്യോന്നെന്നുള്ളമെന്നാൽ
സജ്ജനായ്വന്നുനിന്നർജ്ജുനൻ വേണമി-
ന്നിജ്ജനത്തിന്നുടെ പാണി പൂണ്മാൻ."
കോമള തന്നുടെ തൂമൊഴിയായൊരു
താർമധു പെയ്ത് കളുർക്കയാലേ
കോൾമയിർക്കൊണ്ടവനാമോദം തന്നുടെ
കോമരമായി നിന്നുണ്മ ചൊന്നാൻ.
ഉണ്മയെക്കേട്ടൊരു സുന്ദരി തന്നുടെ
നന്മുഖം ചാലേ വിരിഞ്ഞുതപ്പോൾ
വാരുററു നിന്നൊരു സൂര്യനെക്കണ്ടൊരു
വാരിജക്കോരകമെന്നപോലെ.
സംഭ്രമം കൊണ്ടവളൊന്നുമേ വല്ലാതെ
കമ്പവും പൂണ്ടു വിളങ്ങി നിന്നാൾ.
നാണവും പൂണ്ടു നടുങ്ങിനിന്നീടുന്ന
മാനിനി തന്നുടെയുള്ളമപ്പോൾ
പായസം കണ്ട ബുഭുക്ഷിതന്തന്നുടെ
മാനസംപോലെ ചമഞ്ഞുകൂടി.

---

സജ്ജനായ്‌വന്നു് = ഒരുങ്ങിവന്നു്. തൂമൊഴി = മധുരവാക്കു്. താർമധു = പൂന്തേൻ. കോൾമയർക്കൊണ്ടു = പുളകം കൊണ്ടു. ആമോദം = സന്തോഷം. ഉണ്മ = വാസ്തവം. വാരുററു = ഭംഗിയുള്ള. വാരിജക്കോരകം = താമരമൊട്ടു്.—സൂര്യനെക്കാണുമ്പോൾ താമര വിടരുമ്പോലെ ഈ വാസ്തവം കേട്ടപ്പോൾ സുഭദ്രയ്ക്കു മുഖപ്രസാദമുണ്ടായി.—അലങ്കാരം **ഉപമ**. കമ്പം = വിറ. മാനിനിതന്നുടെ ......ചമഞ്ഞുകൂടി—ലജ്ജിതയായ സുഭദ്രയുടെ മനസ്സ്‌ പായസം കണ്ട തീററക്കൊതിയൻെറ മനസ്സുപോലെയായി.—നമ്പൂരിത്തം വെളിപ്പെടുത്തുന്ന **ഉപമ**.

ഇഷ്ടമായുള്ളതു കിട്ടുക മൂലമായ്
തുഷ്ടനായുള്ളൊരു പാർത്ഥനപ്പോൾ
പേയററുനിന്നൊരു ജായയും താനുമായ്
പോയിത്തുടങ്ങിനാനങ്ങുനോക്കി.
വണ്ടേലും ചായലാൾതന്നെയും കൊണ്ടവൻ
മണ്ടിനിന്നീടുന്നോനെന്നിങ്ങനെ
ദ്വേഷികളായുള്ള യാദവന്മാർക്കെല്ലാം
ഘോഷവുമുണ്ടായി വന്നതപ്പോൾ
സീരിതാനങ്ങതു കേട്ടൊരു നേരത്തു
സീരവും പാരാതെ കയ്യിലാക്കി
അന്തമില്ലാതൊരു കോപവും പൂണ്ടുനി-
ന്നന്ധകന്മാരോടു കൂടിച്ചെമ്മേ
ഭീതിയെക്കാണാതൊരന്തകനുള്ളിലും
ഭീതിയെപ്പൊങ്ങിച്ച ഭീഷണനായ്
നോക്കിനെക്കൊണ്ടേ യിപ്പാരിടമെല്ലാമേ
തീക്കനലാക്കുന്നോനെന്നപ്പോലെ
'നില്ലുനില്ലെ'ന്നതേ ചൊല്ലിനിന്നിങ്ങനെ
ചെല്ലത്തുടങ്ങിനാനങ്ങുനോക്കി.
കോപിച്ചു പോകുന്ന ലാംഗലിതന്നുടെ
കോപത്തെക്കണ്ടൊരു ഗോവിന്ദന്താൻ

---

പേയററു് = ക്ലേശംനീങ്ങി. ജായ = ഭാര്യ. വണ്ടേലുംചായലാൾ = കരിവണ്ടുപോലെ ചുരുണ്ട തലമുടിയുള്ളവൾ. ദ്വേഷികൾ = വിരോധികൾ. സീരം = കലപ്പ. അന്തമില്ലാതെ = വദ്ധിച്ച. അന്ധകന്മാർ = യാദവരിൽ ഒരു കൂട്ടർ. അന്തകൻ = കാലൻ. "നോക്കിനെ......ലെന്നപോലെ" = നോട്ടംകൊണ്ടു് ഭൂലോകം ഭസ്മമാക്കുന്നുവോ എന്നു തോന്നുമാറു്. ഗോവിന്ദൻ = കൃഷ്ണൻ.

ഓടിച്ചെന്നങ്ങവൻ കോപത്തെപ്പോക്കുവാൻ
കേടററവാക്കുകളോതി നിന്നാൻ:-
„പാൎത്ഥനിന്നിന്നുടെ ചീർത്തീഴുംകോപത്തിൻ
പാത്രമായ്വുന്നതിന്നോർത്തു കണ്ടാൽ
വീരനായുള്ളോരു കേസരിതന്നോടു
നേരായിപ്പോരുമിപ്പാഴ്ക്കുറുക്കൻ
സീരവുമായിട്ടു പാരാതെ ചെന്നങ്ങു
നേരിട്ടുനിന്നു കതിക്കിലിപ്പോൾ
മാധവിതന്നുടെ മംഗലസൂത്രത്തിൻ
ബാധയെച്ചെയ്കൊഴിച്ചേതുമില്ലേ;
സോദരിതന്നുടെ വേദന കണ്ടുക-
ണ്ടാദരവോടതിലാടിനില്ക്കാം
ഉണ്മയെ ച്ചൊൽകിലിപ്പാണ്ഡവൻ നമ്മുടെ
സംബന്ധിയായിട്ടു വന്നാനല്ലോ
ചീററവും കൈവിട്ടു പാരാതെ ചെന്നുനി-
ന്നേററവും മാനിക്ക വേണ്ടുതിപ്പോൾ.

---

പോക്കുവാൻ = ഇല്ലാതാക്കുവാൻ. കേടററ വാക്കുകൾ = നല്ല (അനുനയ)വാക്കുകൾ. "പാൎത്ഥനിന്നിന്നുടെ............കുറുക്കൻ". അർജ്ജുനൻ അങ്ങയുടെ കോപകത്തിനു പാത്രമാകുന്നതു് കുറുക്കൻ സിംഹത്തിൻെറ ദ്വേഷത്തിനു ഇരയാകുന്നതു പോലെയാണു്—ഇവിടെ വിശിഷ്ടങ്ങളായ രണ്ടു ധൎമ്മികൾക്കു് ഐക്യം ആരോപിച്ചിരിക്കുന്നതിനാൽ അലങ്കാരം നിദൎശന.

വിശിഷ്ട ധൎമ്മികൾക്കൈക്യ-
മാരോപിച്ചാൽ നിദൎശന.

കതിക്കുക = എതിക്കുക. "മാധവിതന്നുടെ......ച്ചേതുമില്ലേ"— സുഭദ്രയ്ക്കു വൈധവ്യം വരുത്താമെന്നേ ഇതുകൊണ്ടു സാധിക്കുള്ളു. ചീററം = കോപം. ചിത്തമയച്ചുചമച്ചു = മനസ്സു സമാധാനിപ്പിച്ചു.

നാമൊഴിച്ചാരിനി പ്രേമവും പൂണ്ടുനി-
ന്നോമനിച്ചീടുവാനോർത്തു കണ്ടാൽ

ഇത്തരമായുള്ളൊരുക്തികൾ കൊണ്ടവൻ
ചിത്തമയച്ചു ചമച്ചു പിന്നെ.

കോപിച്ചു പായുന്ന യാദവന്മാരുടെ
കോപവും പോക്കിനാൻ വാക്കുകൊണ്ടേ

ശാർങ്ങ്ഗീതാനിങ്ങനെ ചൊന്നതു കേട്ടൊരു
ലാംഗലി തന്നുടെയുള്ളമപ്പോൾ

നീതിയും ചിന്തിച്ചു കോപവും കൈവിട്ടു
ശീതളമായിച്ചമഞ്ഞു കൂടി.

ഏറിയിരുന്ന പൊലിക്കാണംതന്നെയും
പാരാതെ നൽകിനാൻ പാർത്ഥനായി

തുഷ്ടനായ് വന്നവൻ തന്നോടുകൂടെപ്പോയ്
ഇഷ്ടമായ് നിന്നവന്മന്ദിരത്തിൽ

കല്യാണമായുള്ളതെല്ലാമേ ചെയ്യിച്ചു
മെല്ലവേ പോന്നിങ്ങു വന്നുപിന്നെ

വൃഷ്ണികൾ ചൂഴറ്റു കൃഷ്ണനും താനുമായ്
വൃത്തികളോരോന്നേയാചരിച്ചാൻ 778

—

ശാർങ്ങ്ഗി = കൃഷ്ണൻ. (ശാർങ്ങ്ഗം എന്ന ആയുധം കൈയ്യിലുള്ളവൻ). പൊലിക്കാണം = സ്ത്രീധനം. ചൂഴറ്റ് = ചുററും നിന്ന്.

# മാതൃകാവ്യാഖ്യാനങ്ങൾ

(1) ശൃംഗാരമായൊരു............ചേരും:

ഭാവോചിതമായ രൂപം കൊണ്ടു കവിതയെ സുന്ദരമാക്കുന്നതിൽ അന്യാദൃശവും അഭിനന്ദനീയവുമായ വൈദഗ്ദ്ധ്യം പ്രകടിപ്പിച്ചിട്ടുള്ള ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിലെ സൗഭദ്രികകഥയിൽ ഗദൻ എന്ന യാദവൻ സുഭദ്രയുടെ സൗന്ദര്യം അർജ്ജുനനെ വർണ്ണിച്ചു കേൾപ്പിക്കുന്നതാണ് പ്രകൃതം.

കാമദേവൻ ശൃംഗാരമാകുന്ന സമുദ്രം കടഞ്ഞു സമ്പാദിച്ച അമൃതാണ് അവൾ എന്നു കല്പിച്ചാൽ ഏറെക്കുറെ മതിയാക്കാം. അതിലേറെ വിശിഷ്ടമായിട്ടൊരുപമാനം സങ്കല്പിക്കാനില്ലാത്തതുകൊണ്ടു കവി ഇത്രകൊണ്ടു സമ്മതിക്കുന്നു വെന്നു മാത്രം. ഇവിടെ ശൃംഗാരത്തെ കടലായും സുഭദ്രയെ അതു കടഞ്ഞുകിട്ടുന്ന സത്തായ പീയൂഷമായും രൂപണം ചെയ്തിരിക്കുന്നതിനാൽ അലങ്കാരം രൂപകം. ഉൽപ്രേക്ഷ, രൂപകം, ഉപമ എന്നീ സാദൃശ്യമൂലകാലങ്കാരങ്ങളോടാണ് അലങ്കാരപ്രിയനായ ഈ കവിക്കു കൂടുതൽ പ്രതിപത്തി.

> അവർണ്ണ്യത്തോടു വർണ്ണ്യത്തി-
> ന്നഭേദം ചൊൽക രൂപകം—എന്നു് രൂപകത്തിനു ലക്ഷണം

ലോകത്തിലുള്ള ശൃംഗാരം മുഴുവൻ എടുത്തു കടഞ്ഞാൽ അതിൻെറ സത്തായി കിട്ടുന്ന പീയൂഷംപോലെ നിത്യാനന്ദവും കുളർമയും നല്ലതാക്ക സൗന്ദര്യവും സാരസ്യവും തികഞ്ഞവളാണ് സുഭദ്രയെന്നു വ്യംഗ്യം- ഇവിടെ, 'മെല്ലവേ കൊണ്ടൊരു' എന്ന പ്രയോഗം ഔചിത്യത്തിനു മാററുകൂട്ടുന്നു. ശൃംഗാരസാഗരം നല്ലവണ്ണം അദ്ധ്വാനിച്ചു കടഞ്ഞാൽ വളരെ സാവധാനത്തിൽ മാത്രം ഊറിക്കിട്ടാവുന്ന അമൃതത്തോടുള്ള അഭേദതാ കല്പനകൊണ്ടുപോലും കവി സംതൃപ്തനല്ല—ദ്വിതീയാക്ഷരപ്രാസവും, അനായാസസിദ്ധമായ അനുപ്രാസവും ഇവിടെ പ്രതിപാദ്യത്തിനു താദാത്മ്യം നല്കുന്നതിനു സഹായമായിട്ടുണ്ടു്. മധുരവ്യഞ്ജനപ്രാസമായ 'വൈദർഭി' രീതികൊണ്ടുസാധിച്ച മനോഹാരിത പ്രശംസനീയംതന്നെ.

വൃത്തം-മഞ്ജരി:

ശ്ലഥകാകളി വൃത്തത്തിൽ
രണ്ടാം പാദത്തിലന്ത്യമായ്
രണ്ടക്ഷരം കളഞ്ഞീടി-
ലജ്ജ മഞ്ജരിയായിടും—എന്നു വൃത്തമഞ്ജരി.

മഞ്ജരിയിൽ ഷൺമാത്രഗണങ്ങളേയുള്ളുവെന്നു ശഠിക്കുന്ന ഭാഷാവൃത്തദീപികാകാരൻ,

ഷൺമാത്ര ഗണംനാലാ—
മൊന്നാംപാദത്തിൽ മററതിൽ
മൂന്നിന്നുശേഷം ഗുരുവാൽ
മഞ്ജരീവൃത്തമായിടും.—എന്നു ലക്ഷണം പറഞ്ഞിരിക്കുന്നു.

2. മേനക മുമ്പായ മാനിനിമാരുടെ
മേനിയെ നിർമ്മിപ്പാൻ മാതൃകയായ്
ഭംഗിയിൽ നിർമ്മിച്ച പങ്കജയോനിയി—
മ്മംഗലതന്നുടലെന്നുതോന്നും.

(ആദ്യം പറഞ്ഞതുപോലെ ഒന്നാം ഖണ്ഡികയെഴുതുക).

ഉർവ്വശി, മേനക, രംഭ, തിലോത്തമ മുതലായ അപ്സരസുന്ദരിമാരെ സൃഷ്ടിക്കുന്നതിനായി ബ്രഹ്മാവ് വളരെ ശ്രദ്ധയോടെ ഒരു മാതൃക നിർമ്മിച്ചിട്ടുണ്ടാവാം. സുഭദ്രയുടെ സുന്ദരകളേബരം കണ്ടാൽ ആ മാതൃക അതായിരിക്കുമെന്നേ കരുതാൻ ന്യായമുള്ളു. അപ്സരസുന്ദരികളേക്കാൾ ലാവണ്യവതിയാണ് സുഭദ്ര എന്ന ഭാവം. ഇവിടെ അപ്സരസുന്ദരിമാർക്കു മാതൃകയാകാമെന്നു ബലമായി ശങ്കിക്കുന്നതിനാൽ അലങ്കാരം **ഉൽപ്രേക്ഷ.**

മറെറാന്നിൽ ധർമ്മയോഗത്താ—
ലതുതാനല്ലയോ ഇത്
എന്നു വർണ്ണ്യത്തിലാശങ്ക—
യുൽപ്രേക്ഷാഖ്യയലംകൃതി.

സുന്ദരിമാരെ സങ്കല്പിക്കാൻ മുതിർന്നാൽ കവിക്കു് എത്രതന്നെ അലങ്കാരങ്ങൾ പ്രയോഗിച്ചാലും തൃപ്തി മതിയാകയില്ല. പ്രാചീന കവികളുടെ പാരമ്പര്യത്തിൻെറ പട്ടുനൂലിൽ പിടിയുറപ്പിച്ചുകൊണ്ടു

കവിതയെഴതുന്ന ഈ കവി കേശാദിപാദവും പാദാദികേശവും വൎണ്ണിക്കും. എന്നാൽ അത്തരം വൎണ്ണനകളിൽ മററു പല കവികൾക്കും കേവലം പാണ്ഡിത്യം പ്രകടിപ്പിക്കാനല്ലാതെ അനുഭവവേദ്യതയുണ്ടാക്കാൻ കഴിയാറില്ല. ചെറുശ്ശേരി എത്രതന്നെ അതിശയോക്തി പ്രയോഗിച്ചാലും അംഗപ്രത്യംഗം വൎണ്ണിച്ചാലും അതു് തൻെറ അനുഭവത്തിൻെറ ആവിഷ്കാരമാണെന്നേ അനുവാചകൎക്കു തോന്നുള്ളൂ.

വൃത്തം : മഞ്ജരി- (ലക്ഷണവും ചേൎക്കുക).

3. അഞ്ചമ്പൻ തന്നുടെ............പൂവൽമേനി.

(ഒന്നാം ഖണ്ഡിക ആദ്യത്തെ ഉത്തരത്തിൽ പറഞ്ഞതുതന്നെ)

സുഭദ്രയുടെ അംഗലാവണ്യത്തിനു സാദൃശ്യം ചൂണ്ടിക്കാണിക്കാനായി ഒന്നു രണ്ടു സങ്കല്പങ്ങൾ കവി വിവരിച്ചു. ശൃംഗാരക്കടൽ കടഞ്ഞുകിട്ടിയ പീയൂഷമാണതു്—ഈ രണ്ടു് സങ്കല്പങ്ങളും മതിയാകില്ലെന്നു തോന്നിയതിനാൽ മൂന്നാമതൊരു സങ്കല്പത്തിലേയ്ക്കു കടക്കുന്നു കവി.

പുഷ്പബാണനായ കാമദേവൻെറ വില്ലെടുത്തു കുത്തിപ്പിഴിഞ്ഞു് അതിൽ പൂൎണ്ണചന്ദ്രനെ തൊലിപൊളിച്ചെടുത്തു് അലിയിച്ചു് അതിൽ അരവിന്ദാദി പഞ്ചബാണങ്ങളുടെ സൗരഭ്യവും കൂട്ടി കലത്തി നിൎമ്മിച്ചതാവാം ഈ കന്യകയുടെ പുഷ്പപേലവമായ ശരീരം.

കാമദേവൻെറ കരിമ്പുവില്ലും പുഷ്പബാണങ്ങളും അതേപടി ചേൎത്താൽപോരാ; അവയിലെ സത്തുമാത്രമെടുത്തു ചേൎക്കണം: അതുകൊണ്ടും മതിയായില്ലെന്നു തോന്നീട്ടാണു് ചന്ദ്രനെക്കൂടി ഉപയോഗപ്പെടുത്തുന്നതു്. എന്നാൽ, ചന്ദ്രനെ തൊലിപൊളിച്ചു വെളുപ്പുവരുത്തീട്ടു് അലിയിച്ചെടുക്കണമത്രെ.—ഇവിടെ ശരീരത്തിൻെറ പുഷ്പപേലവമായ പ്രകൃതി, സൗന്ദൎയ്യം, കാന്തി എന്നിവയെല്ലാം വ്യംഗ്യേന സൂചിപ്പിക്കുന്നു. അത്യന്തസ്നിഗ്ദ്ധസുന്ദരമായ സങ്കല്പം—അലങ്കാരം **ഉൽപ്രേക്ഷ.**

(ലക്ഷണമെഴുതുക).

[വൃത്തവും വൃത്തലക്ഷണവും കൂടി വേണം].

4. സാരമായുള്ളൊരു........കാണും നേരം.

[ഒന്നാം ഉത്തരത്തിലെ ആദ്യഖണ്ഡിക ഇവിടേയും ചേൎക്കുക.]

സുഭദ്രയുടെ പൂവൽമേനിയെക്കുറിച്ചുള്ള രണ്ടുമൂന്നു സങ്കല്പങ്ങൾ വിവരിച്ചു ഫലിപ്പിച്ചശേഷം കവി അംഗപ്രത്യംഗവർണ്ണനയ്ക്കു മുതിരുകയാണു്.

ലാവണ്യത്തിൻെറ സാരം മുഴവനുമെടുത്തു് ഒരു പാത്രത്തിലാക്കി അതുകൊണ്ടു് ബ്രഹ്മാവു് വളരെ മനസ്സിരുത്തി ഇവളുടെ മുഖം നിർമ്മിച്ചു. പാത്രത്തിൽ അവശേഷിച്ച ലാവണ്യസാരംകൊണ്ടുണ്ടാക്കിയതു ചന്ദ്രനും അതിനു ശേഷം കൈകഴുകിയ വെള്ളത്തിൽ മുളച്ചതു താമരയുമാണെന്നത്രേ അവളെ കണ്ടിട്ടുള്ളവർ പറയുന്നതു്.

ഇവിടെ ഉൽപ്രേക്ഷയ്ക്കു പുറമെ പ്രതീപം എന്ന അലങ്കാരവും പറയാം. ചന്ദ്രനും താമരയും പ്രസിദ്ധങ്ങളായ ഉപമാനങ്ങളാണു്. അവയുടെ ഉത്കർഷത്തെ വെളിപ്പെടുത്താൻ സുഭദ്രയുടെ ആനനകാന്തിയെ ആശ്രയിക്കുന്നതിനാൽ ഉപമാനോപമേയത്വം മറിച്ചിട്ടിരിക്കുന്നു.

ഉപമാനോപമേയത്വം
മറിച്ചിട്ടാൽ പ്രതീപമാം.

ചന്ദ്രൻെറയും താമരയുടേയും ഭംഗി സുഭദ്രയുടെ ആനനകാന്തിയോടു താരതമ്യപ്പെടുത്തുമ്പോൾ വളരെ നിസ്സാരമാണെന്നു ഭാവം.

[ വൃത്തവും ലക്ഷണവും ചേർക്കുക ]

5. ചോരിവാ കണ്ടത്രേ മൂവന്തിമേഘങ്ങൾ
പാരാതെ പോകുന്നു നേരിടായ്വാൻ.
( ആദ്യഖണ്ഡിക ഇവിടേയും ചേർത്തശേഷം

സുഭദ്രയുടെ ശരീരലാവണ്യവും മുഖകാന്തിയും നയനഭംഗിയും വർണ്ണിച്ചു് അധരശോഭയെപ്പററിപ്പറയുകയാണു് കവി. അവളുടെ ചെഞ്ചുണ്ടുകളോടു കിടപിടിക്കാൻ കഴിയാത്തതുകൊണ്ടല്ലേ സാന്ധ്യമേഘങ്ങൾ ഓടിപ്പോകുന്നതെന്നുതോന്നും. സാന്ധ്യമേഘങ്ങൾ ചലിക്കുന്നതു് സുഭദ്രയുടെ രക്താധരത്തോടു പടപൊരുതാൻ കഴിയാത്ത ദൗർബ്ബല്യത്തെ ഓർത്തിട്ടാണെന്നു ഭാവം അലങ്കാരം **ഉൽപ്രേക്ഷ.**

( ലക്ഷണം ചേർക്കുക; സാമ്യമൂലകാലങ്കാരങ്ങളിൽ കവിക്കുള്ള പ്രതിപത്തിയെപ്പററിയും എഴുതുക. ) ചോരിവാ മൂവന്തി മുതലായ പ്രാചീനപദങ്ങളുടെ ഭംഗി ശ്രദ്ധേയമാണു്.

6. കണ്ണത്തോടേററല്ലോ കംബുക്കളെല്ലാമേ
മണ്ടുന്നു വെള്ളത്തിൽ മുങ്ങിയെന്നും.

(5-ാം ഉത്തരം പോലെതന്നെ രണ്ടു ഖണ്ഡികയെഴുതിയ ശേഷം)

ശംഖുകൾ തലപൊക്കാതെ വെള്ളത്തിൽ ഊളിയിട്ടു നടക്കുന്നതു കണ്ടാൽ സുഭദ്രയുടെ കഴുത്തിനോടു പൊരുതിത്തോററിട്ടാണെന്നു തോന്നും- അലങ്കാരം **ഉൽപ്രേക്ഷ**- (ലക്ഷണമെഴുതി കവിയുടെ അലങ്കാര പ്രതിപത്തിയെപ്പററിയും ഒരു ഖണ്ഡികയെഴുതുക.)

മുകളിൽ കാണിച്ച മാതൃകയിൽത്തന്നെ താഴെ പറയപ്പെടുന്ന വരികളും വ്യാഖ്യാനിക്കുവാൻ ശീലിക്കുക.

7. വാരുററ കൊങ്ക.........മേവിടുന്നു.

മഹാമേരു പർവ്വത്തിനു് സുഭദ്രയുടെ സ്തനങ്ങൾകണ്ടു് ഉൾക്കമ്പം നേരിട്ടതിനാൽ അതിനകത്തു വസിക്കുന്നവർ ഉറക്കമൊഴിച്ചിരിക്കയാണത്രേ.

8. "പൂഞ്ചേല.........ദോഹളം പൂണ്ടൊരു കേദാരംതാൻ."

അരക്കെട്ടു് ആയിരമായിരം കാമദേവന്മാൎക്കു് മുളയ്ക്കാൻ വേണ്ട വളംചേൎത്ത വിളനിലമാണത്രേ.

ഇവിടെ രൂപകാലങ്കാരം ശ്രദ്ധിക്കുക.

9. തിൺതുട.........മറച്ചുനിന്നീടുന്നു താൻ—ഇവിടെ, സുഭദ്ര ഊരു പ്രദേശങ്ങൾ എപ്പോഴും പൂഞ്ചേലകൊണ്ടു മറയ്ക്കുന്നതു ഐരാവതത്തിൻെറ അഴകു മോഷ്ടിച്ചതുകൊണ്ടാണത്രേ.— **ഉൽപ്രേക്ഷ.** —ഇവിടത്തെ ഫലിതവും ശ്രദ്ധേയമാണു്.

10. ചൊന്നൊരുമാനസം.........ചമഞ്ഞുപോയി—

ഇവിടെ രൂപകത്തിൻെറ ഭംഗിയേക്കാളുപരി കവിയുടെ ഫലിതത്തെക്കുറിച്ചു പറയണം. നാഭിയുടെ അഗാധതയും വ്യംഗ്യേന സൂചിപ്പിക്കുന്നു.

11. സന്യാസിയാകിലോ കന്യകയെന്തിനു
മാന്യങ്ങളായുള്ള വസ്തുക്കളും

12. ലീലകൾ കോലുവാൻ കോലങ്ങൾ പൂണ്ടവൻ
മേലിലവ്വണ്ണമേയായിട്ടുമോ—അലങ്കാരം (ദൃഷ്ടാന്തം)

KOTTAYAM PUBLIC LIBRARY KOTTAYAM.

13. കാന്തിപൂണ്ടേററം.........വിളങ്ങും‌പോലെ— (ഉപമ)

14. എല്ലാം സമം......കേൾപ്പില്ലയോ
കാടെന്നും..........യഭേദമല്ലോ } വ്യാഖ്യാനം നോക്കുക.

15. "കാട്ടിൽ കിടക്കുന്ന.........ചിന്തിക്കുന്നു.—'കോട്ടികൾ' എന്ന പഴയ പദം ശ്രദ്ധിക്കുക. കൃഷ്ണൻ നല്കുന്ന താക്കീതും ശ്രദ്ധേയം.

16. "സജ്ജന.........തെങ്ങനെ നാം—കൃഷ്ണൻ വീണ്ടും താക്കീതു നല്കുന്നതു നോക്കുക.

17. "കാമ ക്രോധാദികൾ.......ചൊൽവാനാവൂ"—കൃഷ്ണന്റെ താക്കീതുകളോരോന്നും ബലഭദ്രക്കു സന്യാസിയിൽ മതിപ്പും വിശ്വാസവും വർദ്ധിക്കുന്നതിനേ സഹായകമാവുന്നുള്ളു. അതാണു താനും കൃഷ്ണനും ആവശ്യം.

18. "സജ്ജനവാക്കിനു സത്യതയില്ലെന്നും
ഇജ്ജനം മൂലമായ് വന്നുകൂടി—" (വാക്യാർത്ഥം കൊണ്ടു് ഹേതുവിനെസ്സൂചിപ്പിക്കുന്ന കാവ്യലിംഗം.

19. "നിന്നുടെ കോരക.........സന്യാസി താൻ"—ഇവിടെ അർജ്ജുനനെ സൂര്യനായും സുഭദ്രയെ താമരയായും വിവക്ഷിച്ചിരിക്കുന്നു. (വ്യാഖ്യാനം നോക്കുക.)

20. കന്യക തന്നോടു.........കണ്ടായോ നീ- (പര്യായോക്തം)

21. "ഇങ്ങനെയുള്ളോരു......എന്നുമേ നാം"— ഇതു ഭക്തജനങ്ങൾ ഒരുപക്ഷേ, ആത്മാർത്ഥതയോടെ പറയുന്നതാണെങ്കിലും അർജ്ജുനന്റെ യാഥാർത്ഥ്യവുംകൂടി സൂചിപ്പിക്കുന്നു.

22. "ഉള്ളകം.........ഞായമിതെന്നുവന്നു."— (അർത്ഥാന്തരന്യാസം.

23. ചിത്തം മയങ്ങിനാലെന്നു ഞായം— (അർത്ഥാന്തരന്യാസം)

24. "ഇജ്ജന്മമിങ്ങനെ........ഞാനേശിക്കൊൾവൂ"—
(വ്യാഖ്യാനം നോക്കുക.)

25. മത്തനായ്..... ...മാനസത്തിൽ (ദൃഷ്ടാന്തം)

26. അന്തവുമാദിയും.........ഞായം (അർത്ഥാന്തരന്യാസം)

27. ഉണ്മയെ കേട്ടോ........കോരകമെന്നപോലെ (ഉപമ)

28. പായസം.............പാർത്ഥനപ്പോൾ—(ഉപമ)

29. പാർത്ഥനി.........കുറുക്കൻ—(നിദർശന)

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. MA3 Acc. No. 67281

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 25 Ps. per day will be charged

67281

MA3
CHE-5

ചെറുശ്ശേരി

സന്നഭദ്രിക കം